
PRNSS College Union Magazine 2024-25
മേൽവിലാസം
മട്ടന്നൂർ കോളേജ് പി.ഒ.

# ചാലോട് മർച്ചന്റ്സ് വെൽഫെയർ സഹകരണ സംഘം

ലിമി.നമ്പർ സി. 1882 | ഫോൺ : 0490 2484605

എല്ലാവിധ നിക്ഷേപങ്ങളും സ്വീകരിക്കുകയും എല്ലാവിധ വായ്പകളും വ്യാപാരികളും എ ക്ലാസ് മെമ്പർമാരായിക്കൊണ്ട് ക്ലാസ് 2 സൊസൈറ്റിയായി പ്രവർത്തിച്ചുവരുന്നു.

**ഞങ്ങളുടെ സേവനങ്ങൾ**

- വിവിധതരം ഡിപ്പോസിറ്റുകൾ
- ഹ്രസ്വകാല- കാർഷികേതര വായ്പ
- സ്വർണ്ണപണയ വായ്പ
- ബിസിനസ്സ് വായ്പ
- ഗഹാൻ വായ്പ
- വിവിധതരം നിക്ഷേപങ്ങൾ





സെക്രട്ടറി
പുഷ്പജ സുജേഷ്
9447434834

പ്രസിഡന്റ് :
പി.കെ സന്തോഷ്കുമാർ
9447645692

സൊസൈറ്റിയുടെ കീഴിൽ നൂതന സംരംഭം

**ചാലോട് അഗ്രോഗാഡൻ നഴ്സറി**

മിതമായ നിരക്കിൽ ചെടികളും നടീൽ വസ്തുക്കളും
ഇരിക്കൂർ റോഡ് ചാലോട്


മേൽവിലാസം
മട്ടന്നൂർ കോളേജ് പി.ഒ.
PRNSS College magazine'24-25




# മേൽവിലാസം
# മട്ടന്നൂർ കോളേജ് പി.ഒ.

PRNSS College magazine'24-25

Editorial Board
Dr. R.K. Biju (Chief Editor)
Dr. Sajaneesh V.P (Staff Editor)
Shraavana S. (Student Editor)

Dr. Lekha P.
Dr. Shobha S. Nair
Dr. Anupama M.
Abhinand K.
Abhinand R.

Lay Out
Shobha Magnet
MoB; 8668152652

Cover Art
Ratheesh Kakkad


Printing
Soorya Group

**STRENGTH LIES IN DIFFERENCES, NOT IN SIMILARITIES.**

— *Stephen R. Covey* —



ആധുനിക ലോകത്തെ
സൃഷ്ടിച്ച
മനുഷ്യ മനസികളെ
പാഴ് വസ്തു ആക്കുന്നത്
അസ്പൃഹണീയമാണ്.
വ്യക്തിത്വം
ചോദ്യം ചെയ്യപ്പെടുമ്പോൾ
എങ്കിലും പ്രതികരിക്കേണ്ടത്
അനിവാര്യമല്ലേ?



**ശ്രീ മന്നത്ത് പത്മനാഭൻ**
സ്ഥാപകൻ
നായർ സർവ്വീസ് സൊസൈറ്റി




**ഡോ. ആർ. കെ. ബിജു**
പ്രിൻസിപ്പൽ ഇൻചാർജ്ജ്

## പത്രാധിപസമിതി



**ഡോ. ആർ.കെ. ബിജു**
(ചീഫ് എഡിറ്റർ)



**ഡോ. സജനീഷ് വി.പി**
(സ്റ്റാഫ് എഡിറ്റർ)



**ശ്രാവണ എസ്.**
(സ്റ്റുഡന്റ് എഡിറ്റർ)



**ഡോ. ലേഖ പി.**




**ഡോ. ശോഭ എസ്. നായർ**



**ഡോ. അനുപമ എം.**



**അഭിനന്ദ് ആർ.**



**അഭിനന്ദ് കെ.**

## യൂണിയൻ ഭാരവാഹികൾ



**ഡോ. ദീപ കെ.**
(സ്റ്റാഫ് അഡ്വൈസർ)



**ഡോ. സുമിത നായർ**
(ഫൈൻ ആർട്സ് അഡ്വൈസർ)



**ഡോ. സജനീഷ് വി.പി.**
(സ്റ്റാഫ് എഡിറ്റർ)



**വൈദേഹി ബി.**
(ചെയർപേഴ്സൺ)



**ഫാത്തിമത്തുൽ ഹിസാന മുംതാസ് വി.പി.**
(വൈസ് ചെയർപേഴസൺ)



**സാനിയ പി.**
(ജന. സെക്രട്ടറി)



**ജയനി**
(ജോ. സെക്രട്ടറി)



**ശ്രാവണ. എസ്**
(സ്റ്റുഡന്റ് എഡിറ്റർ)



**അക്ഷര മനോജ്**
(ഫൈൻ ആർട്സ് സെക്രട്ടറി)



**നയനേന്തു കെ.**
(യു.യു.സി.)



**അനന്യ**
(യു.യു.സി.)



**അദ്വൈത് കെ.**
(ജന. ക്യാപ്റ്റൻ)

**ഫാ**സിസത്തിന്റെ കാലടിയൊച്ച ഇടനാഴിയിൽ തെളിഞ്ഞ് കേൾക്കാറായി.

സർഗാത്മകതയെ ഞെരിച്ച് കൊല്ലാൻ ശ്രമങ്ങൾ സജീവമാണ്. സമൂഹ മാധ്യമങ്ങളിൽ ആഗോള തലത്തിൽ സൗഹൃദം സ്ഥാപിക്കുന്നവൻ അരികിൽ ഇരിക്കുന്നവൻ അരപ്പട്ടിണിയിലെന്ന സത്യം അറിയുന്നില്ല.
ക്യാമ്പസ് സർഗാത്മകമാവണം.

കനലെരിഞ്ഞ എണ്ണമറ്റ പോരാട്ടങ്ങളിലൂടെയാണ് നാം ഇന്ന് കാണുന്ന സകല സൗഭാഗ്യങ്ങളുടേയും കുടികിടപ്പുകാരായത്.

ആ പാരമ്പര്യം നിലനിർത്തേണ്ടതുണ്ട്.
അരാഷ്ട്രീയതയുടെ മൂടുപടം വലിച്ചെറിഞ്ഞ്
നിലപാട് തറയിൽ തലയുയർത്തി നിൽക്കാൻ പാകപ്പെടണം.

അതിനായുള്ള ഒരു ശ്രമം ഇവിടെ തുറന്നിടുന്നു

**ശ്രാവണ. എസ്**
(സ്റ്റുഡന്റ് എഡിറ്റർ)



# ഓർമ്മയിൽ ഒരു മട്ടന്നൂർ കാലം


**ജഗദീഷ്**



ഒരു സിനിമ നടൻ എന്ന നിലയ്ക്ക് എനിക്ക് ജനങ്ങളുടെ സ്നേഹവും വാത്സല്യവും ഒരുപാട് ലഭിച്ചിട്ടുണ്ട്. അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്. 40 വർഷത്തെ എന്റെ സിനിമ ജീവിതത്തിൽ പ്രേക്ഷകരുമായി നല്ല രീതിയിലുള്ള ആത്മബന്ധം പുലർത്താൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. എന്റെ തുടക്കം മുതൽ തന്നെ എന്റെ കഥാപാത്രങ്ങളെയും എന്റെ പ്രകടനത്തെയും ഒക്കെ വിലയിരുത്തി അതിലെ പോരായ്മകൾ ചൂണ്ടിക്കാണിച്ച് അതിലെ നല്ല വശങ്ങളെ അഭിനന്ദിച്ച് ഒക്കെതന്നെയാണ് ഞാൻ ഇതുവരെയും എത്തിയിട്ടുള്ളത്. പ്രേക്ഷകരുടെ പിന്തുണ, മാധ്യമ ലോകത്തെ പിന്തുണ, സമൂഹത്തിന്റെ പിന്തുണ, ഇതൊക്കെ വളരെ വലുതാണ്. പക്ഷേ ഈ അംഗീകാരങ്ങളുടെ നിറവിലോ നടുവിലോ നിൽക്കുമ്പോൾ എനിക്ക് സന്തോഷം പകരുന്ന വേറൊരു കാര്യമെന്ന് പറയുന്നത് ഒരു സിനിമ നടൻ എന്ന നിലയിൽ എനിക്ക് ലഭിക്കുന്ന ഈ സ്നേഹവത്സല്യങ്ങൾ അല്ലെങ്കിൽ ബഹുമാനം അതിനേക്കാൾ ഏറെയോ അല്ലെങ്കിൽ അതിനോടൊപ്പം തന്നെ ഞാൻ വിലമതിക്കുന്ന ഒന്നാണ് എന്റെ വിദ്യാർത്ഥികളിൽ നിന്ന് എനിക്ക് ലഭിച്ചിട്ടുള്ള സ്നേഹം. സിനിമ പ്രശസ്തിയും സമ്പത്തും എനിക്ക് നൽകിയിട്ടുണ്ടെങ്കിലും ലോകത്തിന്റെ പല കോണുകളിലും ഞാൻ സ്റ്റേജ് ഷോകളുമായി ബന്ധപ്പെട്ട് പോകുമ്പോൾ അവിടെ ഏതെങ്കിലും ഒരു രാജ്യത്ത് അല്ലെങ്കിൽ തന്നെ ഇന്ത്യയുടെ മറ്റു സംസ്ഥാനങ്ങളിൽ അല്ലെങ്കിൽ കേരളത്തിലെ പല ജില്ലകളിലും ഞാൻ പോകുമ്പോൾ അവിടെ എന്നെ വന്നു കണ്ടുമുട്ടുന്ന ഏതെങ്കിലും ഒരു വിദ്യാർത്ഥി ഞാൻ മട്ടന്നൂർ കോളേജിൽ സാറിന്റെ വിദ്യാർത്ഥിയായിരുന്നു എന്ന് പറയുമ്പോൾ അല്ലെങ്കിൽ തിരുവനന്തപുരത്ത് എംജി കോളേജിലെ വിദ്യാർത്ഥിയായിരുന്നു എന്നു പറയുമ്പോഴോ നിലമേൽ കോളേജിലെ വിദ്യാർത്ഥിയായിരുന്നു എന്ന് പറയുമ്പോഴോ എനിക്ക് കിട്ടുന്ന സന്തോഷം വളരെ വലുതാണ്. ഒരു അധ്യാപകനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ കാര്യം എന്ന് പറയുന്നത് താൻ പഠിപ്പിച്ച ഒരു വിദ്യാർത്ഥിയുടെ

വിജയമാണ്. വിജയം എന്നത് കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് അക്കാദമിക വിജയം മാത്രമല്ല. ഒരു ഡിഗ്രി അല്ലെങ്കിൽ പിജി അതൊക്കെ നേടി ഉയർന്ന മാർക്കോട് കൂടി വിജയിച്ചു എന്നറിയുമ്പോൾ കിട്ടുന്ന സന്തോഷത്തിനോടൊപ്പം തന്നെ അവർ ജീവിതത്തിലും വിജയിച്ചു എന്നറിയുമ്പോൾ നമുക്ക് ആ സന്തോഷം ഇരട്ടിക്കുകയാണ് ചെയ്യുക. കാരണം ഔപചാരികമായ വിദ്യാഭ്യാസത്തിൽ അവരുടെ വിജയം അവർ മനസ്സിൽ സൂക്ഷിക്കുമ്പോഴും ജീവിതത്തിൽ വിജയം കൈവരിക്കുക എന്നത് വേറെ ഒന്നാണ്. അതിന് ഈ അധ്യാപക വിദ്യാർത്ഥി ബന്ധം വളരെ സഹായിക്കും എന്നതിൽ സംശയമില്ല മട്ടന്നൂർ കോളേജിൽ ഞാൻ പഠിപ്പിച്ചിരുന്നപ്പോൾ വിദ്യാർത്ഥികളുമായിട്ട് ഉണ്ടായിരുന്ന ബന്ധം അത്തരത്തിൽ ഒന്നാണ്.

കാനറാ ബാങ്കിലെ ജോലി ഉപേക്ഷിച്ചിട്ടാണ് ഞാൻ അധ്യാപനത്തിലേക്ക് തിരിഞ്ഞത്. ബാങ്കിലെ ജോലി എനിക്ക് ഒട്ടും അപ്രിയമല്ലായിരുന്നു. എന്നാൽ അധ്യാപനത്തോട് കൂടുതൽ പ്രതിബദ്ധതയുണ്ടായിരുന്നു. പി.ആർ. എൻ.എസ്.എസ്. കോളേജ് മട്ടന്നുരിലായിരുന്നു എന്റെ ആദ്യത്തെ പോസ്റ്റിംഗ്. എന്റെ ജീവിതത്തിലെ ഏറ്റവും മറക്കാനാവാത്ത സ്മരണകൾ സമ്മാനിച്ച ഒരു കലാലയമാണ് പി.ആർ. എൻ.എസ്.എസ്. കോളേജ് മട്ടന്നൂർ. കോളേജിൽ അന്നുണ്ടായിരുന്ന പ്രത്യേകത എന്തെന്നാൽ അന്ന് അധ്യാപകരും വിദ്യാർത്ഥികളും ഒരു ഹോസ്റ്റലിലാണ് താമസിച്ചിരുന്നത്. ഹോസ്റ്റലിൻറെ പകുതി ഭാഗം വിദ്യാർത്ഥികൾക്കും പകുതി ഭാഗം അധ്യാപകർക്കും. ഞാൻ ജോലി ചെയ്ത സമയത്ത് അവിവാഹിതനായിരുന്നു. അതുകൊണ്ട് കൂടെയുള്ള അധ്യാപകർ വെള്ളിയാഴ്ചദിവസങ്ങളിൽ അവരവരുടെ വീടുകളിൽ പോകുമ്പോഴും, ശനിയും ഞായറും ഹോസ്റ്റലിൽ തന്നെ തങ്ങാനായിരുന്നു എൻറെ താല്പര്യം. ഹോസ്റ്റലിൽ ആ ദിവസങ്ങളിൽ വിദ്യാർത്ഥികളോടൊപ്പം ചെറിയ തോതിൽ പാട്ടു പാടാനും കലാപരിപാടികൾ നടത്താനും ഒക്കെ ഞാനന്ന് ശ്രമിച്ചിട്ടുണ്ട്. ഞാൻ അധ്യാപകനായി കോളേജിൽ വരുമ്പോൾ എൻറെ വിദ്യാർത്ഥി ജീവിതം കഴിഞ്ഞ് അധിക കാലമായിരുന്നില്ല. അതുകൊണ്ടു തന്നെ അധ്യാപനത്തോടൊപ്പം ഒരു വിദ്യാർഥിയുടെ മനസുകൂടി എനിക്ക് മട്ടന്നൂർ കോളേജിൽ ഉണ്ടായിരുന്നു. കോളേജിൻറെ ചരിത്രത്തിൽ ഒരു പക്ഷേ ആദ്യമായിട്ടായിരിക്കാം, കോളേജ് ഡേയോട് അനുബന്ധിച്ചുള്ള പരിപാടിയിൽ മിമിക്രിയും മോണോ ആക്റ്റും ഒരു അധ്യാപകൻ അവതരിപ്പിക്കുന്നത്. അതിനോട് യോജിപ്പുള്ള അധ്യാപകരും ഉണ്ടായിരുന്നു. എന്നാൽ അതിനോട് വിയോജിപ്പുള്ള അധ്യാപകരും ഉണ്ടായിരുന്നു. ഒരു അധ്യാപകനായാൽ കുറച്ചൊക്കെ മിതത്വവും അച്ചടക്കവും ഒക്കെ വേണമെന്ന് ചില അധ്യാപകർ പറഞ്ഞിട്ടുണ്ട്. രണ്ട് പേരുടെ അഭിപ്രായത്തോടും എനിക്ക് വിയോജിപ്പില്ല. ചെറുപ്പം ആയിരുന്നതിനാൽ വിദ്യാർത്ഥികളുടെ മനസ് വായിച്ചെടുക്കാൻ എനിക്ക് പ്രത്യേകം കഴിയുമായിരുന്നു. ഒരു തരക്കേടില്ലാത്ത അധ്യാപകൻ എന്ന പേര്



എനിക്കവിടെ ഉണ്ടായിരുന്നു. കാരണം അധ്യാപനത്തിൻറെ പാരമ്പര്യം ഉണ്ടായിരുന്നതുകൊണ്ട് വിഷയങ്ങൾ നന്നായിട്ട് പഠിപ്പിക്കുക, അറിയാത്ത കാര്യം റഫർ ചെയ്തിട്ട് പിറ്റേ ദിവസം പറയാം എന്നല്ലാതെ, അറിയാത്ത കാര്യങ്ങൾ എന്തെങ്കിലും മണ്ടത്തരങ്ങൾ പഠിപ്പിച്ചുകൊടുക്കുന്നത് ശരിയല്ല എന്ന പക്ഷകാരനായിരുന്നു ഞാൻ. അതുകൊണ്ടു തന്നെ ഒരു അധ്യാപകനെന്ന നിലയിൽ എൻറെ ഒരു ഒന്നര വർഷക്കാലം എനിക്ക് മറക്കാൻ കഴിയില്ല. ഒരുപാട് നല്ല അധ്യാപകരുടെ സ്നേഹവാത്സല്യങ്ങൾ എനിക്ക് ലഭിച്ചിട്ടുണ്ട്. അവരുടെ ഒരു അനിയനായിട്ടാണ് അദ്ധ്യാപകരിൽ പലരും എന്നെ കണ്ടിട്ടുള്ളത്. ഒട്ടുമിക്ക എല്ലാ ശനി, ഞായർ ദിവസങ്ങളിലും ഞാൻ മട്ടന്നൂർ സഹിനാസ് തിയേറ്ററിൽ പോയി സിനിമ കാണുമായിരുന്നു. ചില ഞായറാഴ്ചകളിൽ ഞാൻ രാവിലെ കണ്ണൂരിൽ പോയി സിനിമ കണ്ടിട്ടുമുണ്ട്. കണ്ണൂരിൽ സിനിമ കാണാൻ പോയ ഒരു നല്ല ഓർമ്മ എൻറെ മനസ്സിൽ ഉള്ളത് എന്തെന്ന് വെച്ചാൽ ഒരു വെള്ളിയാഴ്ച്ച ദിവസം വൈകുന്നേരം ഞാനെൻറെ കൂടെയുള്ള അധ്യാപക സുഹൃത്തുക്കളെയും വിളിച്ച് സിനിമ കാണാൻ പോയി. സിനിമയുടെ പേര് ഞാൻ ഓർക്കുന്നില്ല. അത് റിലീസ് ആകുന്ന ദിവസം തന്നെ കാണണമെന്നെനിക്കൊരു താല്പര്യവുമുണ്ടായിരുന്നു. അങ്ങനെ ഞങ്ങൾ സിനിമ കാണാൻ പോയി. അന്നത്തെ പ്രശ്നമെന്തെന്നു വെച്ചാൽ ഒൻപതുമണിക്കുശേഷം മട്ടന്നൂർ ഭാഗത്തേക്ക് ബസ്സില്ല. അങ്ങനെ സിനിമ കണ്ടുകൊണ്ടിരിക്കെ ഒരു 8.50 ഒക്കെ ആയപ്പോൾ കൂടെയുള്ള അധ്യാപകർ എന്നെ വിളിച്ച് നമുക്ക് പോകാം സിനിമയുടെ ക്ലൈമാക്സ് ആരോടെങ്കിലും ചോദിച്ച് മനസ്സിലാക്കാം എന്ന് പറഞ്ഞു. പക്ഷെ ഞാൻ സമ്മതിച്ചില്ല. ക്ലൈമാക്സ് കൂടി കണ്ടിട്ടേ ഞാൻ വരൂ എന്ന് പറഞ്ഞു. അങ്ങനെ ഞാൻ സിനിമ മുഴുവനും കണ്ടു. അവരും എൻറെ കൂടെ ഇരുന്നു സിനിമ കാണാൻ നിർബന്ധിതരായി. പുറത്തിറങ്ങി ബസ്സ്റ്റാൻഡിൽ വന്നു നോക്കിയപ്പോഴാണ് അതിൻറെ ഗൗരവം മനസിലായത്. മട്ടന്നൂർ ഭാഗത്തേക്ക് ഒറ്റ ബസ്സില്ല. അവർ അല്പം ക്ഷോഭത്തോടെ തന്നെ എന്നെ നോക്കി. ഞാൻ സമാധാനത്തോടെ ഇരിക്കാൻ ആംഗ്യം കാണിച്ചു. ഞങ്ങൾ മട്ടന്നൂർ ഭാഗത്തേക്ക് പോകേണ്ട റോഡിൽ നിന്ന് വരുന്ന ഓരോ ലോറിക്കും കൈ കാണിച്ച് കൈ കാണിച്ച് ഞാനവിടെ കോൺക്രീറ്റിനു വേണ്ടി ഇട്ടിരുന്ന കരിങ്കല്ലുകളിൽ അൽപ നേരം കയറി ഇരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ഞാൻ ഉറങ്ങിപ്പോയി. ആ ചെറിയ കരിങ്കൽ കൂട്ടത്തിൽ കിടന്നുറങ്ങിയ എനിക്ക് ജീവിതത്തിൽ ഏത് പ്രതിസന്ധിയും നേരിടാൻ സാധിക്കുമെന്ന് പറഞ്ഞ് അന്ന് അധ്യാപകർ കളിയാക്കി. ഞങ്ങളൊരു കാപ്പിയൊക്കെ കുടിച്ച് ഇരിക്കെ വന്ന ലോറിക്ക് കൈനീട്ടി. അങ്ങനെ അത് നിർത്തി അതിൽ കയറി ഞങ്ങളെല്ലാവരും മട്ടന്നൂരിൽ വന്നു. അതിനു ശേഷം അധ്യാപകർ, ഇനിമേലാൽ ഫസ്റ്റ് ഷോ കാണാൻ ഞങ്ങളെ വിളിക്കരുതെന്ന് പറഞ്ഞിട്ടുണ്ട്. അന്ന് സിനിമയോടുള്ള എൻറെ ഇഷ്ടമെന്ന് പറയുന്നത് അത്രത്തോളമുണ്ട്. അന്ന് മുതലേ കൂടെ ബാങ്കിൽ ജോലി ചെയ്തിരുന്നവരും, അധ്യാപകരും ഒക്കെപറഞ്ഞിരുന്നു ഇന്നല്ലെങ്കിൽ നാളെ ഞാൻ സിനിമയിൽ വരും എന്നത്. കാരണം എനിക്ക് നാടകമായിട്ടൊക്കെ ബന്ധമുണ്ടായിരുന്നു. വയലാർ വാസുദേവൻ സാറിൻറെ നാടക സമിതിയിലൊക്കെ ഞാൻ ഉണ്ട്. വയലാർ വാസുദേവൻ പിള്ള സാർ സ്കൂൾ ഓഫ് ഡ്രാമയുടെ ഡയരക്ടർ ആകുന്നതിനുള്ള മുൻപുള്ള 'സുവർണ്ണ രേഖ' എന്നുള്ള നാടകസമിതിയിൽ ഞാൻ സെക്രട്ടറിയും അദ്ദേഹം പ്രസിഡണ്ടും ആയിരുന്നു. അതുകൊണ്ട് നാടകത്തിലഭിനയിച്ച പരിചയമുണ്ട്. അതോക്കെയറിഞ്ഞ അധ്യാപകരും വിദ്യാർത്ഥികളുമൊക്കെ പറഞ്ഞിരുന്നു ഇന്നല്ലെങ്കിൽ നാളെ ഞാൻ സിനിമയിൽ വരുമെന്നത്.

അധ്യാപക വിദ്യാർത്ഥി ബന്ധത്തിന് ഞാൻ വളരെ പ്രാധാന്യം കൊടുത്തിട്ടുണ്ട്.കാരണം എന്റെ

ജീവിതത്തിൽ അത് ചെലുത്തിയിട്ടുള്ള സ്വാധീനം വളരെ വലുതാണ്.വിദ്യാർത്ഥികളുടെ സ്നേഹവും വിദ്യാർഥികളെ കുറിച്ച് കൂടുതൽ അറിയാൻ ഞാൻ ശ്രമിച്ചത് ഒക്കെ തന്നെ ഇന്ന് എന്റെ ഒരു നല്ല ഓർമ്മയായി ഞാൻ മനസ്സിൽ സൂക്ഷിക്കുന്നു. ഒരു വിദ്യാർത്ഥി സിലബസിലുള്ള വിദ്യാഭ്യാസത്തിനപ്പുറം ജീവിതത്തിലും വിജയം കൈവരിക്കുക. എന്ന് പറയുമ്പോൾ അവന്റെ സ്വഭാവരൂപീകരണത്തിൽ അവൻ നോക്കിക്കാണുന്ന രീതി കുടുംബാംഗങ്ങളോടുള്ള അവൻ കാണിക്കുന്ന സ്നേഹം, അച്ഛനമ്മമാരോട് അവൻ കാണിക്കുന്ന സ്നേഹം, ബഹുമാനം, ആദരവ് ഇതിനൊക്കെ തന്നെ ഒരു പശ്ചാത്തലം ഒരുങ്ങുന്നത് കോളേജുകളിലാണെന്ന് ഞാൻ വിശ്വസിക്കുന്നു.അത്തരത്തിലുള്ള ഒരു മാതൃകയായി അധ്യാപകർ മാറുമ്പോൾ വിദ്യാർഥികളിൽ രൂഢമൂലമായ ചില വിശ്വാസപ്രമാണങ്ങൾ, നന്മയെക്കുറിച്ചുള്ള ചില സന്ദേശങ്ങളും കാര്യങ്ങളും ഒക്കെ തന്നെ അവരുടെ മനസ്സിൽ ഉണ്ടാകും. അത് അവരുടെ ജീവിതത്തിൽ വിജയമായി മാറ്റാൻ സഹായിക്കും എന്നുള്ള കാര്യത്തിൽ സംശയമില്ല. അത്തരത്തിലുള്ള അധ്യാപക വിദ്യാർത്ഥി ബന്ധത്തിന്റെ ഏറ്റവും നല്ല ഉദാഹരണമായി എനിക്ക് എന്റെയും എന്റെ വിദ്യാർത്ഥികളുടെയും ബന്ധത്തെ ചൂണ്ടിക്കാട്ടാൻ കഴിയും. ഇതേപോലെ ഇന്നത്തെ ക്യാമ്പസുകളിലും അധ്യാപകരും വിദ്യാർത്ഥികളും പരസ്പരം മനസ്സിലാക്കാൻ ശ്രമിച്ചാൽ പല പ്രശ്നങ്ങളും ഒഴിവാക്കാൻ കഴിയും എന്നാണ് എന്റെ പക്ഷം. അതുപോലെതന്നെ വീട്ടിലെ പ്രശ്നങ്ങൾ അധ്യാപകരുമായിട്ട് സംസാരിക്കാൻ കഴിഞ്ഞാൽ പല പ്രശ്നങ്ങളും മറികടക്കാൻ അത് സഹായിക്കും. അതു പോലെതന്നെ സമൂഹത്തോടുള്ള അവരുടെ കാഴ്ചപ്പാടുകളും മാറും. അന്തർമുഖർ ആയിട്ടുള്ളവർക്ക് തന്നെ അതിൽ നിന്നും മോചനം നേടാനും കഴിയും. ഇന്നത്തെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ആ രീതിയിലുള്ള ഒരു ആത്മബന്ധം സ്ഥാപിച്ചെടുക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

# ഓർമ്മകൾ

**അദ്വൈത് സി.**
**രണ്ടാം വർഷം ഹിസ്റ്ററി**

ഓർമ്മകൾ
ഓർമ്മകൾ ...
മറക്കുവാൻ ശ്രമിക്കും തോറും
നിൻ ചെറുപുഞ്ചിരികൾ
തീ ജ്വാല പോലെ
എന്നിൽ കത്തിയൊടുങ്ങുന്നു.
എന്നിലെ അവളുടെ ആയുസ്സ്
അവസാനിച്ചു കൊണ്ടിരിക്കുന്നു.
അവളും അവളിലെ ഗന്ധവും
ഇന്നെന്നിൽ നിന്ന്
അകന്നുകൊണ്ടിരിക്കുന്നു.
ഓരോ ദിനങ്ങളും
നാളത്തെ ഉദയത്തിനു വേണ്ടി
വിട പറയുന്നെന്ന പോലെ
അവളും
അവളാകുന്ന എന്നിലെ ഗന്ധവും
വിദൂരത്തിന്റെ ആഴങ്ങളിൽ
മിന്നി മറയുന്നു.



# അന്ന് മുതൽ 'ഗം' വഴി

നിഷാന്ത് മാവില വീട്ടിൽ
(അസിസ്റ്റന്റ് ന്യൂസ് എഡിറ്റർ
ഏഷ്യനെറ്റ് ന്യൂസ്)



ഇരുപത്തിയൊന്നാം നൂറ്റാണ്ടിനന്ന് പ്രായം നാല് വയസ്സാണ്. അമേരിക്കക്കാരനായ മാർക്ക് സക്കർബർഗ് ഫേസ്ബുക്കിനെ പെറ്റിട്ടേയുള്ളൂ. അക്കൊല്ലമാണ് ആദ്യമായി കടലുകാണുന്ന കുട്ടിയുടെ കൗതുകത്തോടെ ക്യാംപസ് ജീവിതത്തിന്റെ തീരത്തെത്തുന്നത്,കൺമുന്നിലുള്ളത് ഒരു കടലായിരുന്നുവെങ്കിലും, അറ്റമില്ലാത്ത ആ കടൽ എത്ര പെട്ടെന്നായിരുന്നു കടന്ന് തീർന്നത്.

ഇഷ്ടമുള്ള ചില യാത്രകളില്ലേ,ദൂരമേറെയുണ്ടാകും പക്ഷെ ഇറങ്ങുമ്പോൾ നമ്മൾ കയറിയതിന് അടുത്ത സ്റ്റോപ്പാണെന്ന് തോന്നുന്ന ചിലത്,എത്തിയിരുന്നില്ലെങ്കിൽ എന്ന് തോന്നുന്നത് അതുപോലെയായിരുന്നു ആ ക്യാംപസ് കാലം. എത്തരുതെന്ന് ആഗ്രഹിച്ചിട്ടും പെട്ടെന്ന് എത്തി സിംഗിൾ ബെല്ലടിച്ചു .യാത്ര മുന്നിലോട്ട് കുതിക്കുമ്പോൾ പിന്നിട്ടുപോയതെല്ലാം ഒരു മങ്ങലായും വരയായുമൊക്കെയെ ഓർമ്മയുണ്ടാകൂ,പക്ഷെ അക്കാലത്തേതൊക്കെയും റിവൈൻഡ് അടിച്ച് കാണാൻ പറ്റുന്ന വിധം തെളിമയോടെ മനസ്സിൽ പതിഞ്ഞിട്ടുണ്ട്. വരാന്തകളിലൂടെ നടന്നു നീങ്ങുന്ന പ്രണയങ്ങൾ അതേ വരാന്തകളിൽവെച്ചുള്ള വിരഹങ്ങൾ, ഏറ്റുവിളിച്ച മുദ്രാവാക്യങ്ങൾ, പടവുകളിലിരുന്ന് പങ്കിട്ട സൗഹൃദങ്ങൾ,ക്യാന്റീലിരുന്ന് പങ്കിട്ട രുചികൾ, പലവട്ടം കൺവെട്ടംവഴി കടന്നുപോയിട്ടും ഒന്ന് തൊട്ട് നോക്കാതെ പോയ ലൈബ്രറിയിലെ ചില പുസ്തകങ്ങൾ,ഒസ്യത്തിൽ എന്റേതും നിന്റേതുമല്ലാതിരുന്ന ഞങ്ങളുടെതായിരുന്ന കുപ്പായങ്ങൾ,

ആ ഓർമ്മകളെല്ലാം ഉപ്പിലിട്ടുവെച്ചിട്ടുണ്ട് കാരണം അതൊരു അതിശയകാലമായിരുന്നു. ഞങ്ങളെ ചെത്തിമിനുക്കി രൂപപ്പെടുത്തിയ കാലമായിരുന്നു.

ക്യാംപസ് കാലത്തേക്കുള്ള ബസ്സിൽ കയറിയിട്ട് രണ്ട് പതിറ്റാണ്ട് പിന്നിട്ടിരിക്കുന്നു, അന്ന് കയറിയവരെല്ലാം ഓരോ സ്റ്റോപ്പിൽ ഇറങ്ങി അവരവരുടെതായ വഴികളിലൂടെ സഞ്ചരിക്കുന്നു,ചിലർ യാത്രയ്ക്കിടേ എങ്ങോ മറഞ്ഞു. കടന്നുവന്ന യാത്രയുടെ ദൂരത്തിന് രണ്ട്




പതിറ്റാണ്ടിന്റെ അകലമാവുകയാണ്. കലണ്ടർ വെറുതെ മറിച്ചുനോക്കി,അപ്പോഴാണറിയുന്നത് ഇതൊക്കെയും സംഭവിച്ച കാലം കൂടിയായിരുന്നല്ലോ അക്കാലമെന്ന്..!

2004-2005ലെ ഒന്നാംവർഷം

മായ്ച്ചാൽ മായാത്ത ഒരു അതിരും ഭാഷയ്ക്കും ഭാഷാഭേദത്തിനുമില്ലെന്ന് മലയാളിക്ക് പരിചയപ്പെടുത്തിയ നേതാവാണ് ഇ.കെ.നായനാർ. കേരളത്തിന്റെ മുൻ മുഖ്യമന്ത്രി 'താങ്ക്യൂ ആൾ' എന്ന് പറഞ്ഞു ലിഫ്റ്റിന്റെ വാതിലടഞ്ഞു ലിഫ്റ്റ് മുകളിലേക്കുയർന്നു. ഡൽഹി എയിംസിൽ നിന്ന് പിന്നീട് പുറത്തുവന്നത് നായനാരുടെ മരണവാർത്തയായിരുന്നു. നായനാരുടെ മൃതദേഹവും വഹിച്ചുകൊണ്ടുള്ള തിരുവനന്തപുരം മുതൽ കണ്ണൂർ പയ്യാമ്പലത്തെ പൊതുശ്മശാനം വരെയുള്ള കണ്ണീരിലും, സഖാക്കളുടെ മുദ്രാവാക്യം വിളികൾക്കുമിടയിലൂടെയുള്ള ആ വിലാപയാത്ര അന്ന് വെറും ഒരു വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന ഇന്ത്യാവിഷൻ എന്ന മലയാളത്തിലെ ആദ്യത്തെ വാർത്താചാനലിലൂടെ കണ്ടത് ഓർമ്മയുണ്ട്. പക്ഷെ ആരുടെയും വാട്സ് ആപ്പ് സ്റ്റാറ്റസുകളിൽ നായനാരുടെ ചിത്രമോ വിലാപയാത്രയുടെ ചിത്രമോ പയ്യാമ്പലം ശ്മശാനത്തിലേക്ക് മൃതദേഹം ചുമന്നുകൊണ്ട് മുന്നിൽ നടക്കുന്ന ഇന്നത്തെ മുഖ്യമന്ത്രി പിണറായി വിജയന്റെ ചിത്രമോ ഉണ്ടായിരുന്നില്ല. കാരണം വാട്സ് ആപ്പ് പിറക്കുന്നത് ആ മരണവും നടന്ന് അഞ്ച് വർഷത്തിന് ശേഷമാണ്. ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒരു സീറ്റിലൊഴികെ എല്ലായിടത്തും യുഡിഎഫ് പരാജയപ്പെടുന്നതും തുടർന്ന് ദില്ലിയിൽ നിന്ന് മടങ്ങിയെത്തിയ മുഖ്യമന്ത്രി എകെ.ആന്റണി അപ്രതീക്ഷിതമായി രാജിപ്രഖ്യാപിക്കുന്നതും,ഉമ്മൻചാണ്ടി മുഖ്യമന്ത്രിയാകുന്നതും അക്കൊല്ലമാണ്. ഇന്ത്യയുടെ ആദ്യത്തെ സിക്ക് പ്രധാനമന്ത്രിയായി മൻമോഹൻ സിങ് ചുമതലയേറ്റതും,അക്കൊല്ലം



തന്നെയാണ്.വാർത്തകളിലൂടെ മാത്രം അറിഞ്ഞിട്ടുള്ള വീരപ്പൻ വെടിയേറ്റു മരിച്ചതും ഇക്കൊല്ലമായിരുന്നു. ലോകത്തെ മാറ്റിമറിച്ച മറ്റൊരു ലോകം പിറവിയെടുത്തതും അക്കൊല്ലമാണ്. മാർക്ക് സക്കർ ബർഗ് ഫേസ് ബുക്കിന് ജന്മം നൽകി. അങ്ങനെ ചെറുതും വലുതുമായ സന്തോഷിപ്പിക്കുന്നതും, വേദന നിറഞ്ഞതുമായ കലണ്ടർ മറഞ്ഞു തീരാൻ നാല് ദിവസം ബാക്കി നിൽക്കെയാണ് ഇന്ന് കേൾക്കുമ്പോൾ പോലും പേടി തോന്നുന്ന സുനാമി ഡിസംബർ 26 ന് ആഞ്ഞടിക്കുന്നത്. ലോകത്തിന്റെ പലയിടത്തായി കടലെടുത്ത മനുഷ്യരുടെ കണക്കിപ്പോഴും അജ്ഞാതമാണെങ്കിലും ഏകദേശം 3 ലക്ഷമെന്ന് പറയപ്പെടുന്നു. കടൽ രാക്ഷസരൂപം പ്രാപിച്ച ആ ദിവസം കേരളത്തിൽ കടലെടുത്തത് 177 പേരുടെ ജീവൻ. ആ ദിവസത്തെ എക്കാലവും അടയാളപ്പെടുത്തുന്ന ഒരു നോവിന്റെ അടയാളം ഇപ്പോഴും മനസ്സിലുണ്ട്. ഒരു വലിയ കുഴിയിൽ വെള്ളപുതപ്പിച്ച മൃതദേഹങ്ങൾ ഒന്നിച്ച് സംസ്കരിക്കുന്നു. ആ കുഴിക്ക് ചുറ്റും കരഞ്ഞു നിലവിളിക്കുന്ന മനുഷ്യർ,കരഞ്ഞ് തളർന്ന മനുഷ്യർ,നിസ്സഹായതയോടെ ആ കുഴിയിലേക്ക് നോക്കുന്ന മനുഷ്യർ,ഹൃദയം മുറിഞ്ഞുപോകുന്നതായിരുന്നു ആ കാഴ്ച.അത് കുളച്ചിൽ എന്ന പ്രദേശമായിരുന്നുവെന്നും സുനാമി ദുരന്തത്തിൽ മരിച്ച 178 പേരുടെ മൃതദേഹങ്ങൾ ഒന്നിച്ചാണ് അടക്കം ചെയ്തതെന്നും കാണിക്കമാതാ സെമിത്തേരിയിൽ നിന്നുള്ളതായിരുന്നു ആ ദൃശ്യമെന്നുമൊക്കെ പിന്നീടാണ് അറിഞ്ഞത്. അന്ന് ഏഷ്യാനെറ്റ് ന്യൂസിൽ ആ സംഭവം റിപ്പോർട്ട് ചെയ്തയാളുടെ പേരും ഓർമ്മയിലുണ്ട് സിന്ധു സൂര്യകുമാർ. ഇന്ന് ഞാനിത് എഴുതുന്ന നേരത്ത് അവർ എന്റെ എക്സിക്യൂട്ടീവ് എഡിറ്ററാണ്..കാലമേ നന്ദി..!

2005-2006ലെ രണ്ടാം വർഷം

ഇത് കർമ്മപരമ്പരകളുടെ സ്നേഹിരഹിതമായ കഥയാണ് ഇതിൽ അകൽച്ചയും ദുഖവും മാത്രമേയുള്ളൂവെന്ന് എഴുതിവെച്ച ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസ നോവലായ ഖസാക്കിന്റെ ഇതിഹാസം രചിച്ച ഒ.വി.വിജയന്റെ മരണം 2005ലായിരുന്നു,അന്ന് പക്ഷെ ഒരു വിജയൻ മരിച്ചുവെന്ന ബോധം മാത്രമേയുള്ളൂ പോകെപ്പോകെ ധർമ്മപുരാണം വായിച്ച് അത്ഭുതപ്പെട്ടപ്പോഴാണ് വിജയന്റെ എഴുത്തിന്റെ ആഴത്തെക്കുറിച്ചും സർഗാത്മകതയുടെ വലിപ്പത്തെക്കുറിച്ചും ബോധം വന്നത്. ഇനിയൊരു വിജയനുണ്ടാകുമോ? മലയാളിയായ ഇന്ത്യൻ രാഷ്ട്രപതി ആരാണെന്ന ചോദ്യവും കെ.ആർനാരായണൻ എന്ന ഉത്തരവും കോളേജിലേക്ക് വരുന്നതിന് മുമ്പേ അറിഞ്ഞിട്ടുണ്ട്.കെ.ആർ. നാരായണൻ വിടപറഞ്ഞ കൊല്ലമായിരുന്നു അത്. അതിർത്തി മാറ്റിയപ്പോൾ ഇല്ലാതായ പഴയ കേരളത്തിലെ ഒറ്റപ്പാലം ലോക്സഭാ മണ്ഡലത്തിൽ നിന്നുള്ള കോൺഗ്രസിന്റെ പാർലമെന്റംഗം കൂടിയായിരുന്നു കെ.ആർ.നാരായണൻ. 1984 മുതൽ 1991വരെ ഒറ്റപ്പാലത്തു നിന്നും ആർക്കും അദ്ദേഹത്തെ തോൽപ്പിക്കാനായില്ല,എ

ന്നാൽ അദ്ദേഹം രാജിവെച്ച് ഒഴിഞ്ഞുണ്ടായ തെരഞ്ഞെടുപ്പിൽ ആ സീറ്റ് കോൺഗ്രസിന് നഷ്ടപ്പെടുകയും ചെയ്തു. കോൺഗ്രസുകാർക്ക് ലീഡറും,രാഷ്ട്രീയമെഴുത്തുകാർക്ക് രാഷ്ട്രീയ ഭീഷ്മാചാര്യരുമായിരുന്ന കെ.കരുണാകരൻ ഇന്ദിരാ കോൺഗ്രസ് എന്ന പാർട്ടിയെ പെറ്റതും ഇക്കാലത്തായിരുന്നു. കാലം കടന്നുപോയപ്പോൾ ലീഡറും മകൻ കെ.മുരളീധരനും തിരിച്ച് കോൺഗ്രസിലെത്തി, ഇന്ദിരാകോൺഗ്രസ് ചരിത്രമായി. അതുവരെ റാങ്കും മാർക്കുമൊക്കെയായിരുന്ന എസ്എസ്എൽസിക്ക് ഗ്രേഡ് സിസ്റ്റം നടപ്പിലാക്കിയതും, എറണാകുളം ജില്ലയിലെ മഞ്ഞുമ്മൽ എന്ന സ്ഥലത്തുനിന്നും ഊട്ടിയിലെ ഗുണകേവ് കാണാൻ പോയ ചെറുപ്പക്കാരിൽ ഒരാൾഗുഹയിൽ വീണുപോകുന്നതും, അത് രക്ഷിക്കാൻ കൂട്ടുകാരൻഗുഹയിലേക്കിറങ്ങുന്നതും ഇക്കൊല്ലമായിരുന്നു (മഞ്ഞുമ്മൽ ബോയ്സ് എന്ന സിനിമയ്ക്ക് ആധാരമായ സംഭവം ഇതായിരുന്നു) ഈ സംഭവങ്ങൾക്കെല്ലാം ഇരുപത് വയസ്സായെന്ന് ഓർക്കുമ്പോൾ കലണ്ടർ മറഞ്ഞു തീരുന്ന വേഗതയെക്കുറിച്ചാണ് ആലോചിക്കുന്നത്.

2006-2007ലെ മൂന്നാം വർഷം

2022 ഡിസംബർ 18


സമയം അർദ്ധരാത്രി പന്ത്രണ്ട് മണിയായിക്കാണും ,അർജന്റീനൻ താരം മോണ്ടിയേൽ എടുത്ത പെനാൽറ്റി കിക്ക് ഫ്രാൻസിന്റെ ഗോൾവല കുലുക്കി.

1986ന് ശേഷമുള്ള മൂന്നര പതിറ്റാണ്ടിന്റെ കാത്തിരിപ്പിന് കർട്ടനിട്ട് അർജന്റീന ലോക ഫുട്ബോൾ കിരീടം ചൂടി,ക്യാപ്റ്റൻ ലയണൽ മെസ്സി കപ്പുയർത്തി. അന്ന് ആ പെനാൽട്ടി ഷൂട്ടൗട്ട് നടക്കുന്ന സമയത്ത് അർജന്റീനയുടെ കോച്ച് ലയണൽ സ്കലോണിയുടെ മുഖത്ത് നിറയെ സമ്മർദ്ദത്തിന്റെ ഭാവമായിരുന്നു. കപ്പുയർത്തിയപ്പോൾ അദ്ദേഹം ചെറുതായൊന്ന് ചിരിച്ചു.ഇങ്ങ് കേരളത്തിലിരുന്ന് ഞങ്ങൾ ആരാധകരും ആഘോഷത്തിന്റെ കൊടുമുടിയിലായിരുന്നു. അപ്പോഴാണ് ഇരുപത് വർഷം പിന്നിലേക്ക് മനസ്സോടിയത്.

2006ലെ ലോകകപ്പ് ഫുട്ബോളിന്റെ ക്വാർട്ടർ ഫൈനൽ മത്സരത്തിന്റെ ബെഞ്ചിലിരിക്കുന്ന കളിക്കാരിലേക്ക് ഓർമ്മയോടി. അന്ന് ജർമ്മനിയോട് തോറ്റ് ക്വാർട്ടർ ഫൈനലിൽ അർജന്റീന പുറത്താകുമ്പോൾ അർജന്റീനയുടെ ഇന്നത്തെ കോച്ച് സ്കലോനിയും,ക്യാപ്റ്റൻ മെസ്സിയും റിസർവ് ബെഞ്ചിലായിരുന്നു. 1991ൽ ഇടതുപക്ഷത്തിന് തുടർഭരണം ഉറപ്പിച്ച പൊതുതെരഞ്ഞെടുപ്പിൽ വിഎസ്.അച്യുതാനന്ദനെ സിപിഐഎം മുഖ്യമന്ത്രി സ്ഥാനാർത്ഥിയായിക്കണ്ട് മത്സരിപ്പിച്ചു. പക്ഷെ രാജീവ് ഗാന്ധിയുടെ മരണത്തെത്തുടർന്നുണ്ടായ സഹതാപതരംഗത്തിൽ യുഡിഎഫ് അധികാരത്തിലെത്തി കെ.കരുണാകരൻ മുഖ്യമന്ത്രിയായി. പാർട്ടി തോറ്റു വി.എസ്.അച്യുതാനന്ദൻ മാരാരിക്കുളത്ത് ജയിച്ചു. 1996ൽ വിഎസ് വീണ്ടും മുഖ്യമന്ത്രി സ്ഥാനാർത്ഥി സ്ഥാനം ഉറപ്പിച്ച് മത്സരിച്ചു. പക്ഷെ വി.എസ്.അച്യുതാനന്ദൻ ആലപ്പുഴ ജില്ലയിലെ മാരാരിക്കുളത്ത് പരാജയപ്പെട്ടു ,



പാർട്ടി ജയിച്ചു വിഎസ് തോറ്റു. എന്നാൽ പാർട്ടിയും വിഎസും ഒരുമിച്ച് ജയിച്ച നിയമസഭാ തെരഞ്ഞെടുപ്പാണ് 2006ലേത്, പ്രതിപക്ഷ നേതാവായിരുന്ന വിഎസ്.അച്യുതാനന്ദൻ കേരളത്തിന്റെ മുഖ്യമന്ത്രിയായ വർഷമാണ് ഞങ്ങളുടെ കലാലയ ജീവിതത്തിന്റെ രണ്ടാം വർഷം,അന്ന് വിഎസിന് പ്രായം 82 വയസ്! 2007 മാർച്ചിലായിരുന്നു ഫൈനൽ പരീക്ഷ ക്യാംപസിൽ നിന്ന് ഇറങ്ങുന്ന വേദന ,പരീക്ഷയുടെ ആകുലത അതൊക്കെയായിരുന്നു ആ മാർച്ച്. അതേ മാർച്ച് മാസത്തിലാണ് ലോകകപ്പ് ക്രിക്കറ്റ് പരീക്ഷയിൽ ഇന്ത്യ സെമി ഫൈനൽപോലും കാണാതെ പുറത്തായത്,അന്ന് ക്രിക്കറ്റെന്നാൽ ഞങ്ങൾക്ക് സച്ചിനായിരുന്നു. 2001ലെ ലോകകപ്പ് ക്രിക്കറ്റ് ഫൈനലിൽ ധോണിയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ ടീം ശ്രീലങ്കയെ തോൽപ്പിച്ച ശേഷം വീരാട് കോഹ്ലിയും, യൂസഫ് പഠാനും ചേർന്ന് ദേശീയ പതാകയേന്തിയ സച്ചിനെ തോളിലെടുത്ത് മുബൈ വാങ്കഡെ സ്റ്റേഡിയത്തിന് ചുറ്റും വലംവെച്ചപ്പോഴാണ് 2006ൽ ഇന്ത്യയും സച്ചിനും തോറ്റുപോയതിന്റെ നോവ് മാഞ്ഞത്.




ഒരു മഴക്കാലത്ത് കുന്നിൻമുകളിലെ ക്യാംപസിലേക്കുള്ള ബസ് കയറിയതും ഡബിൾബെൽ അടിച്ച് യാത്ര തുടങ്ങിയതും, 2007 മാർച്ച് മാസത്തിലെ വേനലിൽ എത്തിച്ചേരേണ്ടുന്ന സ്റ്റോപ്പിൽ സിംഗിൾ ബെല്ലടിച്ച് ഇറങ്ങി നടന്നതുമെല്ലാം തകരാറ് സംഭവിക്കാത്ത പെൻഡ്രൈവിലെ ഡാറ്റ എന്ന പോലെ ഓർമ്മയിലുണ്ട്. ചിലപ്പോൾ സന്തോഷമായി,ചിലപ്പോൾ ചിരികളായി,ചിലപ്പോൾ ചിന്തകളായി, ചിലപ്പോൾ കാരുണ്യമായി, ചിലപ്പോൾ ഭയമായി അങ്ങനെ എല്ലാ കാലത്തെയും പോലെ അക്കാലത്തെ ഓരോ നിമിഷങ്ങളിലും എത്രയെത്ര കാര്യങ്ങളാകും ഈ ഭൂമിയിൽ അടയാളപ്പെടുത്തിയും അല്ലാതെയും കടന്നുപോയിട്ടുണ്ടാവുക.ചിലതൊക്കെ ലോകമറിയുന്നു, ചിലത് ആരുമറിയാതെ കൊഴിഞ്ഞുവീണ് മണ്ണിലടിയുന്നു. പിന്നെയും പിന്നെയും ഓർക്കുമ്പോൾ അക്കാലത്തായിരുന്നല്ലോ ഇതൊക്കെയും എന്ന് തോന്നുന്ന ചിലത് കുറിച്ചിട്ടെന്ന് മാത്രം. മുന്നോട്ട് യാത്ര തുടരുമ്പോൾ പിന്നിലേക്ക് പോകുന്നതെല്ലാം മങ്ങിയ കാഴ്ചകളാണ്,ഓർത്തെടുക്കാവുന്നതിനേക്കാൾ പറ്റാത്തതാകും അധിലധികവും. അന്ന് മുതൽ ഗം വഴിയുള്ള യാത്ര തുടരുന്നതിനിടെ ഒന്ന് കണ്ണടച്ചിരുന്നു ഒന്നും മറന്നിട്ടില്ല,നാം നടന്ന കാലം അതിശയകാലമായിരുന്നു. ഇപ്പോഴും ആ കടൽത്തീരത്ത് കണ്ടിട്ടും കണ്ടിട്ടും മതിവരാത്തൊരു കടലാണ് അക്കാലം.

ഏഷ്യാനെറ്റ് ന്യൂസിൽ അസിസ്റ്റന്റ് ന്യൂസ് എഡിറ്ററും, ഗം എന്ന രാഷ്ട്രീയ സാമൂഹിക വിമർശന പരിപാടിയുടെ ക്രിയേറ്ററുമാണ് ലേഖകൻ, 2004-2007കാലത്ത് പി.ആർ.എൻ.എസ്.എസ്.കോളേജിൽ ബി.എ ഇംഗ്ലീഷ് ലാംഗ്വേജ്&ലിറ്ററേച്ചർ വിഭാഗത്തിൽ വിദ്യാർത്ഥിയായിരുന്നു.



# രാജേശ്വർ ദാക്ക

**അയന എൻ.ജി.**
**മൂന്നാം വർഷം ഫിസിക്സ്**

സൂര്യൻ തലയ്ക്കുമുകളിൽ നിന്ന് തീ തുപ്പി കൊണ്ടേയിരിക്കുന്നു. നഗരത്തിലെ ജനങ്ങൾക്ക് കുടയില്ലാതെ നടക്കാൻ സാധിക്കാത്ത അവസ്ഥയായിരുന്നു അത്. കർണാടകയിലെ ശ്രീരേഖർ എന്ന നഗരത്തിലൂടെ കുടയില്ലാത്ത രണ്ടു ബാലകന്മാർ നടക്കുന്നതു കണ്ട ജനങ്ങൾ അവരെ നോക്കി അമ്പരന്നു നിൽപ്പാണ്. ഈ ഉഷ്ണകാലത്ത് അതും ഈ ബാലന്മാർക്ക് എങ്ങനെയാണ് ഇങ്ങനെ നടക്കാൻ സാധിക്കുന്നത്. കുടയില്ല പോരാത്തതിന് ഒരു ചെരുപ്പ് പോലുമില്ല കഷ്ടം തന്നെ. ''അയ്യോ പാവം കുട്ടികൾ'' ഒരു വശത്തു നിന്നും വയസ്സായ ഒരു അമ്മൂമ്മ പറഞ്ഞു .''ദരിദ്ര കുടുംബത്തിലുള്ളവർ ആയിരിക്കും അതായിരിക്കും ഇങ്ങനെ നടക്കുന്നത്''. പുറകിൽ നിന്ന് ഒരാൾ പറഞ്ഞു. ഇവരെല്ലാം പറയുന്ന വാക്കുകൾ 10 വയസ്സ് തോന്നിക്കുന്ന ബാലകന്മാർ കേൾക്കുന്നുണ്ടായിരുന്നു. അവരിരുവരും തമ്മിൽ നോക്കിക്കൊണ്ടേയിരുന്നു. എന്നിട്ട് ഇരുവരുടെയും മിഴികൾ സംഭാഷണത്തിൽ ഏർപ്പെട്ടു. ഒരു പുഞ്ചിരി സമ്മാനിച്ചു കൊണ്ട് അവർ മുന്നോട്ട് നടന്നു. ആ നഗരത്തിലെ തെരുവീഥിയിലൂടെ. ബക്കറ്റും പാട്ടയും എപ്പോഴും വഴക്കിട്ടു കൊണ്ടേയിരിക്കും. ചിലപ്പോൾ കഴിഞ്ഞ ജന്മത്തിൽ അവർ ഭാര്യയും ഭർത്താവും ആയിരിക്കാം. സഞ്ജു ഇതെല്ലാം നിരീക്ഷിക്കുന്നുണ്ടായിരുന്നു. അവനങ്ങനെയാണ് ഏതു വസ്തുവിനും ജീവനുണ്ട് എന്ന രീതിയിലായിരുന്നു അവൻ അതിനെയൊക്കെ നിരീക്ഷിക്കാറുള്ളത്. അവൻ എല്ലാ വസ്തുവിനോടും സംസാരിക്കും. കഴിയാറായ പേസ്റ്റ് അവൻ ഞെക്കി പിഴിഞ്ഞെടുക്കാറില്ല, കാരണം ആ വസ്തുവിനെ ആ സമയത്ത് കഴുത്ത് പിടിച്ചു കൊല്ലു

ന്നതായിട്ടാണ് അവന്റെ മനസ്സിൽ അനുഭവപ്പെടാറുള്ളത്. പേസ്റ്റിൽ നിന്നുള്ള ചിന്ത വിട്ട് അവന്റെ മനസ്സ് ഇന്നു നടന്ന കാര്യത്തിൽ മുഴുകി. ഇന്ന് രാവിലെ തന്റെ ഉറ്റ സുഹൃത്തായ രഞ്ജുവിന്റെ കൂടെയാണ് രാജേശ്വർ ദാക്കയുടെ വീട്ടിലേക്ക് പോയത്. ഇരുനിലയിലുള്ള വീടായിരുന്നു അദ്ദേഹത്തിന്റേത്. നാട്ടിലെ കോടാനുകോടി സ്വത്തിന്റെ അവകാശി എന്ന് തന്നെ പറയാം. ഇഷ്ടം പോലെ പൈസയുള്ള അയാളുടെ അടുക്കൽ നിന്ന് ഒരു സഹായം ലഭിക്കുമോ എന്ന പ്രതീക്ഷയിലാണ് താൻ ആ ഇരുനില കെട്ടിടത്തിലേക്ക് നടന്നത്.

ജോലി ചെയ്യുന്നതിനിടയ്ക്ക് അമ്മയുടെ കാലിന് അപകടം പറ്റി. സർജറിയാണ് ഏകമാർഗം എന്നാണ് ഡോക്ടർ പറഞ്ഞത്. പക്ഷേ രണ്ടുലക്ഷം രൂപ വേണമത്രേ. ചെറുപ്പത്തിലേ പിതാവ് നഷ്ടപ്പെട്ട എനിക്ക് അമ്മയാണ് ഏക ആശ്രയം. ഇപ്പോൾ അമ്മയ്ക്കും വയ്യ. പൈസയും വേണം ഏതു ജോലിക്ക് പോയാലും തെരുവിൽ പ്ലേറ്റ് എടുത്ത് യാചിക്കാൻ പോകരുതെന്നും മയക്കുമരുന്ന് മാഫിയയിൽ കൂടരുതെന്നും എന്റെ അമ്മ അവനെക്കൊണ്ട് സത്യം ചെയ്യിപ്പിച്ചിട്ടുണ്ട്. ഒരു വഴിയും മുന്നിൽ തെളിയാത്തതുകൊണ്ട് രഞ്ജുവാണ് അവനോട് രാജേശ്വർ ദാക്കയുടെ മഹിമയെ പറ്റി പറഞ്ഞത്. അവന്റെ മനസ്സ് അതിൽ നിന്ന് എന്നെ പിന്നോട്ട് വലിച്ചില്ല. പോകാം എന്നതിൽ തന്നെ ഉറച്ചു നിന്നു.

കുറേ പൂക്കളുള്ള വീടായിരുന്നു അത്. സിംഹത്തിനെ പോലെ വലുപ്പമുള്ള ഏതോ വിദേശത്തുള്ള പട്ടിയും ഉണ്ടായിരുന്നു അവിടെ. ദാക്ക അപ്പോൾ ആ വീട്ടിൽ ഉണ്ടായിരുന്നില്ല അയാളുടെ ഒരു മാനേജർ ആയിരുന്നു അവിടെ ഉണ്ടായിരുന്നത്. എനിക്ക് മുന്നിൽ പോകാൻ പേടിയായിരുന്നു. അതുകൊണ്ടു തന്നെ രഞ്ചു എന്റെ പടനായകനായി മുന്നിൽ നടന്നു. മാനേജരെക്കണ്ട് രഞ്ചു ധൈര്യത്തോടെ ചോദിച്ചു ‘‘രാജശ്വർ ദാക്കയുടെ വീടല്ലേ ഇത്’. ‘‘അതെ’’ മാനേജർ പറഞ്ഞു ‘‘ഞങ്ങൾക്കൊന്നു ദാക്കയെ കാണണമായിരുന്നു’’. രഞ്ചു പറഞ്ഞു. ‘‘അയ്യോ ദാക്ക ഇവിടെ ഇല്ലല്ലോ മക്കളെ അല്ല എന്താ ആവശ്യമെന്ന് എന്നോട് പറഞ്ഞോളൂ ഞാൻ ദാക്കയോട് പറയാം’’. അത് ഒന്നുമില്ല’’ രഞ്ചു പറഞ്ഞു’’. സാരമില്ല മക്കളെ എന്നോട് പറഞ്ഞോളൂ’’ മാനേജർ സ്നേഹത്തോടെ പറഞ്ഞു. ‘‘അത് ഒരു ജോലി കിട്ടുമോ എന്ന് ചോദിക്കാൻ വേണ്ടിയിട്ടാണ്’. രഞ്ചു ജാള്യതയോടെ പറഞ്ഞു. ‘‘ജോലിയോ നിങ്ങൾ ചെറിയ കുട്ടികളല്ലേ നിങ്ങൾക്ക് പറ്റിയ ജോലി ഏതാണ്’’? ഒന്ന് ചിന്തിച്ചതിനുശേഷം അയാൾ പറഞ്ഞു. ’’ആ ഒരു ജോലിയുണ്ട് പക്ഷേ കുറച്ചു ബുദ്ധി പ്രയോഗിക്കണം’’. ’ആ ഞങ്ങൾ പ്രയോഗിച്ചോളാം’’ ഞാൻ ഉച്ചത്തിൽ പറഞ്ഞു. കർണാടക ബോർഡറിന്റെ അടുത്തുള്ള ധേക്ക കാടിന്റെ അടുത്ത് ഒരു അമ്പലം ഉണ്ട്. അവിടെ എല്ലാ ഞായറാഴ്ചയും ഒരു മാമൻ വരും ആ മാമൻ കുറച്ചു പാക്കറ്റ് കഞ്ചാവ് തരും. അതാരും കാണാതെ ഞാൻ പറയുന്ന വിലാസത്തിലുള്ള സ്ഥലത്ത് എത്തിക്കണം. ‘‘വളരെ ചെറിയ ജോലിയാണ്’’. മാനേജർ പറഞ്ഞു ‘‘കഞ്ചാവോ’’...,! ഞങ്ങൾ ഇരുവരുടെയും കണ്ണുകൾ തള്ളി മുന്നോട്ട് വന്നു. ‘‘ഇല്ല ഞങ്ങൾക്ക് പേടിയാ’’ ഞാൻ പറഞ്ഞു. ‘‘ഓ പേടിയാണെങ്കിൽ വേണ്ട ഇവിടുന്ന് മര്യാദയ്ക്ക് ഇറങ്ങി പൊയ്ക്കോളൂ’’. അയാൾ ഒരു രൗദ്രഭാവത്തിൽ നമ്മളെ നോക്കിക്കൊണ്ട് പറഞ്ഞു. ‘‘സാറേ കനിയണം ഞങ്ങൾക്ക് വേറെ വഴിയില്ലാത്തോണ്ടാ. ഇവന്റെ അമ്മയെ ചികിത്സിക്കാൻ പൈസയില്ല അതുകൊണ്ടാ. ഈ പണി ഒഴിച്ചു വേറെന്തും ഞങ്ങൾ ചെയ്തോളാം’’ രഞ്ചു കരഞ്ഞു പറഞ്ഞു. ആരു കേൾക്കാനാണ് അയാളുടെ മുഖത്ത് ഒരു ഭാവമാറ്റവുമില്ല. ‘‘ഇവിടുന്ന് ഇറങ്ങുന്നതാ നിങ്ങൾക്ക് നല്ലത് അല്ലെങ്കിൽ ഞാനീ പട്ടിയെ അഴിച്ചുവിടും’’. ‘‘ഇല്ല ഞങ്ങൾ പോവില്ല സാറേ കനിയണം സാറേ’’ അയാളുടെ കാലുപിടിച്ച് ഞങ്ങൾ ഇരുവരും കരയാൻ തുടങ്ങി. ദേഷ്യം പിടിച്ച മാനേജർ പട്ടിയെ അഴിച്ചുവിട്ടു. സിംഹത്തെ

പോലുള്ള പട്ടിയെ കണ്ടതും ഞാനും രഞ്ചുവും സിംഹത്തിൽ നിന്ന് രക്ഷപ്പെടുന്ന മാനുകളെ പോലെ ജീവനുവേണ്ടി അന്തമില്ലാതെ ഓടാൻ തുടങ്ങി. ഞങ്ങളുടെ ഇരുവരുടെയും ചെരിപ്പുകൾ വഴിയിൽ എങ്ങോ അനാഥമായി. ഓടിയോടി ഞങ്ങൾ തെരുവീഥിയിലെത്തി അവിടുന്ന് പതുക്കെ കിതപ്പ് മാറ്റിയിട്ട് സാവധാനം നടക്കാൻ തുടങ്ങി. അപ്പോഴാണ് നഗരത്തിലെ ജനങ്ങൾ ഞങ്ങളിരുവരെക്കുറിച്ചും സംസാരിക്കാൻ തുടങ്ങിയത്.


''മോനേ'' അമ്മയുടെ വിളി കിടക്കയിൽ നിന്ന് കേൾക്കാമായിരുന്നു. ''കുറച്ചു വെള്ളം എടുക്കുമോ'' അമ്മയുടെ സ്വരം താഴാൻ തുടങ്ങി. കുടിവെള്ള പൈപ്പിൽ നിന്നും ഞാൻ ഒരു ഗ്ലാസ് വെള്ളം എടുത്ത് അമ്മയുടെ അടുക്കലേക്ക് ഓടിച്ചെന്ന് അമ്മയുടെ വായയോട് ക്ലാസ്സ് മുട്ടിച്ച് ഞാൻ വെള്ളം പതുക്കെ കൊടുത്തു. ഇവിടെ ചോറ് വെക്കാൻ അരിയില്ലാത്തതു കൊണ്ട് രഞ്ചുവിന്റെ അമ്മയാണ് ഉച്ചയ്ക്ക് കൊണ്ടുവരാറുള്ളത്. എത്ര കാലം എന്ന് വച്ചിട്ടാണ് അവന്റെ അമ്മയെയും അവനെയും കഷ്ടപ്പെടുത്തുക എന്നെനിക്കറിയില്ല. പൈസ കിട്ടാനുള്ള വഴിയെ കുറിച്ചാണ് ഞാൻ ഓരോ നിമിഷവും ചിന്തിക്കുന്നത്.

കുറച്ചുകാലം ഒരു ഹോട്ടലിൽ ക്ലീൻ ബോയ് ആയി ജോലി കിട്ടി. അതുകൊണ്ടുള്ള പൈസ ജീവിക്കാനും അമ്മയുടെ സർജറിക്കായും തികയുന്നില്ല. അങ്ങനെ ഞാൻ ഹോട്ടലിൽ ഒരു ടേബിൾ ക്ലീൻ ആക്കുമ്പോഴാണ് ആ കാഴ്ച കാണുന്നത്. വേറെ ആരും ആയിരുന്നില്ല സാക്ഷാൽ രാജേശ്വർ ദാക്കയും അദ്ദേഹത്തിന്റെ മാനേജരും. മാനേജർക്ക് എന്നെ കണ്ടാൽ തിരിച്ചറിയാവുന്നതുകൊണ്ടു തന്നെ അയാൾ പോകാനായി ഞാൻ കാത്തുനിന്നു. അങ്ങനെ അയാൾ വാഷ് റൂമിൽ പോയ തക്കം നോക്കി ഞാൻ ദാക്കയുടെ അടുക്കൽ ചെന്നു. എന്റെ കണ്ണുനിറഞ്ഞത് കണ്ട ദാക്ക എന്നോട് കാര്യം അന്വേഷിച്ചു. ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ പോയെന്നും മാനേജർ സംസാരിച്ചതായ കാര്യങ്ങളും ഒറ്റ ശ്വാസത്തിൽ പറഞ്ഞു. എന്റെ ഒരു കണ്ണ് വാഷ് റൂമിന്റെ നേർക്കായിരുന്നു. മാനേജർ വരുമോ എന്ന ചിന്തയോട് കൂടിയാണ് ഞാൻ പലതും പറഞ്ഞത്. മാനേജർ വാഷ് റൂമിന്റെ വാതിൽ തുറന്നു. ഞാൻ പതുക്കെ പുറകോട്ട് പോകാൻ തുടങ്ങി. ധാക്ക മാനേജറെ ജോലിസ്ഥലത്തേക്ക് പറഞ്ഞയച്ചു. പലതും പറയാൻ വിട്ടുപോയ ഞാൻ ആ സമയത്ത് എല്ലാം വരി തെറ്റാതെ പറഞ്ഞു. ''സാരമില്ല മോനെ എന്റെ മാനേജർ ഒരു കഞ്ചാവ് വില്പനക്കാരനാണെന്ന് ഞാൻ ഇപ്പോഴാ അറിഞ്ഞത്. എന്റെ അക്കൗണ്ടിൽ നിന്നും പൈസ പോയിട്ടുണ്ട്. ഇവൻ കാരണം തന്നെയായിരിക്കും അത്''. ''സാറേ എനിക്ക് എന്തെങ്കിലും ഒരു ജോലി മതി വലിയ ആഗ്രഹങ്ങളൊന്നുമില്ല. എനിക്ക് എന്റെ അമ്മയുടെ സർജറിക്കുള്ള പൈസ ഉണ്ടാക്ക



ണം അത്രയേ ഉള്ളൂ'' ഞാൻ കരഞ്ഞു പറഞ്ഞു.''മോനെ നിനക്കിപ്പോൾ പഠിക്കേണ്ട സമയമാണ് അമ്മയുടെ ചികിത്സയ്ക്കുള്ള പൈസ ഞാൻ തരാം. അത് ആലോചിച്ച് വിഷമിക്കേണ്ട നിനക്ക് അഭിനയിക്കാൻ അറിയുമോ''? ''ഇല്ല സാറേ പലതും പുലമ്പും ഞാൻ''. ''സാരമില്ലടോ, ഒന്ന് ശ്രമിച്ചുനോക്കൂ നീ നിന്റെ ജീവിതം പോലെ തന്നെ അഭിനയിക്ക്''. ''അടുത്ത ആഴ്ച ഒരു സെലക്ഷൻ ഉണ്ട് നീ വരണം. സ്വയം എല്ലാത്തിനും ജീവൻ കണ്ടത്തൊൻ കഴിവുണ്ടെങ്കിൽ തീർച്ചയായും നിനക്ക് അഭിനയിക്കാനും കഴിവുണ്ട്. അഭിനയം എന്നത് നിന്റെ ലഹരിയായി എടുക്കൂ നീ വിജയിക്കും തീർച്ച''.നന്ദിയുണ്ട് സാറേ അങ്ങനെയാ സെലക്ഷൻ ദിവസം വന്നെത്തി. ഞാൻ സെലക്ട് ആയ സന്തോഷ വാർത്ത രഞ്ജുവിനോട് പറഞ്ഞു. എനിക്ക് സെലക്ഷൻ കിട്ടിയതിൽ എന്നെക്കാൾ ഉപരി അവനാണ് സന്തോഷം തോന്നിയത്. അന്നുമുതൽ എന്റെ ഉള്ളിൽ പ്രതീക്ഷയുടെ പൂവ് മൊട്ടിട്ടു. ദാക്ക പറഞ്ഞത് ശരിയാണ് സിനിമ ഒരു ലഹരിയാണ് ഞാൻ അതിനെ ഇപ്പോൾ എന്റെ ലഹരി ആയിട്ടാണ് എടുത്തിരിക്കുന്നത്. ദാക്ക അദ്ദേഹത്തിന്റെ മാനേജരെ കൈയ്യോടെ പൊക്കി പോലീസിൽ ഏൽപ്പിച്ചു. അയാൾ ഇപ്പോൾ ജയിലിലാണ്. ജീവിതത്തിൽ പലരും സഹായ ഹസ്തവുമായി വരും. ''ചിലത് സ്വീകരിക്കണം എന്നാൽ ചിലത് സ്വീകരിക്കാൻ പാടില്ല'' എന്ന് ദാക്ക എന്നോട് പറഞ്ഞിട്ടുണ്ട്. പിന്നെ ഒരു കാര്യവും പറഞ്ഞിട്ടുണ്ട് ''ലഹരി എന്നത് ഒരു വാക്കാണ് പക്ഷേ അതിന് പല അർത്ഥങ്ങളുമുണ്ട്. പല മനുഷ്യരും ഇഷ്ടമുള്ള അർത്ഥത്തിലാണ് അത് എടുക്കുക. ഇവിടെ നീയും എന്റെ മാനേജരും, അവൻ കഞ്ചാവ് തിരഞ്ഞെടുത്തപ്പോൾ നീ അത് തിരസ്ക്കരിച്ച് സിനിമ തിരഞ്ഞെടുത്തു. അതാണ് ഇവിടുത്തെ വ്യത്യാസം അത്രമാത്രം''.





# കൂട്

**ഷിജു പി. ഭാസ്കർ**

എന്റെ സ്വന്തവും
നിന്റെ സ്വന്തമല്ലാത്തതുമായ
എന്റെ
ഹൃദയത്തിൽ
നിന്റെ പക്ഷിക്കു ഞാൻ
കൂടൊരുക്കുന്നു.
അന്ധകാരത്തിൽ വന്നതിൽ
തീ മുട്ടയിടാം
അടച്ചുവച്ചു വിരിയിച്ച്
നെഞ്ചിലെ ചൂട്ടുകറ്റതൻ
പ്രകാശത്തിലേക്കൊരു
ഭഗ്നശില്പം പോലെ
വീണടിഞ്ഞിടാം.
ബുദ്ധിയും തലച്ചോറും
ഭക്ഷിച്ചൊരു വേടൻ
ഭൂമിയിൽ കവിത എഴുതുമ്പോൾ
വഴിത്തിരിവായി നീ
പുതിയൊരിണയെ തേടണം.

# ദൈവം


ദേവനന്ദ പി.
ഒന്നാം വർഷം സുവോളജി

ഭൂമിയിലെ ജനങ്ങൾ എന്നും ദു:ഖിതരായിരുന്നു. അവർ ദൈവത്തെ വിളിച്ചു; വീണ്ടും വീണ്ടും അലറി വിളിച്ചു! ഒടുവിൽ ദൈവം പ്രത്യക്ഷപ്പെട്ടു.ആദ്യമായി അവർ ദൈവത്തെ കണ്ടു.പക്ഷേ ദൈവത്തിന് അവരുടെ സങ്കല്പവുമായി ഒരു ബന്ധവും ഉണ്ടായിരുന്നില്ല. അവർ വിശ്വസിച്ചതുപോലെ വെളുത്ത നിറവും അഴകൊത്ത ശരീരവും ദൈവത്തിന് ഇല്ലായിരുന്നു. ദൈവം കറുത്തിരുണ്ട് വേഷഭൂഷാദികൾ ഇല്ലാത്ത ഒരു കാർമേഘമായിരുന്നു.

ഇത് കണ്ട് പലരും അസ്വസ്ഥരായി. മനുഷ്യസമാനമായ രൂപമില്ലാത്ത, സ്വർണാഭരണവിഭൂഷിതനല്ലാത്ത ആ രൂപം മനുഷ്യനെ വേദനിപ്പിച്ചു. പലരും അസംതൃപ്തരായി. ചിലർ പിരിഞ്ഞു പോയി. അത് ദൈവത്തെ സങ്കടപ്പെടുത്തി. അവശേഷിച്ചവരോടായി ദൈവം പറഞ്ഞു, ''ഞാനാണ് ദൈവം എന്ന് നിങ്ങളെങ്കിലും വിശ്വസിക്കുക...! എനിക്ക് മനുഷ്യസാദൃശ്യമായ രൂപമില്ല. കവചകുണ്ഡലങ്ങൾ ഇല്ല. പക്ഷേ എനിക്ക് നിങ്ങളെ കേൾക്കാൻ കഴിയും നിങ്ങളെ പരിരക്ഷിക്കാൻ കഴിയും''. ഇത്രയും പറഞ്ഞ് ദൈവം ശൂന്യതയിലേക്ക് മറഞ്ഞു.അങ്ങനെ ദൈവത്തിന്റെസ്ഥാനം ആകാശത്താണ് എന്നവർ വിശ്വസിച്ചു. കേട്ടു നിന്നവർ പിന്നീട് മറ്റുള്ളവരോടായി പറഞ്ഞു. ''നിങ്ങൾ കണ്ടത് വെറും കാർമേഘങ്ങളെ മാത്രമാണ് അവർ ദൈവത്തിന്റെദൂതർ മാത്രമാണ്. യഥാർത്ഥത്തിൽ ദൈവം ഒത്ത വണ്ണവും നീളവും ഉള്ള വെളുത്ത ഒന്നാണ്, അവൻ ശക്തനാണ്''.

പിന്നീട് ഓരോ മനുഷ്യനും ആകാശത്തേക്ക് നോക്കി പ്രാർത്ഥിക്കാനും സങ്കടങ്ങൾ പറയുവാനും തുടങ്ങി.സർവ്വശക്തനായ ദൈവം തങ്ങളെ സംരക്ഷിക്കുമെന്ന് അവർ വിശ്വസിച്ചു.മനുഷ്യരുടെ സങ്കടങ്ങൾ കേട്ട് കേട്ട് ഒടുവിൽ ദൈവം കരയുവാൻ തുടങ്ങി. അത് മഴയായി ഭൂമിയിൽ പെയ്തിറങ്ങി. ഇടയ്ക്കിടെ മനുഷ്യർ അവരുടെ ആവശ്യങ്ങൾ ഉന്നയിക്കാൻ തുടങ്ങി. ദൈവം അത് സാധിച്ചു കൊടുത്തു. സ്വയം ജീർണിക്കുന്നതറിയാതെ മനുഷ്യൻ ദൈവത്തിന്റെപ്രവർത്തികളിൽ സന്തുഷ്ടനായി .അങ്ങനെ ദൈവം മനുഷ്യർക്ക് പ്രിയപ്പെട്ടവൻ ആയി





# IN HER COLLAPSE, WE REMEMBER

Anagha C
IInd DC English

You called me Chooraalmala,
Woman of mist,of mountain breast
With rain in my hair and rivers at my feet
I cradled you in green, I sang you to rest.
I held your homes like bangles on my arms,
Your fields stitched into my saree.
Children played where my shadow cooled,
You called me mother-you trusted then.
But the skies turned cruel,,their whispers sharp.
The wind warned me with shiver.
But no one listen when a women warn-
They listen only when she screams.
And so I broke,
Not out of anger, but because I was alone.
I shook a little,tried to speak,
But my voice lost in stone.
My heart gave away, my body fell,
And the once I held,no longer there.
I never meant to take you back,
But who sees the pain of the mother earth?
Once you built dreams upon my chest,
Sang with the winds,and laid to rest.
Now broken lives and ruins remain,
You keep your distance passing by.
Yet sorrow stays, tough time moves on,
flowers rise from every tear.
I hold your names in my roots
From every root,life breath again.
Iam Chooraalmala-Not just a region,
But your mother,your shelter.
And when you speak of all you've lost,
Just say:she wept,but she lives on !



# UNTIL WE MEET AGAIN

Jayani
III[rd] DC English

In the heart of PRNSS we grew,
walked in, with the blank pages.
Through poems, plays and Poplowski ,
we found ourselves again and again
Our college stood near the sky,
where every jets would seem to rise.
It whispered,
“ One day, that will be you.”
Lunch break filled with joy,
one plate of rice,
filled tummy of many,
and in that hunger, we came closer.
Let’s not say “goodbye,”
Let’s say “see you,”
in some other places ,
filled with rainbow of
happiness and love.

# ഇന്നലെ

അൻസില സി.വി.

..................

തളിർത്തും പൂത്തും
പോയ് പോയ
കാലങ്ങളിൽ
ഞാൻ
’ഞാനാ’യിരുന്നു.
ഇന്നവയെല്ലാം
മറവിയുടെ
ഓളങ്ങൾ മാത്രം!



# ആവർത്തനങ്ങളുടെ തുടർച്ച

ശ്രാവണ എസ്.
രണ്ടാം വർഷം ഇംഗ്ലീഷ്



അതിശക്തമായ ഒരു മഴക്ക് ശേഷം പ്രകൃതി ശാന്തമായിരിക്കുന്നു. ഗേറ്റ് കടന്ന് പുറത്തിറങ്ങിയ അയാൾ ഒരു നിമിഷം ഒന്ന് തിരിഞ്ഞു നോക്കി. യാഥാർത്ഥ്യത്തിൽ നിന്നും ഒളിച്ചോടി മിഥ്യാ ലോകത്തിൽ അഭയം തേടിയവരുടെ ലോകം. അവരിലൊരാളായി അവരും ഒന്നിച്ച് ജീവിച്ച ജീവിതത്തിൽ നിന്നുമുള്ള പടിയിറക്കമാണിന്ന്. നീണ്ട 15 വർഷങ്ങൾ കൺമുന്നിലൂടെ തെളിയാതെ മിന്നി മറഞ്ഞു. അമ്മാവൻ ആണെന്ന് അവകാശപ്പെടുന്ന ഒരാളുടെ കൂടെയായിരുന്നു അയാളുടെ യാത്ര. എന്നാൽ തനിക്ക് എവിടെയോ കണ്ടു പരിചയമുള്ള ഒരു വ്യക്തി മാത്രമാണ് അദ്ദേഹം. എങ്കിലും അനുസരണയോടെ മുൻപോട്ട് നടന്നു. മറവി മനസ്സിന്റെ ഏതോ മൂലയിൽ നിന്ന് ബാധിച്ചു തുടങ്ങിയിരുന്നു. മുൻപോട്ട് നടന്ന ഓരോ ചുവടുകളും പുതിയ പുതിയ കാഴ്ചകളാൽ അയാളെ അത്ഭുതപ്പെടുത്തി. ലോകം ഒരുപാട് മാറിയിരിക്കുന്നു. മാറ്റത്തെ ഉൾക്കൊള്ളാൻ ആ മനസ്സ് പാകപ്പെടുന്നതേയുള്ളൂ. അതുകൊണ്ടായിരിക്കാം കൺമുന്നിൽ കാണുന്ന കാഴ്ചകൾ ഒന്നും അത് സൂക്ഷിച്ചു വയ്ക്കാത്തതും. 'നാട്ടിലേക്കുള്ള ബസ് 12 മണിക്കാണ്. അഡ്രസ്സൊക്കെ നിന്റെ കയ്യിലില്ലേ?' ആ ചോദ്യത്തിന് അയാൾ ഒന്നും മിണ്ടാതെ തലയാട്ടി. ബസ്സിൽ കയറി ഇരുവരും യാത്ര തുടർന്നു. കാഴ്ചകൾ ആസ്വദിച്ച് യാത്ര ചെയ്യുന്നതിനിടയിൽ അയാൾ ഒന്ന് തിരിഞ്ഞു നോക്കി. തനിക്ക് പരിചയമുള്ള ആ മുഖത്തിന് പകരം കണ്ടത് മറ്റാരുടെയോ മുഖമാണെന്നയാൾ തിരിച്ചറിഞ്ഞു. ഭാവവ്യത്യാസങ്ങൾ ഒന്നും അയാളിൽ കണ്ടില്ല. വഴിയാത്രയിലെവിടെയോ കയ്യിൽ വെച്ചു നൽകിയ 500 രൂപ നോട്ടിൽ അൽപനേരം കണ്ണോടിച്ചുകൊണ്ട് വീണ്ടും പുറത്തേക്ക് നോക്കിയിരുന്നു. ഒരുപാട് സ്വപ്നങ്ങളുമായി കയറിച്ചെന്ന കോളേജിന്റെ

ഗേറ്റിന് മുന്നിലൂടെ ബസ് വേഗത്തിൽ നീങ്ങി. കൊഴിഞ്ഞുപോയ വസന്തകാലമോ ഇരുൾ മൂടിയ ദിനരാത്രങ്ങളോ അയാളെ അലട്ടിയില്ല. യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളാൻ പഠിച്ച ആ മനസ്സിന് മറവി ഒരു അനുഗ്രഹമായി തീർന്നിരിക്കണം. ബസ്സിറങ്ങി ആരോടൊക്കയോ ആവർത്തിച്ചന്വേഷിച്ച ശേഷം അയാൾ തന്റെ വീട് കണ്ടെത്തി. അഞ്ച് സെന്റ് സ്ഥലത്ത് നിൽക്കുന്ന ആ വീടിന്റെ പകുതി ഭാഗത്തിനിപ്പോഴും ഒന്നും സംഭവിച്ചിട്ടില്ല. മുൻവശത്തെ വാതിൽ ആരെയോ കാത്ത് തുറന്നു കിടക്കുന്നു. ഉള്ളിൽ കാലിയാക്കിയ മദ്യക്കുപ്പികളുടെ ഇടയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടക്കുന്ന ഡയറി കയ്യിലെടുത്തയാൾ കഷ്ടപ്പെട്ട് വായിക്കാൻ തുടങ്ങി. അക്ഷരങ്ങൾ പലതും മാഞ്ഞു പോയിരുന്നു. നീല മഷിയിൽ 'വിനീത്' എന്ന് എഴുതിയതയാൾ വേഗത്തിൽ വായിച്ചു. താല്പര്യമില്ലാതെ തിരിച്ചു വയ്ക്കാനൊരുങ്ങിയ ഡയറിയിൽ നിന്നും മടക്കി വച്ചൊരു പേപ്പർ താഴെ വീണു.

**2004 മെയ് 09**

അച്ഛൻ ചെറുപ്പത്തിലെ ഞങ്ങളെ വിട്ടുപോയതിനാൽ കഷ്ടപ്പാടല്ലാതെ ജീവിതത്തിൽ മറ്റൊന്നും ഉണ്ടായിട്ടില്ല. എങ്കിലും എനിക്ക് ഏറ്റവും മികച്ച കാര്യങ്ങൾ നൽകാൻ എന്റെ അമ്മ ഒരുപാട് കഷ്ടപ്പെട്ടിട്ടുണ്ട്. നന്നായി പഠിച്ച് നല്ലൊരു ജോലി നേടണം എന്നതായിരുന്നു എന്റെയും ആഗ്രഹം. പക്ഷേ.....

എന്റെ സ്വപ്നങ്ങളെല്ലാം തച്ചുടക്കപ്പെട്ടു. ഞാൻ ഒരുപാട് ആഗ്രഹിച്ച കോളേജിൽ തന്നെ എനിക്ക് സീറ്റ് കിട്ടി. പക്ഷേ ബോയ്സ് ഹോസ്റ്റലിലെ റാഗിംഗ് എന്ന് പറഞ്ഞ് ഒരു കൂട്ടം ആൾക്കാർ നടത്തിയ പീഡനം താങ്ങാവുന്നതിലും അപ്പുറമായിരുന്നു. മാനസികമായും ശാരീരികമായും അതെന്നെ വല്ലാതെ തളർത്തി. പറയാൻ അറക്കുന്ന പല കാര്യങ്ങളും എനിക്ക് അനുഭവിക്കേണ്ടി വന്നു. നിർബന്ധത്തിനു വഴങ്ങി ലഹരി ഉപയോഗിക്കേണ്ടിവന്നു. ഒടുക്കം ഞാൻ കോളേജിന്റെ പടിയിറങ്ങി വീട്ടിൽ വന്നിട്ടും കൈപ്പേറിയ ഓർമ്മകൾ എന്നെ അലട്ടി. ഒന്നു തുറന്നു സംസാരിക്കാൻ എനിക്ക് അടുത്ത കൂട്ടുകാരില്ല. പതിയെ ഞാൻ ലഹരിക്കടിമപ്പെട്ടു. എന്റെ ജീവനായ അമ്മയെ ഞാൻ ഉപദ്രവിക്കാൻ തുടങ്ങി. കരയുവാൻ പോലും എന്നെക്കൊണ്ടാവുന്നില്ല. അന്നവിടെ വെച്ച് മരിച്ചു പോയെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു പോയിരുന്നു. എന്റെ അവസ്ഥ മറ്റാർക്കും വരാതിരിക്കട്ടെ. അമ്മ എന്നോട് ക്ഷമിക്കണം. ഞാൻ പോവുന്നു എന്നെന്നേക്കുമായി. വായിച്ചുതീരുംമുൻപേ അയാളുടെ കണ്ണുകളിൽ കണ്ണുനീർ അണക്കെട്ട് തീർത്തിരുന്നു. അവ പൊട്ടാൻ ഒരുങ്ങിയിരുന്നു. വീടിനുള്ളിലെ മഞ്ഞ വെളിച്ചത്തിന് മാഞ്ഞു തുടങ്ങിയ ഓർമ്മകളെ വീണ്ടും ഉണർത്താനുള്ള കഴിവുണ്ടായിരുന്നു. കേടുപറ്റാത്ത മനസ്സിന്റെ ഒരു ഭാഗത്തു നിന്നും അനുഭവങ്ങൾ ഓർമ്മകളായി ആവർത്തിച്ചു. മരണം കയ്യൊഴിഞ്ഞു പോയ ജീവിതം അയാൾ ഓർത്തെടുത്തു.

ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ആയ ദിവസം ഇതേ വീട്ടിലേക്ക് തന്നെ തിരിച്ചുവന്നു. പതിവിലും വിപരീതമായി അവിടെ ആൾക്കൂട്ടം ഉണ്ടായിരുന്നു. ഒരു നിമിഷം മനസ്സ് ഒന്ന് പിടഞ്ഞു. ആ നിമിഷമവൻ കണ്ണുകളെ സംശയിച്ചു. ആരോ തന്നെ പറ്റിക്കുകയാണെന്ന്



സ്വയം വിശ്വസിച്ചു. പുറത്തുനിന്ന് ആരോ പറഞ്ഞു. 'ചാകുമ്പോ ഒരുമിച്ച് അങ്ങ് ചത്തിരുന്നേ. ഇതിപ്പോ..' കാതുകളും കണ്ണുകളും ഒരിക്കലും ഒരുമിച്ച് കള്ളം പറയുകയില്ലല്ലോ. പുറത്തേക്ക് വരാതെ കരച്ചിൽ തൊണ്ടയിൽ തന്നെ കുടുങ്ങി പിടഞ്ഞു. കണ്ണുനീർ പുറത്തേക്കു വരാൻ മടിച്ചു നിന്നു. അത് കാഴ്ചയെ മലിനമാക്കി. ചുറ്റിലും പടർന്ന ചന്ദനത്തിരിയുടെ മണം മൂക്കിലൂടെ ശിരസ്സിലേക്ക് പടർന്ന് ഭ്രാന്ത് പിടിപ്പിച്ചു. ചുട്ടുപൊള്ളുന്ന ചൂടിലും ശരീരം വിറയൽ കൊണ്ടു. ചുറ്റിലും മഞ്ഞു വീഴുന്നതു പോലെ തണുപ്പ് ദേഹമാസകലം പടർന്നു. പേടി അവനെ വിടാതെ പിന്തുടർന്നു. ഹോസ്റ്റൽ മുറിയിൽ വച്ച് നഗ്ന ശരീരത്തിൽ ഏൽക്കേണ്ടിവന്ന മുറിവിന്റെ പാടുകൾ ഓരോന്നും ദേഹമാസകലം പൊള്ളൽ ഉണ്ടാക്കി. കാലങ്ങളായി ഉള്ളിലൊതുക്കി വെച്ച കരച്ചിൽ നിലവിളി ശബ്ദവുമായി പുറത്തേക്ക് വന്നു. സ്വയം നിയന്ത്രണം നഷ്ടമായ ആ ഇരുപത് വയസ്സുകാരനെ അമ്മാവൻ ഇടപ്പെട്ട് ഭ്രാന്താശുപത്രിയിൽ എത്തിച്ചു.

അവിടെ നിൽക്കുന്ന ഓരോ നിമിഷവും മനസ്സ് പഴയതെന്തൊക്കെയോ തേടി. കണ്ണുനീർ ചോർന്നു. ഓർമ്മയിൽ പടർന്ന ചന്ദനത്തിരിയുടെ മണം വിട്ടൊഴിഞ്ഞു. നിർവികാരഭാവം മുഖത്ത് വീണ്ടും നിഴലിച്ചു. 500 രൂപ നോട്ട് മുറുകെപ്പിടിച്ച് കൊണ്ട് അയാൾ വീടുവിട്ടിറങ്ങി. അന്ന് ജീവിതം നഷ്ടപ്പെട്ടില്ല പക്ഷേ യാത്രാ മദ്ധ്യേ ജീവിതം തന്നെ എവിടെയോ നഷ്ടമായി. മറവി ബാധിച്ചു കൊണ്ടിരിക്കുന്ന മനുഷ്യന് ലഭിക്കുന്ന അനുകൂല്യം അയാളും കൈപ്പറ്റി. വഴിവീഥികൾ അപരിചിതമായികൊണ്ടിരുന്നു. ആളുകളുടെ തുറിച്ചുനോട്ടങ്ങൾ അയാളെ അലട്ടുന്നില്ല. ആവർത്തിച്ചു ചോദ്യങ്ങൾ ചോദിക്കുന്നതയാൾക്കൊരു ശീലമായി. ഒരു മനുഷ്യായുസ്സ് തീരും വരെ മറവി ബാധിച്ച മനസ്സുമായി വിനീത് എന്നയാൾ യാത്ര തുടർന്നുകൊണ്ടേയിരുന്നു.

# खूबसूरत हो तुम प्रकृति

**Theertha M.**
2nd DC Hindi

अंधेरा अपनी सुंदरता को छुपा लेता है।
और फिर जाग जाती है।
एक ताज़ा सुबह आशा जो लेकर आती है।
वसंत ऋतु आनंद लाती है।
फूलों से भरी हुई पुष्पवल्ली,
खिल उठती है,
ताज़गी से भेर विचारों को जन्म देती है ।
प्रकृति तुम अममा हो।
और
धरती माँ के कल्याण के लिए हुआ है ।



# Union Inauguration




യൂണിയൻ ഉദ്ഘാടനം എം. ഷാജർ
(യുവജനബോർഡ് ചെയർമാൻ) നിർവ്വഹിക്കുന്നു



ഫൈൻആർട്സ് ഉദ്ഘാടനം
ശ്രീ അജയ് ഗോപാൽ (ഗായകൻ)






സ്വരലയ
കോളേജ് യൂണിയൻ കലോത്സവം
PRNSS COLLEGE UNION
സ്വരലയ


കണ്ണൂർ സർവ്വകലാശാല യൂണിയൻ 2023-24
കലോത്സവം
SBI
STATE BANK OF INDIA



**യദുകൃഷ്ണ എം.ആർ**
നാടോടിനൃത്തം - 1st A Grade
ഭരതനാട്യം - 2nd A Grade
കുച്ചിപ്പുടി - 2nd A Grade



**ശിവനന്ദ ടി.കെ.**
മാപ്പിളപ്പാട്ട് - 1st A Grade
ലളിതഗാനം -1st A Grade
കർണ്ണാടിക് സംഗീതം - 3rd A Grade



**രമ്യ എ.**
ഭരതനാട്യം- 2nd A Grade
മോഹിനിയാട്ടം - 2nd A Grade
കേരളനടനം - 2ndA Grade



**സൂര്യനന്ദ പി.വി.**
നാടോടിനൃത്തം - 2nd A Grade
കുച്ചിപ്പുടി - 2nd A Grade



**വന്ദന സതീഷ്**
ഹിന്ദി പ്രസംഗം
3rd A Grade



**ഫാത്തിമത്ത് റഫ**
ഹിന്ദി പ്രബന്ധ രചന
3rd A Grade



**ശ്രീനേത്ര**
വിക്കി ആർട്ടിക്കിൾ
3rd A Grade



**സംഘഗാനം** - 2nd A Grade



**ഒപ്പന** - 3rd A Grade


PRNSS COLLEGE UNION 2024-2025
ANNUAL SPORTS MEET 2025
SPORTIGO




# SPORTS













# മട്ടന്നൂർ കോളേജിലൂടെ ഒരു ഇൻറർനാഷണൽ താരം

നേപ്പാളിൽ വച്ച് നടന്ന ഏഷ്യൻ സോഫ്റ്റ് ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ വനിതാ വിഭാഗം കിരീടം നേടിയ ഇന്ത്യൻ ടീമിൽ അംഗമായ **അനഘ**.

മട്ടന്നൂർ പഴശ്ശിരാജ എൻഎസ്എസ് കോളേജിൽ നിന്നാണ് സോഫ്റ്റ് ബേസ് ബോളിൻറെ ബാലപാഠങ്ങൾ അനഘ പടിച്ചത്. വളരെ പെട്ടെന്ന് തന്നെ ദേശീയ ടീമിലും അന്തർദേശീയ ടീമിലും അനഘയ്ക്ക് എത്തുവാൻ സാധിച്ചു. സോഫ്റ്റ് ബോളിലും ഹാൻഡ്ബോളിലും കണ്ണൂർ സർവകലാശാലയെ പ്രതിനിധീകരിക്കുവാനുള്ള അവസരവും അനഘയ്ക്കുണ്ടായി.



സോഫ്റ്റ് ബേസ്ബോൾ വുമൺ റണ്ണേഴ്സ്

# SPORTS ACHIEVEMENTS



സോഫ്റ്റ് ബോൾ റണ്ണേഴ്സ്



സ്വിമ്മിങ്ങ് ഗേൾസ് IInd റണ്ണേഴ്സ്



കളരിപ്പയറ്റ് ഓവറോൾ IInd റണ്ണേഴ്സ്



സോഫ്റ്റ് ബേസ്ബോൾ മെൻ ചാമ്പ്യൻസ്



വോളീബോൾ മെൻ റണ്ണേഴ്സ്



സോഫ്റ്റ് ബോൾ മെൻ ചാമ്പ്യൻസ്

# COLLEGE DAY



കോളേജ് ഡേ ഉദ്ഘാടനം : ചലച്ചിത്രതാരം സുഷിൻകുമാർ തിരുവങ്ങാട്













## അസോസിയേഷൻ സെക്രട്ടറിമാർ




**നേഹ വത്സരാജ്**
(ഇംഗ്ലീഷ്)



**ദിഷ്ണ പി.**
(പ്ലാന്റ് സയൻസ്)



**ദേവനന്ദ പി.**
(സുവോളജി)



**അനൈഘ എം.**
(ഫിസിക്സ്)



**ഫാത്തിമ സി.**
(കെമിസ്ട്രി)




**ഫാത്തിമത്തുൽ സഹല എം.പി.**
(മാത്സ്)



**അർച്ചന ഹരിദാസൻ**
(കൊമേഴ്സ്)



**നജീബ ജലീൽ**
(ഹിസ്റ്ററി)



**റിഫ ഫാത്തിമ**
(ഇക്കണോമിക്സ്)



**അനുഷ എം.**
(ഹിന്ദി)

## ക്ലാസ് പ്രതിനിധികൾ



**അർജ്ജുൻ പി.**
(പി.ജി. പ്രതിനിധി)



**വൃന്ദ**
(മൂന്നാം പ്രതിനിധി)



**നിള എൻ.ബി.**
(രണ്ടാം പ്രതിനിധി)



**ആദിത്യ കനകരാജ്**
(ഒന്നാം പ്രതിനിധി)

Best wishes

# PEE YEM
## HOLIDAYS

**PACKAGES**

- Domestic Packages
- International Packages
- Pilgrime Packages
- Kerala Hill Station Tour
- Kerala Wild Life Tour
- Kerala Backwater Packages

**MAYYIL, KANNUR**
**9562922974**
**8111922974**

Right journey to
Right enjoyment



# अलविदा लोसा

**Dr. Sumith P.V.**
**Dept. of Hindi**

लैटिन अमेरिकी साहित्य की महान प्रतिभा मारियो वर्गास लोसा (28 मार्च 1936-13 अप्रैल 2025) का निधन हो गया है। पेरू के उपन्यासकार, पत्रकार, निबंधकार और राजनीतिज्ञ के रूप में उनकी ख्याति थी। लैटिन अमेरिकी बूम के किसी भी अन्य लेखक की तुलना में लोसा का अंतर्राष्ट्रीय प्रभाव अधिक था। बौद्धिक प्रकाश से भरी अपनी लेखन शैली से दुनिया भर के पाठकों के दिल जीतने वाले मारियो का निधन अपनी 88 वीं उम्र में था। उनके आधी सदी से लंबे लेखन करियर में सत्ता और मनुष्य के बीच व्याप्त कठिन संबंध की झलक देखने को मिलती है। लोसा ने लगभग एक दर्जन उपन्यास, नाटक, राजनीतिक लेख और कई साहित्यिक आलोचनाएं लिखीं। उन्होंने स्वतंत्रता प्राप्त लैटिन अमेरिकी देशों में लोकतंत्र के लिए आवाज उठाई। 1990 में पेरू के राष्ट्रपति चुनाव में अल्बर्टो फुजीमोरी के खिलाफ खड़े होकरलोसा असफल भी हुए थे।

सैन्य अकादमी में अपने युवक जीवन के अनुभवों पर आधारित उपन्यास द टाइम ऑफ द हीरो (1963) उनका पहला उपन्यास था। कन्वर्सेशन्स इन द कैथेड्रल (1969) ने उन्हें लैटिन अमेरिकी साहित्य क्षेत्र में प्रमुखता दिलाई। द वार फॉर दि एंड ऑफ द वर्ल्ड, आंट जूलिया एंड द स्क्रिप्टराइटर और दफीस्ट ऑफ द गोटजैसे उपन्यासों के अनूदित रूप आए और खूब चर्चित हुए।


जब 2015 में लैटिन अमेरिकी लेखकों को दुनिया में सबसे आगे लाने वाले साहित्यिक एजेंट कारमेन बालसेल्स की मृत्यु हुई, तो मारियो वर्गास लोसा ने लिखा: 'प्रिय कारमेन, हम जल्द ही मिलेंगे।' हालांकि कई साल बीत तो गए फिर भी लोसा ने अब 13 अप्रैल को अपना वादा निभाया।2023 में, लोसा ने एक और घोषणा की कि पूरी हो चुकी किताब 'आई डेडिकेट यू माई साइलेंस' उनका आखिरी उपन्यास होगा और वह लेखन से खुद को रिहा कर रहे हैं। लिखे बिना लोसा की कल्पना भी हम नहीं कर सकते।उम्र बढ़ने परउनका लेखन और अधिक तीव्र होता गया। इसीलिए अब उन्होंने न सिर्फ लेखन से बल्कि जीवन से भी अपना नाता तोड़ दिया है।

2010 में साहित्य के लिए नोबेल पुरस्कार प्राप्त करते हुए उन्होंने उदार लोकतंत्र और अभिव्यक्ति की स्वतंत्रता पर व्याख्यान दिया था।उनके लेखन में जबरदस्त वैविध्य, भाषाई बेबाकपन, हास्य और तल्खी का सामंजस्य आदि विशिष्ट गुण हम देख पायेंगे। 1960 और 1970 के दशक में वर्गास लोसा ने क्यूबा की क्रांति, उपनिवेशीकरण की प्रक्रिया और समाजवादी प्रयोगों का जमकर समर्थन किया।उन्होंने हमेशा सामाजिक मामलों में समाजवाद की उपलब्धियों पर भरोसा किया तथाउन्हें लैटिन अमेरिकी देशों द्वारा सामना की जाने वाली समस्याओं के वैश्विक समाधान का हिस्सा माना।गौरतलब है कि लोसा ने लेखन को दुख से लड़ने का एक तरीका माना। बीसवीं सदी के मशहूर लेखक गब्रिएल मार्केस के साथ उनकी अनबन थी।

लोसा ने अपना मूल स्थान पेरू को छोड़ कर कई अन्य देशों और भाषाओं में रहने लगे थे। उन्होंने विदेशों की राजनीति के बारे में भी विस्तार से लिखा। पेरू के साथ-साथ, उनकी रचनाओं में ब्राजील, ग्वाटेमाला, डोमिनिकेन गणराज्य, आयरलैंड और कांगो जैसी जगहों को भी स्थान मिला।

हालांकि मिलन कुंदेरा की तरह उनकी लेखन शैली अलग तो थी फिर भी कुंदेरा के जैसे अधिकार और सेक्स जैसे विषयों ने लोसा के साहित्य को आगे बढ़ाने का कार्य किया। कुल मिलाकर, लोसा के साहित्य के दो तरह के महत्वपूर्ण विषय रहे हैं – प्रथम, स्वयं के जीवन से संबंधित भावनात्मक विषय और दूसरा राजनीतिक विषय। उनमें से दूसरे प्रकार के विषयों से उनकी पहचान बनी थी।





# UNESCORTED

Nandana Mohandas
Ist DC English

The wind hits hard
The light hits sharp
No wonder my thoughts crossed
miles ahead from me
The delighted mind explores the
gained freedom
Mind ranges over the infinite world
of tales
The nature narrates stories
I was just a audiophile to the nature
"The story of the mankind" said the
mother land
The tale of war,hatred jealousy and
so on...
Thus the synthetic world
gets suffocated
Iam free Iam free
Free from the destructive world
In search of a placed land
The land of joy, love, humanity
the land of God
Why humans fight why and for what
Yet all ends in calm
Begun in silence and end in silence
Still I felt the breeze by my side
They yell all around
Even why not silence?
Again _
The wind hits hard.


# ആവേശം, അഭിമാനം
## ഒരു റിപ്പബ്ലിക്ക് ഡേ പരേഡ്

**അമൃത എം.**
**മൂന്നാം വർഷം ഹിസ്റ്ററി**

എന്റെ പേര് അമൃത ഞാൻ 2024ൽ കേരള ലക്ഷദ്വീപിനെ പ്രതിനിധീകരിച്ച് കൊണ്ട് ഡൽഹിയിൽ നടന്ന റിപ്പബ്ലിക് ഡേ ക്യാമ്പിൽ പങ്കെടുക്കുകയുണ്ടായി. കോളേജിൽ ഒന്നാം വർഷം എൻ.സി.സി.യിൽ ജോയിൻ ചെയ്ത സമയത്ത് ഇത്തരം ക്യാമ്പിനെ കുറിച്ച് കൂടുതൽ അറിവൊന്നും ഉണ്ടായിരുന്നില്ല. പിന്നീട് ക്യാമ്പ് സെലക്ഷൻ വന്നപ്പോൾ ട്രൈ ചെയ്യാൻ തോന്നി .അങ്ങനെയായിരുന്നു ആദ്യത്തെ ക്യാമ്പിലേക്കുള്ള സെലക്ഷൻ കിട്ടിയത്. RDC യിലേക്കുള്ള സെലക്ഷൻ 10 ക്യാമ്പ് ആയിട്ടാണ് നടക്കുന്നത്. ഞാൻ drill ആയിരുന്നു പങ്കെടുത്തത് അതു കൊണ്ടുതന്നെ ഓരോ ക്യാമ്പിലും നല്ല രീതിയിൽ പ്രാക്ടീസ് ഉണ്ടായിരുന്നു. എല്ലാ ക്യാമ്പും വ്യത്യസ്ത അനുഭവങ്ങളാണ് എനിക്ക് നൽകിയത്. ആദ്യമൊക്കെ ക്യാമ്പ് സെലക്ഷൻ ഒരു task മാത്രമായാണ് ഞാൻ കണ്ടത്. പിന്നീട് അതൊരു വാശിയായി തോന്നി. തിരുവനന്തപുരത്ത് വച്ച് നടന്ന അവസാന PRE RDC ക്യാമ്പ് സെലക്ഷൻ കിട്ടിയപ്പോൾ ഒരുപാട് സന്തോഷം തോന്നി.

പിന്നീടങ്ങോട്ട് ഡൽഹി യാത്രയായിരുന്നു.ആകാംക്ഷയും സന്തോഷവും ഭയവും എല്ലാം നിറഞ്ഞ ഒരു യാത്ര. ഒരു മാസം ഡൽഹി DGNCC ക്യാമ്പിൽ ആയിരുന്നു. ഡൽഹിയിലെത്തി മൂന്നു ദിവസത്തിനുള്ളിൽ ഓൾ ഇന്ത്യ സെലക്ഷൻ ആയിരുന്നു. ടിവിയിൽ മാത്രം ഞാൻ കണ്ട റിപ്പബ്ലിക്ഡേ പരേഡിൽ all India Kartavyapath ആയി സെലക്ഷൻ കിട്ടി. അങ്ങനെ ജനുവരി 26 ന് വേണ്ടിയുള്ള തുടർച്ചയായ പ്രാക്ടീസ്. പ്രാക്ടീസിനിടയിൽ ഒരു ദിവസം ഞാൻ കാണാൻ ആഗ്രഹിച്ച ഇന്ത്യഗേറ്റിലേക്ക്. പിന്നീട് അങ്ങോട്ട് ജനുവരി 26 വരെ രാഷ്ട്രപതിഭവൻ മുതൽ ഇന്ത്യഗേറ്റ് വരെ പ്രാക്ടീസ്. ജനുവരി 26 അന്ന് NCC GIRLSൽ ഒരാളായി ഞാനും പരേഡ്ചെയ്തു. ഒരുപാട് സന്തോഷവും അഭിമാനവും തോന്നിയ നിമിഷം....At that moment, I felt very proud to be an ഇന്ത്യൻ!!!





# RDC Delhi
## A Dream That Kept Me Awake

**Aryananda K.**
2nd DC Chemistry

From admiring the RDC medal from afar to finally wearing it on my chest, the feeling was indescribable. My journey was marked by self-doubt and constant questions—Can I really achieve this? But it was my passion, perseverance, and the unwavering support of my parents, teachers, and friends that transformed this dream into reality.

My journey began with failure. During the inter-battalion drill selection, I wasn't selected. On the return journey, while most were celebrating their selection, I was part of the silent few whose RDC dreams seemed to have ended before they even began. But just when the path seemed blocked, the cultural selection offered me a new way to chase my dream.

On August 05, 2024, my first RDC preparatory camp began. Surrounded by talented and like-minded cadets—all with the same dream of earning the RDC medal—I knew the competition would be fierce. We won first place in Group Dance at the inter-group competition. That win felt like hitting a crucial milestone in my journey.

The pre-RDC camps were intense. Cadets from across Kerala—State Kalolsavam champions, seasoned performers, and high achievers—had gathered. For many, it was a contest of talent; for me, it was about securing my place in something bigger than myself.

Days passed in a blur of sleepless practice nights, late-night costume fixes, and long queues for tea after exhausting dance sessions. And then, the moment I had been dreaming of—I saw my name on the final list. Tears filled my eyes. It was a once-in-a-lifetime feeling.

On December 24, 2024, I boarded the Rajdhani Express, filled with gratitude.

Three days later, on December 27, we arrived in Delhi—the dreamland I had only seen in pictures. The experience felt surreal.

I was selected for Group Dance, Ballet, and the PM Rally Inter-Directorate Competitions. Eventually, our directorate secured first position in both PM Rally and Group Dance—a moment of pride and honour I will cherish forever.The most unforgettable moment was meeting the primeminister and the other dignitaries. Standing infront of them, listening to their words It felt like an achievement beyond words.

Looking back, I see a cadet who once only dreamed of that medal, and who worked relentlessly to earn it.

I know this is not the end. It's the beginning of a new chapter—a journey to becoming stronger, better, and unstoppable.



അലക്ഷ്യമായി കടന്നു പോവുന്ന നമ്മുടെ ജീവിത വീഥികളിൽ ഒരു ചെറു പുഞ്ചിരിയിലൂടെയെങ്കിലും നന്മയുടെ പ്രകാശം പരത്തുന്ന ചിലർ...! ഹെലൻ ' സിനിമയിലെ മാളിന്റെ വാതിലിനരികിൽ നിശബ്ദമായി നിൽക്കുന്ന സെക്യൂരിറ്റി ഗാർഡ് ഒരു ചെറിയ കഥാപാത്രം ആണെങ്കിൽ കൂടി ഹൃദയങ്ങളിൽ സ്ഥാനമുറപ്പിക്കുന്നത് കേവലമൊരു മന്ദഹാസത്തിലൂടെയാണ്. അത്തരത്തിലുള്ള സാന്നിധ്യം നമ്മുടെ കോളേജ് ഗേറ്റിലും ഉണ്ട്. എത്ര പേർ അവരെ ശ്രദ്ധിക്കാറുണ്ടെന്ന് അറിയില്ല. എങ്കിലും ചിലർക്കൊക്കെ കോളേജ് കവാടം കടക്കുന്നതിന് മുൻപുള്ള ആദ്യ സന്തോഷരേഖ അവരാണ്. നമ്മൾ കൃഷ്ണേട്ടൻ എന്ന് സ്നേഹത്തോടെ വിളിക്കുന്ന ബാലകൃഷ്ണൻ ചേട്ടനും മുകുന്ദേട്ടനും.



# जब तक मैं बना शिकार....

ना हुई खबर उस दिन की
जिस दिन बना मैं गुनाहगार
ना हुई एहसास उस गलती का
जब थी जेब में बेहोश के टुकड़ें
खो दी दिलचस्पी उन सबसे
जिनमें बस्ती थी परिवार की खुशियाँ
टूट गया वह देखा हुआ सपना ,
जिसमें मैंने पहना था काला कपडा
हँसे मुझपर वही लोग
जिन्होंने दी थी मुझे इज़जत
हाथों ने भर लिया जेब
और बातों ने दे दिया दर्द ।
करवट ने उड़ा दिया बिस्तर से नींद
दोस्त मिलवाया कांच के बोतल
आधा पेट भरा पाने से
आधा बाकी भरा तानो से
चाहत रहा अधूरी
सपना हो गया टूटा
कसम खायी खुद से
छोड़ दिया दिल से
जब तक मैं बना अर्बुद का शिकार ।

Fathimathu Rafa M.
2nd DC Hindi

# മാഗസിൻ പിറവി ഓർമ്മകളുടെ കടലിരമ്പം










ഓർമ്മകളുടെ നേർചിത്രങ്ങളാണ് ഓരോ മാഗസിനും. അവ കലാലയത്തിന്റെ ഇന്നലെകളിലേക്ക് നമ്മെ കൈ പിടിച്ച് നടത്തും.

ഓരോ മാഗസിനും നാളെയുടെ ഓർമ്മ പുസ്തകം കൂടിയാണ്. ഓരോ വർഷങ്ങളെയും അടയാളപ്പെടുത്തി മുൻപോട്ട് പോകുന്ന അവ, നമ്മളൊക്കെ ഈ കലാലയത്തിന്റെ ഭാഗമായിരുന്നുവെന്ന് എത്ര നാൾ കഴിഞ്ഞാലും ഓർമ്മപ്പെടുത്തും. മാഗസിൻ പ്രവർത്തനങ്ങളുമായി കലാലയ ജീവിതത്തിൽ വിദ്യാർത്ഥികൾക്ക് ഇടയിൽ സജീവ ഇടപെടൽ നടത്തിയ അന്നത്തെ കാലത്തെ എഡിറ്റർമാർ അവരുടെ മാഗസിൻ അനുഭവങ്ങൾ പങ്കുവെക്കുന്നു

ബിനീഷ് പി.പി.
(എഡിറ്റർ, പോർക്കലി)



വർഷം 2000 'പോർക്കലി ' എന്ന മാഗസിൻ പഴശ്ശിരാജയിൽ പിറന്ന കാലമാണ്. കൃത്യം 25 വർഷങ്ങൾക്ക് മുൻപേ , ഞാനന്ന് രണ്ടാം വർഷ ചരിത്ര വിദ്യാർത്ഥി . ആ വർഷം ആ ക്ലാസിൽ നിന്ന് മൂന്ന് പേർ കോളേജ് യൂണിയൻ ഇലക്ഷനിൽ മേജർ സീറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. യു.യു.സിയായി വി. ശിവദാസനും (ഇന്നത്തെ രാജ്യസഭാ MP) ഫൈൻ ആർട്സ് സെക്രട്ടറിയായി സജീവൻ കൊട്ടാരവും പിന്നെ മാഗസിൻ എഡിറ്ററായി ഞാനും. സി.വി ബിനിഷ് ചെയർമാനായ കോളേജ് യൂണിയൻ പലത് കൊണ്ടും വ്യത്യസ്തവും മികച്ചതുമായിരുന്നു. മലയാളത്തിന്റെ മഹാനായ സംഗീതജ്ഞൻ കെ.രാഘവൻ മാസ്റ്റർ, പഴശ്ശിരാജയിലെ പൂർവ്വവിദ്യാർത്ഥിയും മലയാള ചലച്ചിത്ര രംഗത്തെ ബഹുമുഖ പ്രതിഭയുമായ നടൻ ശ്രീനിവാസൻ, സംഗിതഞ്ജൻ കാഞ്ഞങ്ങാട് രാമചന്ദ്രൻ, ചെറുകഥാകൃത്ത് ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, എം.എൽ.എ.മാരായ എം.വി ഗോവിന്ദൻ മാസ്റ്റർ', കെ.ടി കുഞ്ഞിമുഹമ്മദ് തുടങ്ങി സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയരംഗത്തെ ഒട്ടനവധി ആളുകൾ ആ വർഷത്തെ യൂണിയൻ പരിപാടിയുടെ ഭാഗമായി ക്യാമ്പസ്സിന്റെ സാംസ്കാരിക ഊർജസ്വലതയെ മറ്റൊരു നിലവാരത്തിലേക്ക് ഉയർത്തി. ഈ അനുഭവം പുറത്തിറങ്ങാനിരിക്കുന്ന കോളേജ് മാഗസിനിൽ നിലനിർത്തുക എന്ന വലിയ വെല്ലുവിളിയാണ് എനിക്ക് നേരിടേണ്ടി വന്നത്. പ്രീഡിഗ്രിയും, ഡിഗ്രിയും പിജിയുമായി 1500ൽ അധികം വിദ്യാർത്ഥികൾ, വേണ്ടത് അതിലുമധികം കോപ്പികൾ , തുഛമായ മാഗസിൻ ഫണ്ട്, അടുത്ത് വാണിജ്യപരമായി വികസിക്കാത്ത പട്ടണങ്ങളായ മട്ടന്നൂരും ഇരിട്ടിയും... പരസ്യം കണ്ടെത്തൽ ശ്രമകരമായിരുന്നു. തലശ്ശേരിയും കണ്ണൂരും കേന്ദ്രീകരിച്ച് നടത്തിയ പ്രവർത്തനത്തിന് ചെറിയ ഫലം ലഭിച്ചു. ഇന്നർപേജുകളിൽ കുറച്ചെങ്കിലും കളർ പ്രിന്റായി ഇറങ്ങിയത് പോർക്കലിയിലൂടെയായിരുന്നു. എഴുതിയവരിൽ വിമൽപ്രസാദ് അറിയപ്പെടുന്ന കവിയായി മാറി. വരച്ചവരിൽ ഒരു പേജ് മുഴുവൻ കാർട്ടൂണിനായി വേണമെന്ന് പറഞ്ഞ് വാശിപിടിച്ച് വരച്ച സാജൻ കുന്നോത്ത്, സാജൻ മണി എന്ന പേരിൽ യൂറോപ്പിലെ തന്നെ അറിയപ്പെടുന്ന കൺടംപററി ആർട്ടിസ്റ്റായി, ബെർ

ലിൻ ആർട്ട് അവാർഡ് ഒക്കെ കരസ്ഥമാക്കി ലോകമെമ്പാടുമുള്ള ആർട്ട് ബിനാലെകളിൽ നിറഞ്ഞുനിൽക്കുന്നു. പണം പറ്റാതെ മുഖചിത്രവും ലേഔട്ടും നടത്തിയ ചിത്രകലാധ്യാപകൻ ജോയ് കുമാർ ശിവപുരം വിട്ടു പിരിഞ്ഞു. ഇല്ലസ്ട്രേഷൻ നടത്തിയ ആർട്ടിസ്റ്റ് ലാൽജിത്ത് അയ്യലൂർ മാതൃഭൂമി ആഴ്ചപ്പതിപ്പിലൊക്കെ വരച്ച് പിന്നീട് അപ്ലയ്ഡ് ആർട്ട് മേഖലയിൽ പ്രതിഭയായി. കഴിഞ്ഞു പോയ കോളേജ് യൂണിയൻ പ്രവർത്തനത്തെയും കൊഴിഞ്ഞുപോയ ഒരു വർഷത്തെ കോളേജ് ജീവിതത്തെയും അതനുഭവിച്ച വിദ്യാർത്ഥികളെ ഓർമ്മപ്പെടുത്താനും മാഗസിൻ താളുകളിലൂടെ അതനുഭവിക്കാത്ത ആളുകൾക്ക് മുൻപിൽ അവതരിപ്പിക്കാനുമായത് കൊണ്ട് പോർക്കലി എന്നെ സംബന്ധിച്ചിടത്തോളം സമരാവേശത്തിന്റെ ജ്വലിക്കുന്ന ബിംബമായും നഷ്ടപ്പെടലിന്റെ ദു:ഖമായും തിരിച്ചു വരവിനുള്ള ഓർമ്മയായും നിറഞ്ഞുനിൽക്കുന്നു.

# മാഗസിൻ പുറത്തിറക്കാൻ പറ്റാതെ പോയ ഒരു എഡിറ്റർ

**വിമൽ പ്രസാദ്**



സാധാരണയായി കോളേജ് മാഗസിനുകളിൽ ഉൾപ്പെടുത്താറുള്ളത് അത് പ്രസിദ്ധീകരിക്കപ്പെടുന്ന കാലത്ത് ക്യാമ്പസിൽ വിദ്യാർത്ഥികൾ ആയിരിക്കുന്നവരുടെ രചനകളാണ്. എന്നാൽ വർഷങ്ങൾക്കു മുമ്പ് ക്യാമ്പസ് വിട്ടുപോയവർ അന്നത്തെ മാഗസിനിൽ ഉൾപ്പെടുത്താൻ വേണ്ടി എഴുതി നൽകിയ രചനകൾ ഏറെ കാലത്തിന് ശേഷം പിറന്ന ഒരു കോളേജ് മാഗസിനിൽ വെളിച്ചം കണ്ടതിന്റെ ഓർമ്മയാണ് ഇവിടെ പങ്കുവയ്ക്കുന്നത്. അത്തരമൊരു അനുഭവം മറ്റേതെങ്കിലും കലാലയത്തിൽ ഉണ്ടായിട്ടുണ്ടാവുമോ എന്ന് സംശയമാണ്. ഇല്ലെങ്കിൽ ഇനിയങ്ങനെ ഉണ്ടാവാതിരിക്കട്ടെ.

2000 ൽ ആയിരുന്നു അത്. ഈ സഹസ്രാബ്ദത്തിന്റെ ആദ്യവർഷത്തിൽ മട്ടന്നൂർ കോളേജിൽ പുറത്തിറങ്ങിയ കോളേജ് മാഗസിനിൽ. 'പോർക്കലി' എന്നായിരുന്നു ആ മാഗസിന് നൽകിയ പേര്. കോളേജ് മാഗസിന് പേര് നൽകുന്ന പതിവ് അന്നുവരെ പഴശ്ശിരാജ എൻ.എസ്.എസ്. കോളേജിൽ ഉണ്ടായിരുന്നില്ല. പതിവ് തെറ്റിച്ചിറങ്ങിയ ആ മാഗസിനിൽ പതിവ് തെറ്റിച്ച് മറ്റൊരു കാര്യം കൂടി ഉണ്ടായിരുന്നു. അതിന്റെ ഉള്ളടക്കത്തിലെ കുറച്ചു പേജുകൾ മറ്റൊരു മാഗസിൻ തന്നെ ആയി

രുന്നു. ഒരു പതിറ്റാണ്ട് മുൻപ്, കൃത്യമായി പറഞ്ഞാൽ 199091 കാലഘട്ടത്തിൽ, മട്ടന്നൂർ കോളേജിൽ പഠിച്ചിരുന്നവർ അന്നത്തെ എഡിറ്ററെ ഏൽപ്പിച്ച രചനകൾ ആയിരുന്നു ആ താളുകളിൽ. വർഷങ്ങൾക്കിപ്പുറം മറ്റൊരു മാഗസിന്റെ ഒന്നു രണ്ടു പേജുകളിലായി കാലം തെറ്റി പുറത്തിറങ്ങിയ ആ 'മാഗസിന്' ഞങ്ങൾ അന്നത്തെ എഡിറ്ററുടെ പേരിട്ടു ബഷീർ. 199091 അധ്യയന വർഷത്തിൽ മട്ടന്നൂർ പഴശ്ശി രാജ എൻഎസ്എസ് കോളേജിൽ സ്റ്റുഡന്റ് എഡിറ്റർ ആയിരുന്നു പുതിയ വീട്ടിൽ ബഷീർ. 1991 മാർച്ച് 6 ന് കോളേജിലെ കാന്റീനിനു മുന്നിൽ വച്ചുണ്ടായ സംഘർഷത്തിൽ ബഷീർ കൊല്ലപ്പെടുകയായിരുന്നു. പാതിയിൽ തല്ലിക്കൊഴിച്ചു കളഞ്ഞ ആ ചെറുപ്പക്കാരന്റെ സ്വപ്നങ്ങളിൽ ഒന്നായി ആ വർഷത്തെ കോളേജ് മാഗസിനും ഉപേക്ഷിക്കപ്പെട്ടു.

ബഷീറിന്റെ ഓർമ്മകൾ വിട്ടുപോവാത്ത മട്ടന്നൂർ കോളേജിന്റെ കുന്നുകയറിയാണ് പത്തു വർഷങ്ങൾക്കുശേഷം ഞങ്ങളവിടെ പഠിക്കാൻ ചെല്ലുന്നത്.

2000 ൽ 'പോർക്കലി' യുടെ ഉള്ളടക്കത്തെ കുറിച്ച് ആലോചിച്ചപ്പോൾ ഞങ്ങൾ ബഷീറിനെ ഓർമ്മിച്ചു. ബഷീറിന് പുറത്തിറക്കാൻ കഴിയാതെ പോയ മാഗസിനെക്കുറിച്ച് ആലോചിച്ചു. അന്ന് ഒന്നാം വർഷം ബിരുദ വിദ്യാർത്ഥിയായിരുന്നു ഞാൻ. സാഹിത്യതൽപരരായ ഞങ്ങൾ കുറച്ചുപേരെ മാഗസിന്റെ പിന്നണി പ്രവർത്തനങ്ങൾ ഏൽപ്പിച്ചിരുന്നു. ഇന്ന് കണ്ണൂർ സർവ്വകലാശാലയിൽ അധ്യാപകനായ ബിനീഷ് പി. പി. ആയിരുന്നു മാഗസിന്റെ സ്റ്റുഡന്റ് എഡിറ്റർ. പപ്പൻ മാഷ് (ഡോ: സി. പത്മനാഭൻ) സ്റ്റാഫ് എഡിറ്ററും. പുസ്തകമായി പുറത്തിറക്കാനാവാതെ പോയ തന്റെ സ്വപ്നത്തിന് വേണ്ടി ബഷീർ കരുതിവച്ച എഴുത്തുകൾ എന്തെങ്കിലുമുണ്ടെങ്കിൽ അത് ആ വർഷത്തെ മാഗസിനിൽ ഉൾപ്പെടുത്താൻ ഞങ്ങൾ തീരുമാനിച്ചു.

എന്റെ വീട്ടിൽ നിന്ന് ഒന്നര കിലോമീറ്റർ മാത്രം അകലെയായിരുന്നു ബഷീറിന്റെ വീട്. ഇരുപത്തിയൊന്നാം മൈലിൽ. ഒരു ദിവസം രാവിലെ ഞാനാ വീട്ടിൽ ചെന്നു. മാഗസിനിൽ ഉൾപ്പെടുത്തുന്നതിനായി വിദ്യാർത്ഥികൾ നൽകിയ രചനകൾ ബഷീർ സൂക്ഷിച്ചു വെച്ചിട്ടുണ്ടായിരുന്നു. ബഷീർ പോയിക്കഴിഞ്ഞ് അവന്റെ ഓർമ്മകൾക്കൊപ്പം വീട്ടുകാർ ആ കടലാസ്സുകളും കൈമോശം വരാതെ എടുത്തു വെച്ചു. എനിക്കത് കൈമാറുമ്പോൾ ബഷീറിന്റെ സഹോദരൻ റഹീമിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

അന്നു രാത്രി ഞാനാ കടലാസ്സുകൾ പലകുറി മറിച്ചു നോക്കി. ബഷീറാണ് ഞാൻ എന്ന് വെറുതെ സങ്കൽപ്പിച്ചു. പൂർത്തിയാക്കാൻ പറ്റാതെ പോയ അവന്റെ മാഗസിൻ മനസ്സിൽ കണ്ടു. അതിന്റെ എഡിറ്റോറിയൽ എങ്ങനെയാവുമെന്ന് ആലോചിച്ചു. എനിക്ക് സങ്കടം വന്നു. 'കൈപിടിച്ചു നടന്ന വരാൽ കുരുതി ചെയ്യപ്പെട്ട ബഷീർ, കാലത്തിന്റെ പുസ്തകത്തിൽ നിന്ന് നിന്റെ കയ്യൊപ്പ് ഞങ്ങൾ കണ്ടെടുക്കുന്നു..' എന്ന് തുടങ്ങുന്ന കുറച്ചു വരികൾ ആ രാത്രിയിൽ എഴുതി. ആ വരികളുടെ ആമുഖക്കുറിപ്പോടെ 2000ലെ കോളേജ് മാഗസിനിൽ 'ബഷീർ മാഗസിനി'ലെ രചനകൾ കാലം തെറ്റി പ്രസിദ്ധീകരിക്കപ്പെട്ടു.

കോളേജ് മാഗസിനിന് തങ്ങളുടെ രചനകൾ നൽകിയ അന്നത്തെ കുട്ടികളിൽ ആരെങ്കിലും വർഷങ്ങൾക്കിപ്പുറം അവ പ്രസിദ്ധീകരിച്ചു വന്നത് അറിഞ്ഞോ എന്നറിയില്ല. പൂർത്തിയാക്കാൻ പറ്റാതെ പോയ തന്റെ സ്വപ്നത്തിന്, പിന്നീട് കോളേജിന്റെ കുന്ന് കയറി വന്ന അനിയന്മാർ അവരുടെ താളുകൾ ഇടം നൽകിയത് ബഷീറും അറിഞ്ഞു കാണില്ല. എത്ര വിചിത്രവും ക്രൂരവുമായ മാർഗ്ഗങ്ങളിലൂടെയാണ് കാലം ചിലപ്പോൾ നീതി നടപ്പിലാക്കുന്നത്!

**രജീഷ് ബാബു**
**(എഡിറ്റർ, റാന്തൽ)**

**തി**രസ്കാര ഭീഷണിയെ അതിജീവിച്ച് പുറത്തുവന്ന ഒരു മാഗസിന്റെ എഡിറ്റർക്ക് എന്താണ് പറയാനുള്ളതെന്ന് നിങ്ങൾ കേൾക്കണം. കാരണം നിങ്ങൾ വായിച്ചു മറന്ന ഓരോ പേജുകൾക്കും പിന്നിൽ ഊണും ഉറക്കവും വീടും നാടും ഉപേക്ഷിച്ച് നടന്ന ഓരോ ദിവസങ്ങളുണ്ട് ക്യാമ്പസും ക്ലാസുകളും നഷ്ടപ്പെടുത്തി ഉണ്ണാതെ ഉറങ്ങാതെ ഇരുന്ന ദിനങ്ങൾ ആണവ. എനിക്ക് മുൻപേ കടന്നുപോയവർ സഞ്ചരിച്ച കാലടയാളങ്ങളിലെ ചോര വഴിയിലൂടെ തന്നെയായിരുന്നു എനിക്കും സഞ്ചരിക്കേണ്ടി വന്നത്. എനിക്ക് മുൻപ് ഉണ്ടായിരുന്നത് പറഞ്ഞു കേട്ട അറിവ് മാത്രമായിരുന്ന എഡിറ്റർമാരുടെ അനുഭവങ്ങൾ സ്വന്തം ജീവിതം കൊണ്ട് അനുഭവിച്ചെടുത്തതിനാൽ മാഗസിൻ എഡിറ്ററുടെ ആർക്കും മനസ്സിലാകാത്ത സങ്കടങ്ങൾ എനിക്കും പകർത്താതെ വയ്യ.

യൂണിയൻ പ്രവർത്തനങ്ങളെ ഉത്സവങ്ങൾ ആക്കി മാറ്റാൻ പാടുപെടുമ്പോൾ ഒപ്പമുണ്ടായിരുന്നവരെല്ലാം ഒരു വേനലിൽ പരീക്ഷയുടെ ഒടുക്കം പടിയിറങ്ങി പോയപ്പോഴാണ് ഞാൻ ഇപ്പോഴും പാതിവഴിയിൽ തന്നെയാണെന്ന് ഓർത്തത്. അപ്പോൾ പരസ്യങ്ങൾ തേടി വെയിലും വെറുപ്പുമേറ്റ് എഡിറ്റർ തെരുവിൽ ഒറ്റയ്ക്കാകുന്നു. സ്ഥാപനങ്ങളുടെ ബോർഡുകൾ നോക്കി തെരുവ് മുഴുവൻ അലഞ്ഞു നടക്കുമ്പോൾ 'ഈ എഡിറ്റർമാരെ കൊണ്ട് എന്ത് ശല്യം', 'നിങ്ങൾക്ക് വേറെ പണിയൊന്നുമില്ലേ..?' എന്ന് പറഞ്ഞ് അപമാനിച്ചവരുടെ വാക്കുകൾ ഒന്നും കേട്ടില്ലെന്ന് നടിച്ച് എല്ലാ വിഷമങ്ങളും ഉള്ളിലമർത്തി കടം വാങ്ങിയും അത് തീരുമ്പോൾ പട്ടിണികിടന്നും, തെരുവായ തെരുവുകൾ മുഴുവൻ പിടിക്കേണ്ട പരസ്യങ്ങളുടെ കനത്ത ബാധ്യതയുമായി അലയുമ്പോൾ വേദനകളിൽ പങ്കുചേരാൻ ഉണ്ടായിരുന്നത് വളരെ ചുരുക്കം പേർമാത്രം.




ഒടുവിൽ ഊണും ഉറക്കവും നഷ്ടപ്പെട്ട നീണ്ട ദിനരാത്രങ്ങൾക്കൊടുവിൽ മാഗസിൻ പുറത്തിറങ്ങിയപ്പോൾ അത്ര സുഖകരമായ നാളുകൾ ആയിരുന്നില്ല കാത്തിരുന്നത്. ഉള്ളടക്കത്തിൽ അശ്ലീലമുണ്ടെന്ന കപടസദാചാര വാദികളുടെ വാദഗതിയിൽ മാഗസിന്റെ ഭാവി തന്നെ തുലാസിൽ നിർത്തി ദിവസങ്ങളോളം കലാലയത്തിൽ അധ്യയനം തടസപ്പെടുത്തി, സമൂഹത്തിൽ ആ കവിത വിചാരണ ചെയ്യപ്പെട്ടു. കവിതയിലല്ല വായിക്കുന്നവന്റെ കണ്ണുകളിലാണ് അശ്ലീലമെന്ന് മുഖ്യധാരാ

പത്രങ്ങളടക്കം ലേഖനമെഴുതി. ഒടുവിൽ വിവാദനായകന്മാർ പിൻവലിഞ്ഞു. അപ്പോൾ എല്ലാ കല്ലേറിയലുകളെയും പ്രതിരോധിക്കാൻ കൂടെ നിന്നവർ ഒരുപാടുണ്ടായിരുന്നു. എങ്കിലും ആരാലും ശ്രദ്ധിക്കപ്പെടാതെ വെറുതെ നോക്കി മടക്കി വെക്കുമായിരുന്ന മാഗസിനെ സജീവ ചർച്ചയ്ക്ക് വിട്ടുകൊടുത്തു എന്ന അർത്ഥത്തിൽ ആ രാഷ്ട്രീയ സുഹൃത്തുക്കൾക്ക് നന്ദി. മാഗസിൻ ഇറക്കിയപ്പോഴും എഡിറ്ററുടെ പണി കഴിഞ്ഞിരുന്നില്ല. അപ്പോഴും കനത്ത ബാധ്യത മുന്നിലുണ്ടായിരുന്നു. പരസ്യത്തിലൂടെ ലഭിക്കേണ്ട പണത്തിനായി ക്ലാസും ക്ലാസ്സിലെ സന്തോഷങ്ങളും എല്ലാം വേണ്ടെന്നു വെച്ച് വീണ്ടും തെരുവിലേക്ക് തന്നെ തിരിച്ചു. പരസ്യം തന്ന സ്ഥാപനങ്ങളിൽ നിന്നെല്ലാം ഇന്ന്, നാളെ, ബോസ് ബോംബെ എന്നൊക്കെ പറഞ്ഞ് തുടരെ തുടരെ മടക്കി അയക്കപ്പെട്ടുകൊണ്ടിരുന്നപ്പോൾ മനസ്സ് പിടിവിട്ട് പോകുന്ന അവസ്ഥയിലെല്ലാം പതറാതിരിക്കാൻ ഉൾക്കരുത്ത് തന്നത് സൗഹൃദങ്ങളായിരുന്നു. എല്ലാ എഡിറ്റർമാരും ഇത്തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ പ്രതിസന്ധിയിലൂടെ കടന്നുപോയവരായിരിക്കാം. രാഷ്ട്രീയം വേണ്ടെന്നു പറയുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് കിട്ടാൻ കലോത്സവം സംഘടിപ്പിക്കുന്ന ഫൈൻ ആർട്സ് സെക്രട്ടറിയും ജീവിതം പകരം കൊടുത്ത് മാഗസിൻ ഇറക്കുന്ന എഡിറ്ററുമൊക്കെ വിഡ്ഢികളാണെന്ന് പറയാൻ ആർക്കും കഴിഞ്ഞേക്കാം. പക്ഷെ ഒന്നുമാത്രം തീർച്ചയാണ്, പണമുള്ളവന് മാത്രം അതിജീവിക്കാൻ കഴിയുന്ന ഒരു കാലഘട്ടത്തിൽ ആർക്കും നികത്താൻ കഴിയാത്ത അവരുടെ അസാന്നിധ്യമുണ്ടാകും. അവിടെ കുറ്റം പറയാൻ പോലും ആരും ഉണ്ടാകില്ല. ആരും!

# എന്ന് സ്വന്തം എഡിറ്റർ

## ഹരികൃഷ്ണ പാട്ടേത്ത്
(എഡിറ്റർ - കാണാതാകുന്നവരുടെ വിളിയൊച്ചകൾ)



പയ്യന്നൂർ 'എതിർദിശ' മാസികയുടെ ഇടുങ്ങിയ റൂമിൽ ഒരു മൂലക്കിരുന്ന് ആരുടെയോ ഒരു കവിത ഡിടിപി ചെയ്യുന്നതിനിടയിലാണ് കൂട്ടുകാരുടെ വിളി വരുന്നത്. 'ഡാ ഇവിടെ ഭയങ്കര പ്രശ്നമാണ്. മാഗസിനെ ചൊല്ലി അടിയായി. ഞങ്ങൾ തടഞ്ഞു. നീ മാഗസിൻ ഫണ്ട് മുക്കിയെന്ന് '. 'ഹ ഹ ഹ' ഒരു ചിരിയും ചിരിച്ചു അടുത്തിരുന്ന അനൂപിനോട് കാര്യം പറഞ്ഞു. അവന് എന്ത് കുലുക്കം?!! എല്ലാം കേട്ടതിനു ശേഷം അവന്റെ ഒരു ചോദ്യം ' ഡാ നിന്റെകയ്യിൽ ഇനി എത്ര ബാക്കിയുണ്ട്?' പാന്റിന്റെ കീശയിലോട്ട് കയ്യിട്ട് വാരിയെടുത്ത ചില്ലറ പൈസ എണ്ണി തിട്ടപ്പെടുത്തി ഞാൻ പറഞ്ഞു 'ആറ് രൂപ'. സമയം രാവിലെ 10:30 കഴിഞ്ഞിരിക്കുന്നു. വിശപ്പ്

ശബ്ദത്തെ പോലും ബാധിച്ചിരിക്കുന്നു.അവൻ പറഞ്ഞു 'എന്റെ കയ്യിൽ മൂന്ന് രൂപയുണ്ട്.' അങ്ങനെ ആകെയുള്ള ഒൻപത് രൂപയും കയ്യിലെടുത്ത് ഞങ്ങൾ താഴേക്കിറങ്ങി. പയ്യന്നൂർ ടൗണിൽ അപ്പോഴേക്കും തിരക്ക് തുടങ്ങിയിരുന്നു. ചരക്ക് വണ്ടികൾക്ക് മുകളിൽ നീല വസ്ത്രധാരികൾ കനമുള്ള ചാക്കുകൾ ഇറക്കുന്ന തിരക്കിലാണ്. പ്രൈവറ്റ് ബസ്സുകൾ സ്റ്റോപ്പിൽ നിന്ന് അല്പം മാറി നിർത്തി പോകാനുള്ള വെമ്പലിലാണ്. ചിലർ ഫുട്പാത്തിലൂടെ നടക്കുകയാണോ ഓടുകയാണോ എന്നുപോലും തിരിച്ചറിയാത്ത വിധം തിരക്കിട്ട നടത്തത്തിലാണ്. ഈ തിരക്കിനിടയിൽ രണ്ട് അത്താഴപ്പഷ്ണിക്കാർ ഒരു തിരക്കും ഇല്ലാതെ ഇന്ത്യൻ കോഫി ഹൗസ് ലക്ഷ്യമാക്കി നടന്നു. 9 രൂപയ്ക്ക് എന്ത് കുന്തം കിട്ടാനാണെന്നുള്ള ഉൾവിളി തികട്ടി വരുന്നുണ്ട്. എങ്കിലും പ്രതീക്ഷ വിട്ടില്ല. കണ്ണൂർ റോഡിൽ 100 മീറ്റർ സഞ്ചരിച്ചപ്പോൾ തന്നെ നല്ല ചൂട് മസാലദോശയുടെ മണം മൂക്കിലൂടെ നാക്കിൻ തുമ്പത്ത് തിരമാല തീർക്കാൻ തുടങ്ങിയിരുന്നു. കാരണം, അത്രയ്ക്ക് വിശപ്പാണെ....ഒന്നും നോക്കിയില്ല രണ്ടും കൽപ്പിച്ച് കോഫി ഹൗസിനുള്ളിലേക്ക് വച്ചുപിടിച്ചു.നല്ല തിരക്ക്. നല്ല ചൂട് ദോശയും നെയ് റോസ്റ്റും ഒക്കെ രാജകിരീടം ചൂടിയ വെള്ള വസ്ത്രധാരികൾ ഞങ്ങളുടെ സൈഡിലൂടെ തിരക്കിട്ട് കൊണ്ടുപോകുന്നു. ചിലർ ദോശക്കരികിൽ വച്ച് ഉഴുന്നുവട പൊട്ടിച്ച് നല്ല തേങ്ങാചട്ണിയിൽ മുക്കി അകത്താക്കുന്നുണ്ട്. വിശപ്പും കൊതിയും രണ്ടും ചേർന്ന് വായയിൽ തിരമാലയടിക്കാൻ തുടങ്ങിയിരിക്കുന്നു. കയ്യിലെ 9 രൂപ മുറുക്കെ പിടിച്ച് ചുമരിൽ ചാർത്തിയ വില വിവര പട്ടികയിലേക്ക് കണ്ണോടിച്ചു. ചായ 5 രൂപ പുഴുങ്ങിയ മുട്ട നാല് രൂപ വേറൊന്നും ചിന്തിച്ചില്ല ഒരു ചായയും ഒരു പുഴുങ്ങിയ മുട്ടയും ഓർഡർ ചെയ്തു. ഒരു മേശയുടെ ഇരുവശങ്ങളിലായി ഞങ്ങളിരുന്നു.10 മിനിറ്റത്തെ കാത്തിരിപ്പിന് ശേഷം രാജാവ് ഞങ്ങൾക്കുള്ള ചായയും മുട്ടയും ആയി വന്നു. ആദ്യരാത്രിയിലെ വധൂവരന്മാരെ പോലെ അത് ഞങ്ങൾ പങ്കിട്ടെടുത്തു. ഹാ!!!എന്തൊരു ആശ്വാസം. ഇനി ഉച്ചയൂണിന്റെ പൈസ കണ്ടെത്തണം. കൂട്ടുകാരെ വിളിച്ചിട്ടുണ്ട് എന്തായാലും എന്തെങ്കിലും എത്തിക്കുമായിരിക്കും. കൂടെ കിടന്നവർക്കല്ലേ രാപ്പനി അറിയൂ... പറഞ്ഞുവന്നത് ഒരിക്കലും മറക്കാത്ത ഒരു എഡിറ്റർ കാല ജീവിതത്തിലെ ചെറിയൊരു ഏട് മാത്രമാണ്. പ്ലസ് ടു കാല സയൻസ് ജീവിതത്തിന് ശേഷമാണ് മട്ടന്നൂർ കോളേജിലേക്ക് ഒരു ടെൻഷനും ഇല്ലാതെ ബി.എ.ഹിന്ദിക്ക് ചേർന്നത്. അത്യാവശ്യം നന്നായി കൈകാര്യം ചെയ്യാവുന്ന സബ്ജക്ടാണ്. അതുകൊണ്ടുതന്നെ പഠനത്തിനപ്പുറം ഇതുവരെ അനുഭവിച്ചിട്ടില്ലാത്ത കോളേജ് ലൈഫും എൻജോയ് ചെയ്യണമെന്ന് തീർച്ചപ്പെടുത്തിയാണ് ആ കോളേജ് കവാടം കടന്നത്. കുറച്ചധികം പേടിയും ഉണ്ടായിരുന്നു. കാരണം റാഗിംഗ് എന്നത് കേട്ടുപരിചയം മാത്രമേ ഉണ്ടായിരുന്നു



ള്ളൂ. ഹൈസ്കൂളിലും ഹയർ സെക്കൻഡറിയിലും അതിന്റെ അനുഭവമുണ്ടായിരുന്നില്ല. തീർച്ചയായും കോളേജിൽ റാഗിംഗ് അനുഭവിക്കേണ്ടിവരും എന്നുറപ്പായിരുന്നു. പക്ഷേ ആ കവാടം കടന്ന് കുറച്ചു മുൻപോട്ടു നടന്നപ്പോൾ തന്നെ വലിയൊരു ബോർഡ് വച്ചത് എന്റെ ശ്രദ്ധയിൽപ്പെട്ടു. 'റാഗിംഗ് വിരുദ്ധ ക്യാമ്പസ്'. അങ്ങനെ മാസങ്ങൾ കടന്നുപോയി. പുതിയൊരു ഇലക്ഷൻ കാലം കടന്നുവന്നു. ക്യാമ്പസിൽ പല നിറങ്ങളിൽ തോരണങ്ങളും, മുദ്രാവാക്യങ്ങളും, ക്ലാസ് ക്യാമ്പയിനുകളും ഉണ്ടായി.ഇടക്ക് ചില അടിപിടിയും. ഒരു ക്യാമ്പസ് ആയാൽ പിന്നെ അതും വേണമല്ലോ. എനിക്ക് ഇതൊക്കെ പുതിയൊരു അനുഭവമായിരുന്നു. ചുവന്ന ഗുൽമോഹർ പൂത്തത് കണക്കെ ആ മലമുകളിൽ പഴശ്ശിരാജ ഇങ്ങനെ ചുവന്നുനിന്നു. എന്നാൽ ആ വർഷം ചരിത്രം ഞങ്ങളോട് കണ്ണടച്ചു. ഇലക്ഷൻ റിസൾട്ട് വന്നപ്പോൾ മേജർ സീറ്റായി നമ്മൾക്ക് ലഭിച്ചത് വെറും രണ്ടെണ്ണം മാത്രം. ഫൈനാർട്ട്സ് സെക്രട്ടറി രാഗേഷേട്ടനും വൈസ് ചെയർമാൻ ഗ്രീഷ്മേച്ചിയും. ഞങ്ങൾ കരഞ്ഞു. നീണ്ട ഒരു വർഷം ക്യാമ്പസ് ഒരു മരണവീട് കണക്കെ മൂകമായിരുന്നു. അതിൽ നിന്ന് ഞങ്ങൾക്കും അവരെ ജയിപ്പിച്ച വിദ്യാർത്ഥികൾക്കും ഒരു കാര്യം മനസ്സിലായി. ക്യാമ്പസ് 'ഓജസും തേജസ്സും ഉള്ള ആ പഴയ ഗംഗ' ആകണമെങ്കിൽ പഴശ്ശിരാജയ്ക്ക് നിറം ചുവപ്പ് തന്നെയാകണമെന്ന്. ആ തിരിച്ചറിവിൽ നിന്നാണ് തൊട്ടടുത്ത വർഷം നടന്ന കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിൽ അരുൺ ചെയർമാൻ ആയി, സൗമ്യ വൈസ് ചെയർമാനായി, സൂരജ് ഫൈനാർട്ട്സ് സെക്രട്ടറിയായി, ലജീഷ് ജനറൽ സെക്രട്ടറിയായി, നിത്യ ജോയിൻ സെക്രട്ടറിയായി, സുനിൽ ജനറൽ ക്യാപ്റ്റനായി ശ്രീജിത്തും ഷിജിനയും യു.യു.സിമാരായും എഡിറ്ററായി ഞാനും മത്സരിച്ച്, വൻ ഭൂരിപക്ഷത്തിൽ ഞങ്ങൾ വിജയം കൈവരിച്ചു. ഇവിടെയായിരുന്നു ഞാനെന്ന എഡിറ്റർ ജനിച്ചുവീണത്.വർഷം 2008 -09 എങ്ങനെ തുടങ്ങണമെന്നോ അവസാനിപ്പിക്കണമെന്നോ പറഞ്ഞുതരാൻ ആരുമില്ലായിരുന്നു. എങ്കിലും തുടങ്ങി. ആദ്യം പരസ്യം പിടിക്കണം. തുടക്കക്കാർ അല്ലേ! ആവശ്യത്തിന് അതും കിട്ടിയില്ല. കോളേജ് മാഗസിൻ ഫണ്ടും ചില കാരണങ്ങളാൽ അന്ന് ആവശ്യപ്പെട്ടത് തന്നില്ല. വഴികാട്ടിയായി കിട്ടിയത് കവിയും അധ്യാപകനുമായ ശ്രീ മോഹനകൃഷ്ണൻസാറിനെ,കൂടെ പട്ടിണി കിടക്കാനും ചേർത്തു നിർത്താനും തുടക്കത്തിൽ പറഞ്ഞ അനൂപിനെ. അവൻ പിന്നെ അടുത്ത വർഷത്തെ എഡിറ്ററായി. എക്സ്പീരിയൻസ്ഡ് അത്താഴപ്പഷ്ണിക്കാരൻ ആണല്ലോ അവൻ ഹ..ഹ..ഹ... പിന്നെ എന്തിനും കൂടെ നിൽക്കുന്ന കൂട്ടുകാരും. അങ്ങനെ 'കാണാതാകുന്നവരുടെ വിളിയൊച്ചകൾ' എന്ന ഞങ്ങളുടെ മാഗസിൻ ഇറങ്ങി. പണക്കൊഴുപ്പിന്റെ ആർഭാടങ്ങൾ ഒന്നുമില്ലാത്ത തുടക്കക്കാരുടെ പോരായ്മകൾ ഒക്കെയുള്ള ഒരു കൊച്ചു മാഗസിൻ. പക്ഷേ അതൊരു ജനകീയ മാഗസിൻ ആയിരുന്നു. കാരണം ഞങ്ങൾക്ക് ഉൾപ്പെടുത്താൻ പറ്റുന്ന 95 ശതമാനം കൃതികളും ഞങ്ങൾ ആ മാഗസിനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന് കാരണം ആ പുസ്തകത്തിന്റെ ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ...,

''ഒരിക്കൽ നിറഞ്ഞ മഴയുടെ കുളിര് തേടി... പൊള്ളിച്ച പകലിന്റെ നോവ് തേടി ക്യാമ്പസിന്റെ ഇടനാഴിയിലേക്ക് നിങ്ങൾ വരും. ക്യാമ്പസ് നിങ്ങളെ മറന്നു പോയേക്കാം. ഒരുപക്ഷേ, നീ നിന്റെ ക്യാമ്പസിനെയും. പക്ഷേ നിങ്ങൾക്കിടയിൽ പെയ്ത മഴയും, കൊള്ളിച്ച നോവും, ഒരു അടയാളമായി ഇവിടെ ഈ താളുകളിൽ അവശേഷിക്കുമെങ്കിൽ കഴുകൻ കാലുകൾക്കിടയിൽ നിന്ന് വാർന്നൊലിക്കുന്ന പ്രോമിത്യസിന്റെ ഹൃദയം പോലെ പുനർജനിക്കുമെങ്കിൽ ഓർമ്മകൾക്ക് മരണമില്ലെന്ന് വിളിച്ച് അറിയിക്കാൻ ഒത്തിരി ഇത്തിരി വാക്കുകൾ''

അത്രമാത്രം
സ്നേഹത്തോടെ
നിങ്ങളുടെ സ്വന്തം എഡിറ്റർ




**അനൂപ് രാജ്**
**(എഡിറ്റർ, മായ്ക്കഡബർ)**


**ഞാ**ൻ 2008 മുതൽ 2011 വരെയാണ് മട്ടന്നൂർ കോളേജിൽ ഡിഗ്രി ചെയ്തിരുന്നത്.എന്റെ സബ്ജക്റ്റ് ബി.എസ്.സി.ഫിസിക്സ് ആയിരുന്നു.അതിനുമുൻപ് 2006 മുതൽ 2008 വരെ ഞാൻ ടി.ടി.സി കഴിഞ്ഞതിനുശേഷം ആണ് മട്ടന്നൂർ കോളേജിൽ ഡിഗ്രി ചെയ്യാൻ വരുന്നത്. ടി.ടി.സിക്ക് പഠിക്കുന്ന സമയത്ത് തന്നെ എനിക്ക് മട്ടന്നൂർ കോളേജുമായിട്ട് നല്ല ഒരു ബന്ധം ഉണ്ടായിരുന്നു.കാരണം അവിടെ ഞാൻ നാടകവും മൈമും സ്കിറ്റും ഒക്കെ ചെയ്യാൻ വേണ്ടി വന്നിരുന്നു. എന്റെ ബാച്ചിൽ പഠിച്ചിരുന്ന കുറച്ച് ആൾക്കാർ അവിടെ ഡിഗ്രി ചെയ്യുന്നുണ്ടായിരുന്നു.

ഞാൻ മട്ടന്നൂർ കോളേജിൽ വരുന്ന സമയത്ത് എനിക്ക് പരിചയമുള്ള ആളുകൾ തന്നെ ആയിരുന്നു യൂണിയനിൽ സജീവമായിട്ടുണ്ടായിരുന്നത്.അന്നത്തെ ചില സാങ്കേതിക പ്രശ്നങ്ങളുള്ളതുകൊണ്ടും മറ്റും ആ വർഷത്തെ മാഗസിൻ ഇറക്കുന്നത് അല്പം വൈകി. അതു കൊണ്ടുതന്നെ എത്രയും പെട്ടെന്ന് മാഗസിൻ ഇറക്കണം എന്ന് പറഞ്ഞുകൊണ്ട് കുറച്ചു പ്രശ്നങ്ങളൊക്കെ ഉണ്ടായി. എനിക്കും കൂടി മാഗസിൻ ചുമതല തരുകയുണ്ടായി അന്നത്തെ യൂണിയൻ.അതുകൊണ്ടു തന്നെ അതിൽ കൂടുതലായി പങ്കുചേർന്ന് നിൽക്കുകയും അന്നത്തെ മാഗസിൻ നന്നായി ഇറക്കുകയും ചെയ്തു.അതിന്റെ ഭാഗമായി 2009ൽ ഞാൻ ഇലക്ഷന് മത്സരിക്കുകയും സ്റ്റുഡന്റ് എഡിറ്റർ ആയി ജയിക്കുകയും ചെയ്തു. അങ്ങനെയാണ് മാഗസിൻ ഇറക്കാനുള്ള ഉത്തരവാദിത്വം എന്നിൽ വരുന്നത്.

2009ൽ വ്യത്യസ്തമായിട്ട് എങ്ങനെ ഒരു മാഗസിൻ ചെയ്യാമെന്നുള്ള ഒരു ആലോചനയുടെ പുറത്തായിരുന്നു ഞാൻ ഉണ്ടായിരുന്നത് കാരണം കാലങ്ങളായിട്ട് അനുവർത്തിച്ചുവരുന്ന ഒരു മാഗസിൻ രീതിയിൽ നിന്ന് എങ്ങനെ വ്യത്യസ്തമായ ഒരു മാഗസിൻ ചെയ്യാമെന്നുള്ളതായിരുന്നു എന്റെ ആലോചനയിൽ ഉണ്ടായിരുന്നത്.പ്രിന്റിംഗ് മെഷീൻ ഒക്കെ സജീവമാകുന്ന ഒരു കാലത്തിനു മുന്നേ തന്നെ മാഗസിനുകൾ ഇറങ്ങിയിരുന്നു.അന്നൊക്കെ കൈയെഴുത്ത് മാഗസിൻ എന്ന് പറയുന്ന രീതിയായിരുന്നു ഉണ്ടായിരുന്നത്. പ്രിന്റിംഗ് സാഹചര്യമില്ലാത്ത കാലത്ത് എങ്ങനെയായിരുന്നു മാഗസിൻ ഇറങ്ങിയിരുന്നത് എന്നുള്ളതായിരുന്നു എന്റെ ആലോചന.കയ്യെഴുത്ത് പ്രതികൾ അങ്ങനെതന്നെ തുന്നിച്ചേർത്ത് സൃഷ്ടികളാക്കി ക്യാമ്പസിൽ ആളുകൾക്കിടയിൽ എത്തിക്കുന്ന ഒരു രീതിയായിരുന്നു അന്ന് ഉണ്ടായിരുന്നത്. അതുപോലെ ഒരു കയ്യെഴുത്ത് മാസികയുടെ ഓർമ്മ പുതുക്കിക്കൊണ്ട് എങ്ങനെ ഒരു മാഗസിൻ ഉണ്ടാക്കാം എന്നുള്ളത് വളരെ

കൗതുകകരമായ ഒരു സംഭവമായി തോന്നി. കാരണം നമ്മൾ ഇത്രയും അഡ്വാൻസ്ഡ് ആയ ഒരു മേഖലയിൽ നിൽക്കുമ്പോഴും ആ പഴയ ഓർമ്മ ഉണർത്തുന്ന രീതിയിൽ എങ്ങനെ ഒരു മാഗസിൻ ഉണ്ടാക്കിയെടുക്കാം എന്നുള്ളതാണ് എന്റെ ചിന്താ പദ്ധതിയിൽ വന്നിരുന്ന ഒരു കാര്യം. ഞാൻ ഈ വിഷയം അവതരിപ്പിച്ചപ്പോൾ അന്നത്തെ യൂണിയനിൽ ഉണ്ടായിരുന്ന ആളുകളും മറ്റുള്ളവരും ഒക്കെ പറഞ്ഞത് ഇത് റിസ്കാണ് എന്നാണ്. നമുക്ക് ബഡ്ജറ്റ് വളരെ കുറവാണ് ഇത്രയും വലിയ ഉത്തരവാദിത്വം ഏറ്റെടുത്ത് കഴിഞ്ഞിട്ട് എങ്ങനെ ഇത് പ്രാവർത്തികമാക്കും എന്നതിൽ അവർക്ക് ആശങ്കയുണ്ടായിരുന്നു. സാധാരണ രീതിയിൽ ഒരു നല്ല മാഗസിൻ ഇറക്കിയാൽ പോരെ എന്നുള്ള ചർച്ച വന്നിരുന്നു. നിയതമായ ആശയങ്ങളെ പൊളിക്കുന്ന എന്തെങ്കിലും ഒന്ന് ചെയ്യണമെന്ന ആഗ്രഹം എന്റെയുള്ളിൽ പണ്ടേ ഉണ്ടായിരുന്നു. അങ്ങനെ ഒരു താല്പര്യത്തിന്റെ പുറത്താണ് ഈ ഒരു മാഗസിനിലേക്ക് ഞാൻ കടന്നു ചെല്ലുന്നത്. എന്റെ ആത്മവിശ്വാസം മാത്രമായിരുന്നു അന്ന് ഈ മാഗസിനിലേക്ക് എന്നെ നയിച്ച ഊർജ്ജം. പക്ഷേ ഇതെങ്ങനെ തുടങ്ങും എന്നോ വിജയിപ്പിച്ചെടുക്കും എന്നോ എനിക്കൊരു ധാരണയുമില്ലായിരുന്നു. അങ്ങനെ നമ്മൾ സൃഷ്ടികൾ ക്ഷണിച്ചു തുടങ്ങി. സാധാരണ ഒരു എഡിറ്റർക്ക് വരുന്ന എല്ലാ സൃഷ്ടികളും മാഗസിനിൽ ഉൾപ്പെടുത്താൻ സാധിച്ചു എന്ന് വരില്ല. പക്ഷേ എനിക്ക് ആരെഴുതുന്ന സൃഷ്ടിയും ഉൾപ്പെടുത്താതാവരുതെന്ന് ഉണ്ടായിരുന്നു. എഴുത്ത് ഓരോ വ്യക്തിയുടെയും സ്വാതന്ത്ര്യമാണ്. ആ സ്വാതന്ത്യത്തിനകത്ത് നിന്നുകൊണ്ട് ഓരോ വ്യക്തിയും സൃഷ്ടിച്ചെടുക്കുന്ന ചെറിയൊരു വാക്കിലോ ധ്വനിയിലോ ധ്വനിപ്പിക്കാവുന്ന ആശയങ്ങൾ അത് ഏത് തന്നെയായാലും മാഗസിനിൽ ഉൾപ്പെടുത്തണമെന്ന നിർബന്ധബുദ്ധി എനിക്കുണ്ടായിരുന്നു. ഈ മാഗസിന്റെ മറ്റൊരു ആശയം എന്തെന്ന് വെച്ചാൽ കയ്യെഴുത്ത് പ്രതിയെ പോലെ ഇരിക്കണം. ഇതിന് എഴുത്താണ് വേണ്ടത്. ഡിടിപി ചെയ്യേണ്ട ആവശ്യമില്ല. കിട്ടിയിരിക്കുന്ന എല്ലാ സൃഷ്ടികളും കൈകൊണ്ട് എഴുതി ഉണ്ടാക്കണം.

നന്നായി ചിത്രം വരക്കുന്ന എന്റെ ഒരു സുഹൃത്തിനെ പോയി കണ്ട് ഓരോ വ്യക്തികളും എഴുതി തന്ന സൃഷ്ടികൾ അവരുടെ പേര് വച്ച് മനോഹരമായി എഴുതിത്തരണം എന്ന് ഞാൻ ആവശ്യപ്പെട്ടു. മറ്റ് തിരക്കുകൾ ഒന്നുമില്ലാത്തതിനാൽ അദ്ദേഹം അത് സമ്മതിച്ചു. ഒരുപാട് സൃഷ്ടികൾ ഉണ്ട്. അപ്പോൾ സ്വാഭാവികമായും കൈകൊണ്ട് എഴുതുമ്പോൾ അക്ഷര തെറ്റുകൾ ഉണ്ടാകും. അപ്പോൾ ആ പേപ്പർ കളഞ്ഞു വീണ്ടും എഴുന്നത് വലിയ ബുദ്ധിമുട്ടല്ലേ എന്ന് എന്നോടദ്ദേഹം ചോദിച്ചു. പക്ഷേ എനിക്ക് അതായിരുന്നു വേണ്ടത്. അതായത് കൈ കൊണ്ട് എഴുതുമ്പോൾ വരുന്ന തെറ്റുകൾ അവിടെ ഉണ്ടാകണം. തെറ്റുകൾ തെറ്റുകളായി തന്നെ കിടക്കണം. ഏതെങ്കിലും ഒരു വാക്ക് നമ്മൾ എഴുതുന്ന സമയത്ത് തെറ്റിപ്പോയാൽ ഒന്നുകിൽ നമ്മളത് വെട്ടിഎഴുതും അല്ലെങ്കിൽ നമ്മൾ അവിടെ യോജിപ്പിച്ച് എഴുതും. അങ്ങനെ പല രീതിയിലാണ് നമ്മൾ അത് ചെയ്യുക. എഴുതുമ്പോൾ വരുന്ന തെറ്റുകൾ അത് അങ്ങനെതന്നെ കിടക്കണമെന്ന ഒരു ആശയമാണ് എനിക്കുണ്ടായിരുന്നത്. അതിനു പിന്നിൽ ഒരു കാരണവുമുണ്ട്. നമ്മൾ എഴുതി പഠിച്ചതെല്ലാം തെറ്റുകളിൽ നിന്നുമാണ്. എഴുതിവരുമ്പോൾ ആവർത്തിച്ചു വരുന്ന തെറ്റുകളെ തിരുത്തിയാണ് നമ്മുടെ ഭാഷയെ നമ്മൾ രൂപീകരിച്ചിട്ടുള്ളത്. ഭാഷയെ നമ്മൾ പുതുക്കി പണിതത് എല്ലാം തന്നെ ആവർത്തിച്ചു വരുന്ന തെറ്റുകൾ തിരുത്തി പോയി കൊണ്ടാണ്. നമുക്കുണ്ടാകുന്ന പലതരം തെറ്റുകളും നമ്മൾ മറികടക്കേണ്ടത് ആ തെറ്റുകളെ തിരുത്തിക്കൊണ്ടാകണം. പക്ഷേ നമ്മൾ ഇപ്പോഴും തെറ്റുകൾ വരുത്തിക്കൊണ്ടേയിരിക്കുന്നു. ഈ തെറ്റുകളെല്ലാം തിരുത്തി മുന്നോട്ടു പോവുക എന്നതും

ഈ മാഗസിൻ മുൻപോട്ട് വെക്കുന്ന ആശയങ്ങളിൽ ഒന്നാണ്. മുൻപൊക്കെ എഴുതുമ്പോൾ വരുന്ന തെറ്റുകളെ നമ്മൾ മായ്ച്ചു കളയുമായിരുന്നു. പിന്നീട് അവിടെ ശരി എഴുതും. പുതിയകാലത്ത് ആ മായ്ച്ചു കളയുന്ന രീതി പോയിട്ട് നമ്മൾ വൈറ്റ്നർ ഉപയോഗിച്ച് വെള്ള തേച്ച് ആ തെറ്റിനെ അവിടെ തന്നെ വയ്ക്കും. മായ്ച്ച് എഴുതാനുള്ള ശീലം നമുക്ക് എവിടെയോ നഷ്ടപ്പെട്ടു. തെറ്റിന് മുകളിൽ വെള്ള പൂശി കൊണ്ട് ശരി എഴുതുന്ന ഒരു സാമ്പ്രദായിക രീതി നമ്മൾ എഴുത്തിൽ കൊണ്ടുവന്നു. അതൊരിക്കലും മായുന്നില്ല, അടിയിൽ തന്നെ നിലനിൽക്കുന്നു. തെറ്റ് തെറ്റായി തന്നെ ഉള്ളിൽ ഉണ്ടെന്ന ബോധം നമ്മുടെ ഉള്ളിൽ ഉണ്ട്. മായിക്കുക എന്ന് പറയുന്നത് മനസ്സിൽ നിന്ന് തന്നെയുള്ള മായ്ക്കലാണ്. അങ്ങനെ മായ്ച്ച് ശരിയെഴുതാൻ പഠിച്ച നമ്മൾ എവിടെയോ തെറ്റുകളുടെ മുകളിൽ വെള്ള പൂശാൻ ശീലിച്ചിരിക്കുന്നു. ആ സാമൂഹിക വ്യവസ്ഥിതിയുടെ മാറ്റം ഇതിൽ കൊണ്ടുവരുന്നതിലൂടെയാണ് ഈ മാഗസിൻ കാലികപ്രസക്തിയുള്ളതാകുന്നത്. തെറ്റുകളെ മായ്ച്ചു കളയാൻ നമ്മൾ പണ്ട് ഉപയോഗിച്ചിരുന്നത് മായ്ക്കഡബ്ബറാണ്. ഇത്തരത്തിൽ മായ്ച്ചു കളയുന്ന തെറ്റ് നമ്മൾ മനസ്സിൽ നിന്ന് തന്നെ എടുത്തു കളയുന്നു. ആ ശീലം മാറി നമ്മൾ വീണ്ടും വീണ്ടും തെറ്റുകളെ അതിന്റെ ഉള്ളിൽ തന്നെ വച്ചുകൊണ്ട് ശരിയെ അതിന്റെ മുകളിൽ വെള്ളയടിച്ചു കാണിക്കുകയാണ് എന്ന് പറയുന്ന പുതിയ കാലത്തെ ഒരു രീതി നമ്മുടെ ജീവിതത്തിലും ആവർത്തിച്ചു വരുന്നു. നമ്മുടെ ജീവിതത്തിലെ എല്ലാ മേഖലയിലും ഇതേപോലുള്ള തെറ്റുകളെ നമ്മൾ അടച്ചുവെച്ചുകൊണ്ട് ശരിയാണെന്ന് കാണിക്കുന്ന ഒരു ശീലം നമ്മുടെ ഉള്ളിൽ വളർന്നു വരുന്നുണ്ടെന്ന് കാണിക്കാൻ കൂടി ഈ മാഗസിൻ മുൻകൈ എടുക്കുന്നുണ്ട്.

നമ്മൾ എവിടെയാണ് തെറ്റുകളുടെ മുകളിൽ വെള്ളപൂശാൻ പഠിച്ചത് എന്ന ഒരു വലിയ ചോദ്യം ഈ മാഗസിൻ മുൻപോട്ട് വയ്ക്കുന്നുണ്ട്. മാഗസിൻ മുന്നോട്ടു വയ്ക്കുന്ന ആശയങ്ങളെ പറ്റി പറഞ്ഞപ്പോൾ കോളേജിൽ എല്ലാവരും തന്നെ എന്നെ പിന്തുണച്ചുകൊണ്ട് ഈ മാഗസിൻ ഇറക്കണമെന്ന് പറഞ്ഞു. അങ്ങനെ ഞാൻ മുൻപ് സൂചിപ്പിച്ച ചിത്രകാരനെ കൊണ്ട് ഓരോ സൃഷ്ടികളും എഴുതി ഉണ്ടാക്കാൻ തുടങ്ങി. അതിൽ വരുന്ന തെറ്റുകളെല്ലാം അങ്ങനെ തന്നെ വയ്ക്കുകയും ചെയ്തു. അങ്ങനെ എഴുതുന്നയാൾക്ക് സ്വാഭാവികമായി വരുന്ന തെറ്റുകൾ ആ മാഗസിനിൽ കാണാൻ സാധിക്കും. അങ്ങനെ തെറ്റുകളെ തെറ്റുകളായി കണ്ടുകൊണ്ട് തിരുത്തി വായിച്ചു പോകുന്ന രീതി മാഗസിനിൽ കൊണ്ടുവരാൻ ശ്രമിച്ചു.

അന്നത്തെ മാഗസിൻ ഫണ്ട് എന്ന് പറയുന്നത് വളരെ ചെറിയൊരു തുക മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഞാനീ എഴുതിയ പേപ്പർ മുഴുവൻ എന്റെ ഒരു സുഹൃത്തിന്റെ സ്റ്റുഡിയോയിലേക്ക് കൊണ്ടുപോയി പഴയ മഹാഭാരതത്തിന്റെയും രാമായണത്തിന്റെയും പേപ്പർ പോലെ തോന്നിക്കുന്ന ഒരു പേപ്പർ ഇതിന് വേണമെന്ന ഒരു ആശയം മുന്നോട്ട് വയ്ക്കുകയും അത് അങ്ങനെ തന്നെ ഡിസൈൻ ചെയ്യുകയും പിന്നീട് ഒരു പാറ്റേൺ ഉണ്ടാക്കിയെടുത്ത് അതിനനുസരിച്ച് ഇത് മുഴുവൻ സെറ്റ് ചെയ്തെടുക്കുകയും ചെയ്തു .സാധാരണ നമ്മൾ ഡി.ടി.പി ചെയ്തു എഡിറ്റ് ചെയ്തു എടുക്കുന്നതിനേക്കാൾ ഒരുപാട് ബുദ്ധിമുട്ട് ഇതിനുണ്ടായിരുന്നു. ഞാൻ പ്രതീക്ഷിച്ചതിനേക്കാൾ ബുദ്ധിമുട്ടേറി. സ്റ്റുഡിയോയിൽ തന്നെ വലിയ പണിയായി. അവരും പറഞ്ഞു ഇത് പൂർത്തീകരിക്കാൻ സാധിക്കില്ലെന്ന്. പക്ഷേ ഞങ്ങൾ തന്നെ ഒരുപാട് ദിവസം ഉറക്കം ഒഴിച്ചിരുന്നു ഇതിനുവേണ്ടി കഷ്ടപ്പെട്ടു. കോളേജിൽ വലിയ പ്രശ്നങ്ങളുണ്ടാകാൻ തുടങ്ങി. മറ്റു സംഘടനകൾ മാഗസിൻ സമയമായിട്ട് ഇറക്കിയിട്ടില്ല, അവർ വാക്കു പാലിച്ചിട്ടില്ല തുടങ്ങിയ ഗോസിപ്പുകൾ അടിച്ചു തുടങ്ങി. കോളേജിനകത്ത് പോസ്റ്ററുകൾ എഴുതി ഒട്ടി

ച്ചു. അങ്ങനെയങ്ങനെ വലിയ പ്രശ്നങ്ങൾ കോളേജിൽ ഉണ്ടാവാൻ തുടങ്ങി. മാഗസിൻ എത്രയും പെട്ടെന്ന് ഇറക്കുവാൻ കോളേജിൽ നിന്നും യൂണിയനിൽ നിന്നും എനിക്ക് ശക്തമായ നിർദ്ദേശം വന്നു തുടങ്ങി. ഞാൻ ഇതിന്റെ സാങ്കേതിക വശങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചെങ്കിലും ആർക്കും കേൾക്കാൻ താല്പര്യം ഇല്ലായിരുന്നു. കാരണം മുന്നേ അവർ ഇതിന്റെ പ്രശ്നങ്ങളെപ്പറ്റി പറഞ്ഞിരുന്നു. എന്റെ നേരെ ഒരുപാട് എതിർ ശബ്ദങ്ങൾ ഉയർന്നു. പക്ഷേ ഞാൻ ഇതെല്ലാം തള്ളിക്കളഞ്ഞു. കാരണം ഇത് വിജയിപ്പിച്ചെടുക്കാം എന്ന ആത്മവിശ്വാസം എനിക്കുണ്ടായിരുന്നു. എന്റെ നിശ്ചയദാർഢ്യത്തിൽ നിന്നും ഒരു ശതമാനം പോലും പിന്മാറാൻ ഞാൻ തയ്യാറായില്ല.ഇതിനുമുൻപത്തെ മാഗസിനും ഇറങ്ങാൻ വൈകിയതിനാൽ എന്റെ മാഗസിനും അതുപോലെ ആകരുത് എന്ന നിർബന്ധബുദ്ധി കോളേജ് യൂണിയനും സ്റ്റാഫുകൾക്കിടയിലും ഒക്കെ ഉണ്ടായിരുന്നു. മാഗസിൻ ഇറങ്ങാൻ വൈകുന്നത് മറ്റ് സംഘടനകൾ മുതലെടുക്കും എന്നും അത് അടുത്ത വർഷത്തെ ഇലക്ഷനെ ബാധിക്കുമെന്നുമുള്ള അഭിപ്രായങ്ങൾ ഉയർന്നു. പറഞ്ഞ സമയം കഴിഞ്ഞിട്ടും മാഗസിൻ ഇറങ്ങുന്നില്ല എന്ന് പറഞ്ഞ് പ്രശ്നങ്ങൾ കോളേജിൽ തുടർച്ചയായി ഉണ്ടാവാൻ തുടങ്ങി. അങ്ങനെ ഫൈനൽ എഡിറ്റ് കഴിഞ്ഞ മാഗസിൻ കൂത്തുപറമ്പ് മിഡാസ് പ്രസ്സിൽ കൊണ്ടുപോവുകയും അതിന്റെ ഓണറുമായി സംസാരിക്കുകയും ചെയ്തു. അവരെന്റെ ആശയം അത്ഭുതത്തോടെ കേൾക്കുകയും പ്രശംസിക്കുകയും ചെയ്തു. കോഴിക്കോട് മിഡാസ് പ്രസ്സിൽ മാത്രമേ ഇത് അടിക്കാനുള്ള പ്ലേറ്റുകൾ ഉള്ളൂ നിങ്ങൾ കൊണ്ടുവന്ന ആശയം പുതിയതായതിനാൽ നിങ്ങൾ ഉദ്ദേശിക്കുന്ന രീതിയിൽ ഇതിന്റെ ഔട്ട് കിട്ടില്ലെന്നും ഇതിന് ഒരുപാട് പണിയുണ്ട് ഇതിന് പ്രത്യേക മഷി വേണം, പ്രത്യേക പ്ലേറ്റ് വേണമെന്ന് തുടങ്ങി ടെക്നിക്കൽ സാധ്യതകളെക്കുറിച്ച് കുറെയൊക്കെ സംസാരിച്ചു. അപ്പോൾ വീണ്ടും പ്രശ്നമായി. കേവലം 25000 രൂപ മാഗസിൻ നമ്മൾ മുഴുവൻ ഇറക്കി കൊടുത്താൽ മാത്രമാണ് കോളേജിൽ നിന്ന് തരുക. ഞാൻ വട്ടപൂജ്യത്തിൽ നിൽക്കുകയാണ്. കോഴിക്കോട് നിന്ന് പ്ലേറ്റുകൾ കൊണ്ടു വന്ന് അത് ചെയ്യണമെങ്കിൽ ഏകദേശം 65,000 രൂപ പ്രസ്സിൽ കൊടുക്കണം. 25000 രൂപ മാത്രമേ കോളേജ് ഫണ്ട് ഉള്ളൂ. ബാക്കി പൈസ എങ്ങനെ കണ്ടെത്തും? ഏകദേശം 40,000 രൂപ പ്രസ്സിൽ വേണം. സ്റ്റുഡിയോ ചാർജ് വേറെയും. ഞാൻ ഇതിന്റെ പ്രാഥമികമായി ചെയ്തിട്ടുള്ള വർക്കുകൾ കൂടാതെ സ്റ്റുഡിയോ ചാർജ് ഏകദേശം 15,000 രൂപയ്ക്ക് മുകളിൽ വേണം. എഴുതാൻ ഏൽപ്പിച്ചയാൾക്ക് കുറെ ദിവസത്തെ അധ്വാനമായതിനാൽ ഒരു പൈസ കൊടുക്കണം, അങ്ങനെ മൊത്തം ബഡ്ജറ്റ് ഒരു 80,000 രൂപക്കടുത്തുവന്നു. 25,000രൂപ മാത്രമേ കോളേജിൽ നിന്നും കിട്ടുകയുള്ളൂ. ഞാനെന്റെ അമ്മയുടെ വള പണയം വെച്ചിട്ടാണ് ഇതിന്റെ ബാക്കി പണികൾ ചെയ്തത്. കാരണം എനിക്ക് അത്രയും നിർബന്ധമായിരുന്നു ഇത് ഇറങ്ങി കാണണമെന്ന്. ഈ വള പണയം വെച്ച് കിട്ടുന്ന പൈസ ഒന്നും അന്നത്തെ അവസ്ഥയിൽ തികയില്ല. ഞാൻ പിന്നെയും കടം വാങ്ങിച്ചു. 10000 രൂപയ്ക്കോ മറ്റോ അടുത്ത് പരസ്യം ലഭിച്ചു. ബാക്കി പണം മുഴുവൻ കടം വാങ്ങിയും വള പണയം വെച്ചുമാണ് കണ്ടെത്തിയത്. ആ കാലഘട്ടത്തിൽ ആരും ഇത്രയും പണം മുടക്കി മാഗസിനിറക്കിയിട്ടില്ല. കോളേജിൽ മാഗസിൻ ഫണ്ടും കുറവാണ്. അങ്ങനെ കോഴിക്കോട് നിന്നും പ്ലേറ്റുകൾ കൊണ്ടുവന്ന് മിഡാസ് പ്രസ്സിൽ നിന്നും അതിന്റെ ഒരു കോപ്പി സെറ്റ് ചെയ്തു ഞാൻ കോളേജിൽ വന്നു കാണിച്ചു. അവർക്കെല്ലാം ഭയങ്കര അത്ഭുതമായിരുന്നു. ഞാൻ എന്റെ കയ്യിൽ നിന്നും നഷ്ടപ്പെട്ട തുക അടക്കമുള്ള ബിൽ കാണിച്ചു. അന്ന് അവിടെ ഏകദേശം രണ്ടായിരത്തിനടുത്ത് വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. അത്രയും കോപ്പി നമ്മൾ ഇറക്കുകയും ആ വർഷത്തെ മാഗസിൻ പ്രശസ്ത കവി പവിത്രൻ തീക്കുനി ഉദ്ഘാ

ടനം ചെയ്യുകയും ചെയ്തു. ആ മാഗസിൻ ആ വർഷത്തെ കണ്ണൂർ യൂണിവേഴ്സിറ്റി മികച്ച മാഗസിനായി തിരഞ്ഞെടുക്കപ്പെട്ടു.

ഒരു മാഗസിൻ ഉണ്ടാക്കുക എന്ന് പറയുന്നത് ഒരു പൊളിറ്റിക്കൽ പ്രവർത്തനം പോലെയാണ്. ആ മാഗസിൻ പൊളിറ്റിക്കൽ ആവണമെങ്കിൽ അതിനുവേറെത്തന്നെ ആശയമുണ്ടായിരിക്കണം. ആ പറഞ്ഞുവരുന്ന ആശയം ശക്തമായ ഒരു ഓർമ്മപ്പെടുത്തലാകണം. അതിന് കൃത്യമായ ഒരു രാഷ്ട്രീയ സ്വഭാവം ഉണ്ടാകണം. ഏതെങ്കിലും ഒരു പൊളിറ്റിക്കൽ പാർട്ടിയുടെ രാഷ്ട്രീയ സ്വഭാവമല്ല, അതിന്റെ രാഷ്ട്രീയ സ്വഭാവം അത് മുൻപോട്ട് വയ്ക്കുന്ന ആശയവും അത് എങ്ങനെ കാലികമായി പ്രസക്തമാകുന്നു എന്നതുമാണ്. എന്തിന് തെറ്റുകൾ തിരുത്തി വായിക്കപ്പെടണം, എഴുതി പോകുന്ന അക്ഷരങ്ങൾക്കു മുകളിൽ വെള്ളപ്പാണ്ട് തേച്ച് തെറ്റിനെ അതിന്റെ അടിയിൽ തന്നെ വെച്ച് ശരി നമ്മൾ അതിന്റെ മുകളിലൂടെ എഴുതുമ്പോൾ, തെറ്റുകൾ അതിന്റെ അടിയിൽ തന്നെ കിടക്കണം എന്നുള്ളത് എന്ത് നിർബന്ധബുദ്ധിയുടെ കാലിക മാറ്റമാണ്. അതാരാണ് നമ്മളെ പഠിപ്പിക്കാൻ ശ്രമിക്കുന്നത് അങ്ങനെ വരുന്ന തെറ്റുകൾ നമ്മൾ വായിക്കപ്പെടുന്നുണ്ടോ എന്ന് ചോദിക്കുന്ന ചോദ്യങ്ങൾ ശക്തമായി മാഗസിൻ ഉയർത്തുന്നു. അതിന്റെ ഭാഗമായി അക്കാലത്ത് കാമ്പസിൽ വളരെയധികം സംസാരിച്ചിട്ടുള്ള ഒരു മാഗസിനാണ് മായ്ക്കഡബർ.

ഒരുപക്ഷേ അന്നത്തെ കാലത്ത് അത്രയും ശക്തമായ തീരുമാനമെടുക്കാൻ ശ്രമിച്ചത് കൊണ്ടായിരിക്കാം മാഗസിൻ ഇറങ്ങിയിട്ട് ഏകദേശം 15 വർഷങ്ങൾ പിന്നിട്ടിട്ടും ഒരു സ്റ്റുഡന്റ് എഡിറ്റർ ആ മാഗസിൻ അനുഭവങ്ങൾ ചോദിച്ചു വന്നപ്പോൾ വളരെ അധികം സന്തോഷം തോന്നി. കാരണം എന്നും കാലികമായി സംസാരിക്കേണ്ട ഒന്നായിരിക്കണം നമ്മൾ ചെയ്യുന്ന ഏത് സൃഷ്ടിയും ഏത് പ്രവർത്തിയും എന്നുള്ളതിൽ ഞാൻ ഒരു പാട് വിശ്വസിക്കുന്നു.വളരെ പ്രശസ്തനായ സംവിധായകനും എഴുത്തുകാരനുമായ പി.പത്മരാജൻ പറഞ്ഞിട്ടുണ്ട് നമ്മൾ ഇന്ന് ചെയ്യുന്ന സൃഷ്ടി നമ്മൾ ഇന്നേക്ക് വേണ്ടി ചെയ്യുന്നതല്ല. അത് നാളേക്ക് വേണ്ടി ചെയ്യുന്ന ഒന്നാണ്, എത്രയോ വർഷങ്ങൾക്ക് ശേഷം ആയിരിക്കും അത് ശ്രദ്ധിക്കപ്പെടുക എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. കാരണം അതൊരുപക്ഷേ ചോദ്യങ്ങൾ ആയോ അല്ലെങ്കിൽ ആശയങ്ങൾ ആയോ ഒക്കെ പിൻപറ്റുന്നത് മറ്റൊരു തലമുറ ആയിരിക്കാം. നമ്മൾ ഇന്നേക്കുവേണ്ടി ഒന്നും തന്നെ ഉണ്ടാക്കുന്നില്ല. നമ്മൾ ഉണ്ടാക്കുന്നതെല്ലാം നാളേക്ക് വേണ്ടിയാണ്. അത് ഇന്നത്തെ കാലത്ത് ആളുകൾക്ക് സ്വീകരിക്കാൻ പറ്റുന്നതോ ഇന്നത്തെ കാലത്തിന് അനുയോജ്യമായതോ ആയിരിക്കണം എന്നില്ല. പക്ഷേ അത് വരും കാലങ്ങളിൽ ഏതെങ്കിലും ആൾക്കാർക്ക് ഉപകാരപ്പെടുന്ന ഒന്നായിരിക്കും. പി.പത്മരാജൻ പറഞ്ഞ ഈ വലിയ വാക്കുകളെ കൂടി കടമെടുത്തുകൊണ്ടാണ് ഞാൻ ഇത്തരമൊരു വലിയ പ്രവർത്തനത്തിന് ഇറങ്ങിയത്. എനിക്ക് ശേഷം സ്റ്റുഡന്റ് എഡിറ്റർ ആയിട്ടുള്ള ആളുകൾ എന്നെ ഇതുപോലെ സമീപിച്ചിട്ടുണ്ട്. പഴയ കാല മാഗസിനുകൾ ഒക്കെ എടുത്തു വായിക്കുന്ന മറ്റു കുട്ടികളും അവിടെ വന്നുപോയ ചില അധ്യാപകരും ഒക്കെ തന്നെ ഈ മാഗസിൻ നന്നായിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. ഞാൻ പഠിക്കുന്ന സമയത്ത് മോഹനകൃഷ്ണൻ കാലടി എന്ന കേരളത്തിലെ പ്രശസ്തനായ ഒരു കവി ആ കലാലയത്തിൽ ഉണ്ടായിരുന്നു. ഡോ: സുമിത ടീച്ചർ, അങ്ങനെ പലരും നല്ല നല്ല അഭിപ്രായങ്ങൾ അന്നും പറഞ്ഞിട്ടുള്ളതാണ്. തുടർന്ന് ഇങ്ങോട്ട് ആ കോളേജിലെ പലരും ലൈബ്രറിയിൽ തപ്പിപോകുന്നതിന്റെ ഇടയിൽ കാണുന്ന മായ്ക്കഡബർ എന്നുപറയുന്ന ആ മാഗസിൻ ഉയർത്തുന്ന ചോദ്യങ്ങളെ വളരെ സന്തോഷപൂർവ്വം ശ്രദ്ധിക്കുകയും അതിന്റെ അകത്ത് ഉയർത്തിപ്പിടിക്കുന്ന ആശയത്തെ അനുകൂലിക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും പലപ്പോഴും ചെയ്തിട്ടുണ്ട്.



# ചിതലരിക്കാത്ത ഓർമ്മകൾ

ശ്രീനേത്ര കെ.
മൂന്നാംവർഷം പ്ലാന്റ് സയൻസ്

രാത്രിയുടെ അന്തതയെ പതിയെ തട്ടിമാറ്റിക്കൊണ്ട് നേർത്ത നിലാവ് ഉമ്മറത്തെ ചാരുകസേരയിലിരിക്കുന്ന സരസ്വതിയുടെ കണ്ണുകൾക്കു കാഴ്ച നൽകി. തീർത്തും നിശബ്ദമായ ആ രാത്രിയിൽ നിശാപുഷ്പങ്ങൾ മന്ദഹസിക്കുന്നത് അവളുടെ കാതുകളിൽ പ്രതിധ്വനിച്ചു. വളപ്പിൽ കനകാംബരത്തെ ആശ്രയിച്ചു നിലകൊള്ളുന്ന മുല്ലപ്പൂക്കളുടെ ലയിപ്പിക്കുന്ന സുഗന്ധം അവളാവഹിച്ചു. ആ സുഗന്ധം മസ്തിഷ്കത്തിലെ ഓർമയുടെ അറകളിൽ താഴിട്ടുപൂട്ടിയ താളുകളെ മെല്ലെ തൊട്ടുണർത്തി.

'ഉണ്ണീ നേരം ഇരുട്ടാനായി, മതി കളിച്ചത്....'സരസ്വതി തന്റെ മകന് താക്കീത് നൽകി,

അവൻ അമ്മയുടെ വാക്കുകൾക്ക് കാതോർത്തു. ശേഷം വളപ്പിലെ മാവിൻചുവട്ടിൽ തന്നാലാവും വിധം നിർമിച്ച മുളക്കമ്പു കൊണ്ടുള്ള ഓലമേഞ്ഞ ഇടുങ്ങിയ കുടിലിൽ നിന്നും എഴുന്നേറ്റു. അവന്റെ കൈതട്ടി ആ കൊച്ചുകുടിൽ നിലംപതിച്ചു. അത് അവന്റെ മനസ്സിൽ എന്തെന്നില്ലാത്ത വിങ്ങലുണ്ടാക്കി. അവധി ദിവസമായതിനാൽ രാവിലെ മുതൽ അവൻ കഷ്ടപ്പെട്ട് ഉണ്ടാക്കിയ കുടിലാണ്,രാത്രിയുടെ തണുത്ത സ്പർശനത്തിനു പോലും കാത്തുനില്കാതെയായിരുന്നു അതിന്റെ പതനം. അതുകണ്ട് സ്തംഭിച്ചുനിന്ന ഉണ്ണിയെ കണ്ട് സരസ്വതി അവനരികിലെത്തി.

അവനോട് പറഞ്ഞു ;

'ഉണ്ണീ...നാം എത്ര കെട്ടിപ്പൊക്കിയാലും ചെറിയൊരു അശ്രദ്ധ മതി,അത് ശിഥിലമാവാൻ. അതിപ്പൊ ഈ കുടിലായാലും സ്വപ്നമായാലും'.

'സാരില്യാട്ടോ...ന്റെ കുട്ടി വിഷമിക്കണ്ട...നാളെ നമ്മക്ക് പുതുതൊന്ന് പണിയാം... ശ്രദ്ധയോടെ...' സരസ്വതി ഉണ്ണിയെ സമാധാനിപ്പിച്ചു.

അവൻ അമ്മയെ നോക്ക ചോദിച്ചു; 'അപ്പൊ നാളേം ഇത് പൊട്ടിയാലോ...?'

അമ്മ അവനോട് ഉപദേശമെന്ന തരത്തിൽ മറുപടി നൽകി, 'ഇത് പൊട്ടിയത് നിന്റെ അശ്രദ്ധമൂലമാണ്. നാളെ ഈ കുടിൽ നീ പണിയാൻ തുടങ്ങുമ്പോൾ നിനക്ക് പറ്റിയ തെറ്റ് മനസ്സിലുണ്ടാവണം. അപ്പോൾ നിനക്കു ശ്രദ്ധയോടെ ഈ കുടിലിനെ ജീവനുള്ളതാക്കാം'.

ഇത്രയും പറഞ്ഞ സരസ്വതി അവനെ നോക്കി ഒന്ന് പുഞ്ചിരിച്ചു,ഉണ്ണിയും ചെറുപുഞ്ചിരിയോടെ അമ്മയെ നോക്കി തലയാട്ടി. ശിവപുരത്തെ കണ്ണാടി ഇല്ലത്തു ഉണ്ണിയും സരസ്വതിയും തനിച്ചാണ്. സരസ്വതി വീടിനടുത്തുള്ള എൽ പി സ്കൂളിൽ മലയാളം അധ്യാപികയാണ്. ഉണ്ണിയുടെ പേര് ഋഷികേശ്. എം എ മലയാളത്തിന് തുഞ്ചത്തു പഠിക്കുമ്പോഴാണ് കലാലയ പ്രണയം അവളെ ആകർഷിക്കുന്നത്. അവളുടെ ക്ലാസ്സിൽ പഠിച്ച കൃഷ്ണനുമായി അവൾ ഗാഢമായ പ്രണയത്തിലാവുകയായിരുന്നു. വളർത്തി വലുതാക്കിയ മാതാപിതാക്കളെ ആവഗണിച്ച് തന്റെ പ്രണയിതാവിന്റെ കൂടെ ജീവിതം ആസ്വദിക്കാൻ ഇറങ്ങിത്തിരിച്ചവളാണ് സരസ്വതി. കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായിരുന്ന കൃഷ്ണൻ അവളെ പാർട്ടി ഓഫീസിൽ നിന്നും ചുവന്ന ഹാരം അണിയിച്ചു തന്റെ സഖിയാക്കി. കലഹങ്ങളില്ലാതെ നല്ല രീതിയിൽ ഇരുവരും ജീവിതം ജീവിച്ചു തുടങ്ങി. കുത്തഴിഞ്ഞ സമൂഹത്തിന്റെ കരാളഹസ്തങ്ങൾ കൃഷ്ണനിൽ ഒരുപാട് മാറ്റങ്ങളുണ്ടാക്കി. തന്നെ മാത്രം വിശ്വസിച്ച് ഇറങ്ങിവന്ന സരസ്വതിയെയും മറന്നുകൊണ്ടുള്ള അതിർ വരമ്പുകളെ ഭേദിച്ചുകൊണ്ടുള്ള ആ കുത്തൊഴുക്കിൽ താനൊരു അച്ഛനാവാൻ പോകുകയാണെന്ന യാഥാർഥ്യത്തെപ്പോലും വകവെക്കാതെ അയാൾ സഞ്ചരിച്ചു.

തീർത്തും ദുസ്സഹമായ ദിനങ്ങളിലൂടെ നിറവയറുമായി അവൾ ജീവിച്ചു. ഒൻപതാം മാസത്തിന്റെ അവസാന നാൾവഴിയിൽ അവൾ ഉണ്ണിക്കു ജീവൻ നൽകി. പാതി തുറന്ന കണ്ണുകളുമായി ആ ചുവന്നുതുടുത്ത ശരീരത്തെ ഏറ്റുവാങ്ങാൻ പ്രസവവാർഡിനു വെളിയിൽ ആരുമില്ലായിരുന്നു. പിറന്നു വീഴുന്നതിനു മുൻപേ ഉണ്ണിയേയും സരസ്വതിയെയും തനിച്ചാക്കി കൃഷ്ണൻ എങ്ങോ ഓടി മറഞ്ഞു.

അവനിന്ന് പത്തു വയസ്സാണ്. പഠിക്കാൻ മിടുക്കനാണ്. മാതൃവാത്സല്യത്തിന്റെ അമൃത് പൊഴിച്ചുകൊണ്ട് അമ്മ തന്റെ മകനെ നല്ല പാഠങ്ങൾ ചൊല്ലിക്കൊടുത്തുവളർത്തി. അവന്റെ ഓരോ വിജയത്തിലും അവനെക്കാളേറെ സന്തോഷിച്ചത് സരസ്വതിയാണ്.

'വളരെയധികം വർണാഭമായതും സുഗന്ധപൂരിതവുമായ വലിയ പൂക്കാലം നിനക്കുമുന്നിലുണ്ട്. വിജയങ്ങൾ കൊയ്ത് നീ ആ പൂക്കാലത്തിന്റെ പടികൾ ചവിട്ടിക്കയറുമ്പോൾ കഴിഞ്ഞുപോയ കാലത്തെ പാടെ മറക്കരുതുണ്ണീ'...

അമ്മ ഒരു കരുതലെന്ന രീതിയിൽ ഉണ്ണിയോട് പറഞ്ഞു. തന്റെ സ്കൂൾപഠനകാലത്ത് അമ്മയുടെ വാക്കുകൾ അവനിൽ നിറസാന്നിധ്യമായിരുന്നു. കലാലയ മുറ്റത്തെത്തിയതോടെ മനസിന്റെ ക്യാൻവാസിൽ വിവിധ വർണങ്ങളും മറ്റും തിരമാലകൾപോലെ ആർത്തുല്ലസിച്ചു. പുതിയ സ്വപ്നങ്ങൾ,സൗഹൃദങ്ങൾ,സ്വതന്ത്രമായ ചിന്തകൾ...

ഇതിനിടെ എപ്പോഴോ അമ്മയുടെ വാക്കുകളെ അവൻ മനസ്സിൽ നിന്നും ഇറക്കിവിട്ടു. ന്യൂ ജനറേഷൻ എന്ന് പേരിട്ട പുത്തൻ യുഗത്തിൽ സുഖത്തിന്റെ പിറകെ പോയി ജീവിതം ഹോമിക്കുന്ന ഒരാളായി അവൻ.

ആ അമ്മ അവനൊരു ബാധ്യത പോലെയായി. പക്ഷെ പ്രത്യക്ഷത്തിൽ അവന് സരസ്വതിയോട് അതിരറ്റ സ്നേഹമായിരുന്നു. വാസ്തവത്തിൽ ഇതുവരെ

നോക്കിയതിനു ഫലമായി ഒരു സ്നേഹപ്രകടനം,കബളി പ്പിക്കൽ. കപടമായ ആ സ്നേഹത്തിൽ അമ്മ തന്റെ മകനെ ഒരു തരിപോലും സംശയിച്ചിരുന്നില്ല.


അനന്തതയിലെ ലഹരി പിടിപ്പിക്കുന്ന സുഖങ്ങൾ തേടിയായിരുന്നു അവന്റെ യാത്ര.

'ബാംഗ്ലൂരിൽ ജോലി കിട്ടിയെന്ന് പറഞ്ഞ് വീട്ടിൽ നിന്ന് ഇറങ്ങിക്കോളൂ' എന്ന് സുഹൃത്തുക്കൾ പറഞ്ഞുകൊടുത്ത ഉപാധി മുന്നിൽ അവതരിപ്പിക്കാൻ അവൻ വേണ്ട തയ്യാറെടുപ്പുകൾ നടത്തി.

'അമ്മേ...അമ്മേ...എനിക്ക് ബാംഗ്ലൂരിൽ ഒരു കമ്പനിയിൽ എച്ച് ആർ മാനേജറായി ജോലി കിട്ടി. നാളെ തന്നെ ജോയിൻ ചെയ്യണം.'

അവൻ അമ്മയെ വിശ്വസിപ്പിക്കാൻ അനുബന്ധ പേപ്പറുകളുമായി അമ്മയ്ക്കുമുന്നിലെത്തി. അമ്മ എന്നത്തേയും പോലെ മകന്റെ ഈ വിജയം കണ്ടു അതിയായി സന്തോഷിച്ചു. വാർദ്ധക്യത്തിന്റെ പ്രാരംഭത്തിൽ എത്തിയ ആ കരങ്ങൾ കൊണ്ട് അവന്റെ മുഖത്തെ തന്റെ ചുണ്ടോട് അടുപ്പിച്ച് നെറ്റിയിലൊന്ന് ചുംബിച്ചു. അമ്മയ്ക്ക് സംശയം തോന്നാതിരിക്കാൻ അവൻ ചിരിച്ചു നിന്നു. ബാംഗ്ലൂരിലേക്ക് പോകുമ്പോൾ മകന് കൊടുത്തുവിടാൻ അമ്മ തന്നാലാവും വിധം പലഹാരങ്ങൾ ഉറക്കമൊഴിച്ചു ഉണ്ടാക്കി. അപ്പോഴൊന്നും അവന് ഒരു കുറ്റബോധവും തോന്നിയില്ല. ക്ലോക്കിൽ ആറു മണി മുഴങ്ങി, അവനെ യാത്രയാക്കാൻ അമ്മ ഉമ്മറത്തെത്തി. നിറഞ്ഞ കണ്ണോടെ നിന്നാൽ അവന്റെ മനസ്സ് വിഷമിക്കും എന്ന് കരുതി മകനെ പിരിയുന്ന സങ്കടം സരസ്വതി മനസ്സിലൊതുക്കി. സങ്കടം കൊണ്ട് ആ അമ്മയ്ക്ക് വാക്കുകൾ പുറത്തേക്ക് വരുന്നില്ല. അവൻ റോഡിൽ കാത്തുകിടന്നിരുന്ന സുഹൃത്തിന്റെ കാറിൽ കയറി യാത്രയായി. മകൻ അകന്നതും ആ അമ്മയുടെ കണ്ണിൽനിന്നും കണ്ണീർ അണപൊട്ടിയൊഴുകി. കൺപീലികളെ തളർത്തിക്കിടത്തിക്കൊണ്ട് കവിളുകളിൽ ഈർപ്പം നൽകിക്കൊണ്ട് തുള്ളികൾ ഒഴുകിയകന്നു.

സരസ്വതിയുടെ കവിളിലേക്ക് ഒരു തുള്ളി മേൽക്കൂരയുടെ കഴുക്കോലിൽ നിന്നും താഴോട്ട് ഇറങ്ങിവന്നു. അവൾ പൊടുന്നനെ ഞെട്ടി. അമ്മേ....എന്നു വിളിച്ച് ഓടിവരുന്ന ഉണ്ണിയെയും കാത്ത് സരസ്വതി ഓർമ്മകളുടെ പൂക്കാലവും പേറി ഉമ്മറത്ത് ഇരിപ്പാണ്,ഓർമ്മയുടെ താളുകൾ ചിതലരിച്ച് ഇല്ലാതാകുന്ന കാലത്തോളം......



# മാഞ്ഞുപോയൊരെൻ പ്രണയിനി

നന്ദന മോഹൻദാസ്
ഒന്നാംവർഷം ഇംഗ്ലീഷ്

**മാ**രിവില്ലായി നീ
വർണ്ണങ്ങൾ രചിച്ചു മാഞ്ഞുപോയ്.
എന്നും തീരാ സ്മൃതികളായ്
നിൻ ഓർമ്മകൾ.
എൻ ശക്തിയും സ്വകാര്യവും നീയായിരുന്നു.
ഇന്നും മുഴക്കമായി എൻ കാതിൽ നിൻശാന്ത വാക്കുകൾ
കാറ്റായും മഴയായും വെയിലായും മഞ്ഞായും
എവിടെയും നിന്നോർമ്മകൾ.
ഒരു കാലം എന്നിലെ ശോഭയാം കെടാവിളക്കായിരുന്നു .
അറിയാതെ പോലുമെൻ വാക്കുകൾ
ശരമായിരുന്നെങ്കിൽ മാപ്പ്.
ഇനിയുമെൻ അരികിലായ്
അണയുമോ നീ
വീണതൻ തന്ത്രികളുള്ള പൂക്കാലമേ.
നീ പിന്നിട്ടു പോയ വഴികളിൽ
എവിടെയോ ഇന്നും നിനക്കായലിഞ്ഞു ഞാൻ.
എൻ ഹൃദയത്തിൻ
കുമ്പിളിൽ എവിടെയോ
നിനക്കായി സൂക്ഷിച്ച പ്രണയം ഉണ്ട്.

ചിന്നി ചിതറിയ മുത്തുകളായൊരെൻ
പ്രണയത്തെ കോർക്കുവാൻ
നീ വരില്ലേ?
മാഞ്ഞു പോയോരെൻ പ്രിയ
പ്രണയിനിയാം  പൂക്കാലമേ.
എൻ പ്രണയത്തിനായിനി നീ വരില്ലേ?
നിന്നെ വരവേൽക്കുവാൻ
ശ്രുതികളില്ലാതായ
വീണതൻ തന്ത്രികൾ മീട്ടി
ഞാൻ കാത്തിരുന്നു.





# ഒരു ദുരന്താത്മാവിന്റെ ഡയറിക്കുറിപ്പ്

സൗപർണിക കെ.
രണ്ടാംവർഷം ഇംഗ്ലീഷ്

എന്ത് മനോഹരിയാണി ഭൂമി! നമ്മുടെ പെറ്റമ്മ! അതി മനോഹരമായ ഈ ഭൂമിയിൽ ഏക മകളായി ഞാൻ ജനിച്ചു. ഒരിടത്തരം കുടുംബത്തിൽ മണ്ണിനെയും പ്രകൃതിയെയും അറിഞ്ഞു ഞാൻ വളർന്നു. എന്നിൽ എവിടെയോ നിന്ന് മുളപൊട്ടിയ ഒരു മോഹമായിരുന്നു ആതുര ശുശ്രൂഷ എന്നത്.

സന്തുഷ്ട കുടുംബവും മാതാപിതാക്കളും എന്റെ സ്വപ്നത്തിന് ചിറകുകൾ നൽകി.ഞാൻ അവരുടെയും എന്റെയും സ്വപ്നസാഫല്യത്തിന് വേണ്ടി രാപകലന്യേ പഠിച്ചു. അങ്ങനെ ആദ്യ കടമ്പ കടന്നു ഞാൻ മെഡിക്കൽ സയൻസ് പഠിക്കാൻ തുടങ്ങി.കുടുംബത്തിന്റെയും സഹപാഠികളുടെയും പൂർണ്ണപിന്തുണയോടെ വളരെ സന്തോഷത്തോടെ ജീവിതം മുന്നോട്ടു പോയിക്കൊണ്ടിരുന്നു. ഡ്യൂട്ടിക്ക് ശേഷം പുലർച്ചെ രണ്ടു മണിക്ക് ആശുപത്രി വാർഡിനോട് ചേർന്ന സെമിനാർ ഹാളിൽ ഉറങ്ങാൻ കിടന്നതായിരുന്നു ഞാൻ.

അതൊരു ശപിക്കപ്പെട്ട രാത്രിയായിരുന്നു. എന്നെന്നേക്കുമായി എന്നെ അത് ഇല്ലാതാക്കി. ഇല്ലാതാക്കപ്പെട്ട എന്റെ ശബ്ദത്തിനു പകരം ആയിരക്കണക്കിന് ശബ്ദങ്ങൾ ഇവിടെ ഉയർന്നു. എന്റെ മരണം വരെ എന്റെ മാതാപിതാക്കളെ സംരക്ഷിക്കാൻ സ്വപ്നം കണ്ട ഞാൻ ഇന്ന് അവരെ മരണം വരെ വേട്ടയാടാൻ ഉള്ള ഓർമ്മയായി. എനിക്കേൽണ്ടിവന്ന ക്രൂരത മറ്റൊരു പെണ്ണിനും വരല്ലേ



എന്ന് ഞാൻ ആഗ്രഹിക്കുന്നു. ഒരുപക്ഷേ എനിക്ക് മുൻപേ സമാനമായി കൊല്ലപ്പെട്ട വരും ഇതുതന്നെ ആഗ്രഹിച്ചിരിക്കണം പക്ഷേ...

എനിക്ക് എല്ലാം നഷ്ടപ്പെട്ടു എന്റെ ജീവനും ജീവിതവും പ്രിയപ്പെട്ടവരും അങ്ങനെ എല്ലാം.എനിക്കും ചിലത് പറയാനുണ്ട്. ഡോക്ടറാവാൻ സ്വപ്നം കണ്ട ഒരു പെൺകുട്ടി, വിശ്രമമില്ലാതെ ജോലിചെയ്ത രാത്രികൾ, ഏറ്റവും അവസാനമായി ശപിക്കപ്പെട്ട ആ രാത്രിയും....ഞങ്ങൾ ഡോക്ടർമാർക്ക് പലപ്പോഴും വിശ്രമമില്ലാതെ ജോലി ചെയ്യേണ്ടി വരാറുണ്ട്. അപ്പോഴും രോഗികളുടെ കണ്ണുകളിൽ കാണുന്ന ദൈന്യതയും വിശ്വാസവും ഞങ്ങളെ തളരാതെ മുന്നോട്ടു നയിക്കും. സുരക്ഷിതമാണെന്ന് ഞാൻ കരുതിയ ആശുപത്രി ചുമരുകൾ എന്റെ മരണത്തിന് സാക്ഷികളായി. അങ്ങനെ എന്നെന്നേക്കുമായി എന്റെ ശബ്ദം നഷ്ടമായി, ഞാൻ നിശബ്ദതയായി. പത്രമാധ്യമങ്ങളിലും മറ്റും ഞാൻ നിറഞ്ഞു നിന്നു. എന്നാൽ എത്രപേർ എന്നെ ഇപ്പോഴും ഓർക്കുന്നുണ്ട് എന്ന് അറിയില്ല. നീതി കാത്തു കഴിയുന്നവരുടെ ലോകത്ത് ഇന്ന് ഞാനും ഒരു അംഗമാണ്.



# राज़

Fathimathu Rafa M.
2nd DC Hindi

"राज़ खुल गया ' राज़ खुल गया " कोई ज़ोर से कह रहा है जिससे जोगू को पीछे मुडकर देखना पड़ा। तब उसे पता चला कि वह एक बच्चा था , जिस ने आधी रात के अंधेरे में एक राक्षस को देखा था जिसे लोग ' सातान ' कहते हैं। वह बच्चा पूरी तरह से डर गया था। उस डर ने उसे पागल बना दिया। बच्चे के शब्दों को लोगों ने ध्यान से सुना और आपस में पूछने लगे " आखिर, यह बच्चा किस राज़ की बात कर रहा हैं ? जोगू के गाँव के लोग ' सातान ' के कहानियों पर विश्वास रखते हैं। इसलिए वे सभी भी रात के अंधेरे में बाहर नहीं निकलते थे। जो भी हिम्मत करके बाहर निकलता था वह पागल होकर लौटता था। जोगू इस बात से बिल्कुल अनजान नहीं थी कि, जो भी ' सातान ' को देखता है वे पागल होते हैं। जोगू को उस बच्चे पर तरस नहीं आया। उसने सोचा कि " रात के अंधेरे में निकलेंगे तो ऐसी ही होगा "। उसने अपने बेटे ' राजु ' को रात में बाहर न निकलने का आदेश दिया। लेकिन एक दिन जब राजु ने अपने पिता को बहुत ढूँढा पर न मिलने के कारण राजु को बाहर अकेले निकलना पड़ा। तब रात के बारह बज रहे थे। उसने घर के आसपास के पेड़ों से भरे रास्ते पर चलने शुरू किया। अचानक उसने इधर-उधर चलनेवाले ' सातान ' को देखा जिसका चेहरा गहरा सफेद और आँखों गहरी लाल थीं। राजु उसे देखते ही बेहोश होकर गिर पड़ा। उसने रोते हुए ' राजु ' को पुकारा। उस सातान राजु को आस्पताल ले गया। लेकिन वहाँ कोई नहीं था। क्योंकि सब सातान के डर से बाहर नहीं निकलते थे। सातान पूरी रात राजु को लेकर आस्पताल में खडा रहा। सुबह होने पर गाँव के लोग जमा हो गए। तभी सातान ने अपना चेहरा खोल दिया और सब लोगों से बताया कि लोग जिसे ' सातान ' समझते थे वह कोई और नहीं था राजु का पिता जोगू था। उसने सब से माँफी माँगते हुए बताया कि उसने यह सब एक मज़े केलिए एक अफवाह फैलायी थी कि सातान रात में घूमते है, जिससे लोग डरके मारे रात को बाहर न निकला। उसे कभी यह अहसास नहीं हुआ कि उसकी मज़ाक की वजह से कितने मासूम लोग पागल हो गए। लेकिन जब उसका अपना बेटा भी उसी डर का शिकार हुआ तो उसे अपने कर्मों पर पछतावा हुआ। उसने हाथ जोड़कर लोगों से क्षमा माँगी। लोगों ने उसके बेटे पर तरस खाकर जोगू को माँफ कर दिया।

और इस तरह ' सातान ' का राज़ खुल गया।

गुणपाठ: खुद के चाल में खुद ही ज़रूर गिरेंगे।

ഒഴിവു സമയങ്ങളിൽ ഒരു ചായയൊക്കെ കുടിച്ച് സംസാരിച്ചിരിക്കാൻ ഇഷ്ടമില്ലാത്തവരായിട്ടാരാണുണ്ടാവുക? അധ്യാപകരായാലും വിദ്യാർത്ഥികളായാലും സമയം ചെലവഴിക്കാൻ ഒരുപോലെ തിരഞ്ഞെടുക്കുന്ന ഇടങ്ങളിലൊന്നാണ് കോളേജ് ക്യാന്റീൻ. ഒരിക്കലെങ്കിലും ക്യാന്റീനിൽ പോയി ഒരു ചായയെങ്കിലും കുടിക്കാത്തവരായി ആരും തന്നെ നമ്മുടെ കോളേജിലുണ്ടാവില്ല. കലാലയ ഓർമകളിൽ ഒരിക്കലും ഒഴിച്ചുകൂടാനാവാത്ത പങ്ക് ക്യാന്റീനിനുണ്ട്. 2017ലാണ് മാലതിയേച്ചിയുടെ നേതൃത്വത്തിലുള്ള ക്യാന്റീൻ പ്രവർത്തനമാരംഭിക്കുന്നത്. വനിതകൾ മാത്രം പ്രവർത്തിക്കുന്ന നമ്മുടെ ക്യാന്റീൻ നീണ്ട 8 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. അധ്യാപകരുടെയും കുട്ടികളുടെയും സഹകരണമാണ് ക്യാന്റീൻ മുന്നോട്ട് പോകാൻ സഹായിക്കുന്നതെന്നാണ് മാലതിയേച്ചിയുടെ പക്ഷം. മിതമായ നിരക്കിലും വൃത്തിയിലും വൈവിധ്യമാർന്ന ഭക്ഷണം അതാണ് വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമിടയിൽ ക്യാന്റീനിനെ ഏറെ പ്രിയപെട്ടതാക്കുന്നത്. സ്വന്തം നാടും വീടും വിട്ട് വരുന്ന ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് അമ്മമാരുടെ സ്നേഹവും പരിചരണവും മാലതിയേച്ചിയും സംഘവും നൽകുന്നതുകൊണ്ടുതന്നെ അവർക്കും ക്യാന്റീൻ ഏറെ പ്രിയപ്പെട്ട ഒരിടമായിത്തീർന്നു.





# നാൾവഴി ഓർമ്മകൾ

ഡോ. ജി. കുമാരൻ
റിട്ട. പ്രിൻസിപ്പൽ

പഴശ്ശിരാജ എൻഎസ്എസ് കോളേജിന്റെ തുടക്കം മുതൽക്കിങ്ങോട്ട് കോളേജിൽ വിവിധ രംഗങ്ങളിൽ നടത്തിവന്നിരുന്ന പരിപാടികളുടെ ഒരു തിരനോട്ടമാണ് ഇവിടെ പ്രതിപാദിക്കാൻ ആഗ്രഹിക്കുന്നത്. കോളേജ് ഡേയുമായി ബന്ധപ്പെട്ട ഫൈൻ ആർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിരുന്ന പരിപാടികൾ കായിക കലാരംഗങ്ങളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്നിവയുടെ ഒരു സംക്ഷിപ്തരൂപം ഏതാണ്ട് ഇങ്ങനെയാണ്.

1964 കാലഘട്ടത്തിൽ കണ്ണൂർ, കാസർഗോട്, മാഹി ഉൾപ്പെടെയുള്ള കോളേജുകൾ കോഴിക്കോട് സർവ്വകലാശാലയിലാണ് അഫിലിയേറ്റ് ചെയ്യപ്പെട്ടിരുന്നത്. യൂണിവേഴ്സിറ്റി തലത്തിലുള്ള കായിക കലാ മത്സരങ്ങളെല്ലാം എല്ലാം സോൺ തിരിച്ചാണ് നടത്തിയിരുന്നത്. ആകെ 5 സോണുകളായി തിരിച്ചായിരുന്നു മത്സരക്രമം. കണ്ണൂർ കാസർഗോട് ജില്ലയിലെ കോളേജുകൾ (മാഹി ഉൾപ്പെടെ) A സോണിലാണ് ഉൾപ്പെട്ടിരുന്നത്. സോൺ അടിസ്ഥാനത്തിലുള്ള മത്സരങ്ങളിലെ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർ ഇന്റെർസോൺ മത്സരത്തിൽ പങ്കെടുക്കണം. അതിൽ വിജയിക്കുന്നവരാണ് കായിക കലാ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെടുന്നത്. ചുരുക്കി പറഞ്ഞാൽ ഇന്നത്തെ

കണ്ണൂർ സർവ്വകലാശാലയിലെ കോളേജുകളാണ് അന്നത്തെ A സോൺ.


അന്നത്തെ കോളേജിലെ ആർട്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ചുരുങ്ങിയ വാക്കുകളിൽ പറയാം.നമുക്ക് അറിയാവുന്നതുപോലെ ഒന്നോ രണ്ടോ ചെറിയ കടകളും ഒന്ന് രണ്ട് ചായക്കടകളിലും മാത്രം ഒതുങ്ങിയ ഒരു പ്രദേശമായിരുന്നു മട്ടന്നൂർ. ഇത് സൂചിപ്പിക്കാൻ കാരണം അന്ന് കോളേജിൽ നടത്തിവന്നിരുന്ന കലാപരിപാടികൾ കാണുന്നതിന് നാട്ടുകാരായ ധാരാളം പേർ കോളേജിൽ എത്തിയിരുന്നു. കോളേജിലെ ഫൈൻ ആർട്സ് ഡേ അന്ന് രണ്ടു ദിവസമായിട്ടാണ് നടത്തിയിരുന്നത്. ഒരു ദിവസം പകലും അടുത്ത ദിവസം വൈകുന്നേരം ആരംഭിച്ച് പുലരുവോളമുള്ള കലാപരിപാടികളുമാണ് നടക്കുക.അധ്യാപകരും വിദ്യാർത്ഥികളും സംയുക്തമായി ഒന്നും രണ്ടും നാടകങ്ങൾ വരെ അവതരിപ്പിച്ചിരുന്നു.

കായികരംഗത്തുണ്ടായ കോളേജിന്റെ നേട്ടങ്ങൾ,

അന്ന് കോളേജിൽ വോളിബോൾ ബാസ്ക്കറ്റ്ബോൾ എന്നീ ഇനങ്ങളിൽ പ്രശസ്ത താരങ്ങൾ അടങ്ങിയ പുരുഷ, വനിത ടീമുകൾ ഉണ്ടായിരുന്നു. ഇവ രണ്ടും പല വർഷങ്ങളിൽ ഇന്റർസോൺ മത്സരങ്ങളിൽ പങ്കെടുത്ത് കാലിക്കറ്റ് യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയിട്ടുണ്ട്. ഇവരിൽ ഒട്ടേറെ താരങ്ങൾ പിന്നീട് ഉയർന്ന പദവികളിലേക്ക് എത്തിച്ചേർന്നു എന്നത് ഏറ്റവും സന്തോഷവും അഭിമാനവും നൽകുന്നതാണ്. കോളേജിന്റെ പ്രശസ്തി വർദ്ധിക്കുന്നതിന് ഇവർ കാരണമായി തീരുകയും ചെയ്തിട്ടുണ്ട്. ഇതിനെല്ലാം കഠിനമായി പരിശ്രമിച്ചത് അന്നത്തെ ഫിസിക്കൽ എജുക്കേഷൻ പ്രൊഫസർ എം. കെ കൃഷ്ണൻ നായർ ആയിരുന്നു എന്ന് ഇവിടെ അനുസ്മരിക്കുന്നു.

കോളേജിൽ അന്ന് ഒട്ടേറെ പ്രതിഭാശാലികൾ ഉണ്ടായിരുന്നു.ശ്രീനിവാസൻ പഠിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ തന്റെ പ്രതിഭ തെളിയിച്ച കലാകാരനാണ്. നാടകങ്ങൾ രചിക്കുകയും അവ കോളേജിൽ അവതരിപ്പിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ ചലച്ചിത്രരംഗത്തെ അഭിമാനകരമായ നേട്ടങ്ങളുടെ തുടക്കം നമ്മുടെ കോളേജിൽ നിന്നായിരുന്നു എന്നത് അദ്ദേഹത്തിനും നമുക്കും കോളേജിനും സന്തോഷകരവും അഭിമാനകരവും ആണ്. 1985 ൽ നമ്മുടെ കോളേജിലെ പ്രിഡിഗ്രി വിദ്യാർത്ഥിനിയായിരുന്ന സീമാ നായർ തൃശ്ശൂരിൽ ഇന്റർസോൺ നടന്ന മത്സരത്തിൽ ശാസ്ത്രീയ നൃത്തത്തിലും നാടോടിനൃത്തത്തിലും വിജയിച്ച് കാലിക്കറ്റ് യൂണിവേഴ്സിറ്റി കലാപ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. സിനിമ ലോകത്തെ പ്രശസ്തനായ ജഗദീഷ്, കൊമേഴ്സ് ഡിപ്പാർട്ട്മെന്റിലെ അധ്യാപകനായിരുന്നു. കോളേജിന്റെ കലാരംഗത്ത് അദ്ദേഹം മഹത്തായ സംഭാവനകളാണ് നൽകിയിട്ടുള്ളത്. നമ്മുടെ കോളേജിൽ വന്ന് രണ്ടുതവണ A സോൺ കലോത്സവം നടത്തിയിട്ടുണ്ട്.

കണ്ണൂർ യൂണിവേഴ്സിറ്റി നിലവിൽ വന്നതിനുശേഷം എല്ലാ മത്സരങ്ങളിലും യൂണിവേഴ്സിറ്റി തലത്തിലേക്ക് മാറി. അതിനുശേഷവും എല്ലാ രംഗങ്ങളിലും മുന്നേറാനും നേട്ടങ്ങൾ കൈവരിക്കാനും കഴിയുന്നു എന്നത് ആരംഭം മുതലുള്ള ജൈത്രയാത്രയുടെ തുടർച്ചയാണ്.ഇന്ന് പ്രശസ്ത നർത്തകിയും മോഹിനിയാട്ടത്തിൽ പി.എച്ച്.ഡി നേടിയിട്ടുള്ള ഡോ. സുമിതാ നായർ കോളേജിനും കലാരംഗത്തിനും അഭിമാനമാണ്.





# മഴത്തുള്ളി

അദ്വൈത് സി.
രണ്ടാം വർഷം ഹിസ്റ്ററി

മേഘങ്ങൾക്കിടയിൽ പിറന്ന്
ഭൂമിയെ പുണരുന്നത് വരെ മാത്രം
ദൈർഘ്യമുള്ള ഒരു ജീവിതം.
ഈ ചുരുങ്ങിയ,
സമയത്തിനുള്ളിൽ തന്നെ
തന്റെ ബാല്യവും യൗവനവും
വാർദ്ധക്യവും
കടന്നുപോയി കഴിഞ്ഞിരിക്കുന്നു.
ആകാശക്കാഴ്ചകൾ കണ്ട്
മാനം മുട്ടെ വളർന്നു കിടക്കുന്ന
വൃക്ഷശിഖരങ്ങൾക്കിടയിലൂടെ
ഇലകളെ തലോടി...
ചെറു ജീവികളെ ചുംബിച്ച്
തന്റെ യാത്രയ്ക്ക് വിരാമമിട്ട്
ഓർമ്മകളുമായി മണ്ണിൽ
ലയിക്കുന്നു....



# തീരാനോവ്

ശ്രീനന്ദ
ഒന്നാംവർഷം ഇംഗ്ലീഷ്

പറയാൻ മടിച്ചൊരാ വാക്കുകൾ കൊണ്ടെന്നെ
കണ്ണീരിലാഴ്ത്തിയ നാളുകൾ, വീണ്ടും
ഓർക്കാൻ കൊതിക്കുന്നൊരാനാളുകൾ...
പിന്നിട്ട വഴികളും നാം കണ്ട കാഴ്ചയും
തിരികെ ലഭിക്കാത്ത നല്ല ഓർമ്മകൾ
ഇന്ന് ഓർമ്മയായി മാറുന്നൊരീ വേളകൾ....
വരാന്തയിൽ പിന്നിട്ട നിൻ പാദത്തിൻ
നിഴലായ് കൈകോർത്ത് നടന്നൊരാനാളുകൾ
ഇരുളു നിറഞ്ഞൊരാ ക്ലാസ് മുറിക്കുള്ളിൽ
നിൻ ആദ്യ ചുംബനം ഓർക്കുന്നു ഞാൻ
നിന്നിലെ ഗന്ധവും നീ തന്ന ചൂടും
പകരം ലഭിക്കാത്തൊരാ നാളുകൾ,
പകരമല്ലാത്തൊരാ നാളുകൾ പ്രാണനായ് നീയന്റെ
ഹൃദയത്തുടിപ്പിലിന്നാഴ്ന്നിരിപ്പൂ...
ഇന്നെന്റെ ഓർമ്മയിലെ കനൽ തിരിയിലൊന്നിൽ
നിൻ മായാത്ത രൂപം ഒളിഞ്ഞിരിക്കേ..
എന്നുള്ളിലുള്ള നിൻ ഓർമ്മകളിന്ന്.
മറുപുറം ഇല്ലാത്ത പാഴ് ഓർമ്മകൾ...
ഇന്നെന്റെ ജീവിതം ഞാൻ കണ്ട പാഠങ്ങൾ.
നിനക്കു പകരം മറ്റാരുമില്ലാ ലോകത്തിന്ന്
ഞാനും നിന്നോർമ്മയും മാത്രമായ്..
കളങ്കമില്ലാത്തൊരാ നിൻ ചിരികളിൽ
വീണു പോയൊരെന്നെ ഓർക്കുന്നുവോ നീ
മരണമില്ലാത്തൊരാ ഓർമ്മകൾ
ഇന്നെന്നെ വിട്ടുമാറാത്ത ഒരു രോഗിയാക്കി

# ആഴക്കടലിന്റെ തേങ്ങൽ

പൂജ എൻ.പി.
(രണ്ടാംവർഷം എം.കോം)

**കാ**ർമേഘങ്ങൾ ഇരുണ്ട് മൂടുന്നു. ചുറ്റും കൂരാകൂരിരുട്ട്. കടൽ ആർത്തിരമ്പുന്നു. പേമാരിയും കൊടുങ്കാറ്റും. സർവനാശത്തിന്റെ ആരംഭം. പ്രാണനുവേണ്ടിയുള്ള ദയനീയമായ യാചനകൾ. പ്രകൃതി തന്റെ താണ്ഡവമാടുന്നു. തിരിച്ചടികളുടെ, തിരിച്ചറിവുകളുടെ കാലത്തിന്റെ തുടക്കം. നഷ്ടങ്ങളുടെ,യാതനകളുടെ,ജനതയുടെ ഒത്തൊരുമയുടെ ത്യാഗത്തിന്റെ ഓർമ്മകൾ അലയടിക്കുന്നു. ദയ, അവൾ ഇന്ന് അനാഥയാണ്. ഉറ്റവരുടെ വിയോഗത്തിന് ഇന്നേക്ക് ഒരു വർഷം കഴിഞ്ഞിരിക്കുന്നു. ഉരുൾപൊട്ടലിൽ അവളുടെ അച്ഛനും അമ്മയും സഹോദരനും യാത്രയായപ്പോൾ ദുരന്തമുഖത്തിന്റെ സാക്ഷിയായത് അവൾ മാത്രം, 'ദയ '. ജീവന്റെ തുടിപ്പുകൾ ബാക്കിയാക്കി പേമാരി അവളുടെ കുടുംബത്തെ കവർന്നെടുത്തു. ഇന്ന്, തന്റെ ഉറ്റവരെ അടക്കിയിരിക്കുന്ന കല്ലറയിൽ പുഷ്പങ്ങൾ അർപ്പിച്ച് അവൾ പൊട്ടിക്കരഞ്ഞു. ഏകയായി അവൾ ഇന്ന് അനാഥാലയത്തിലാണ്. മറവി മായ്കാത്ത ചിത്രങ്ങൾക്ക് ഇന്നേക്ക് ഒരുവർഷം തികയുന്നു. അവൾ മറക്കാൻ ആഗ്രഹിക്കുന്ന തന്റെ ജീവിതമെന്ന



പുസ്തകത്താളിലെ ഒരു അദ്ധ്യായമാണ് ആ ദിനങ്ങൾ. അവൾ ഇന്നും പേടിയോടും ഭയത്തോടും മാത്രം ആ ദിനം ഓർക്കുന്നു .അവൾ ഇപ്പോഴും സ്വപ്നങ്ങളിൽ ഞെട്ടി ഉണരാറുണ്ട്. അന്ന്, അവളുടെ കുടുംബം ഏറെ വൈകിയാണ് കിടന്നത്. അവൾ ഹോസ്റ്റലിൽ നിന്ന് രണ്ട് ദിവസം അവധിക്ക് വീട്ടിൽ വന്നതായിരുന്നു. പെട്ടെന്നാണ് ആ ഭീകരമായ ശബ്ദം കേട്ടത്. അവൾ ഉറക്കത്തിൽ നിന്ന് ഞെട്ടിയുണരുമ്പോൾ കണ്ടത് വലിയ മരങ്ങളും, പാറകളും തന്റെ വീടും മുഴുവൻ കുത്തിയൊലിച്ച് പോകുന്നു... അവൾ അലറിക്കരഞ്ഞു. അപ്പോഴേക്കും നേരം വൈകിയിരുന്നു. അവളുടെ വീട് നിന്ന ഭാഗത്ത് മരങ്ങളും പാറകളും ശക്തമായി ഒഴുകുന്ന ഒരു പുഴയായി മാറി. അവൾ തന്റെ നേരിയ ദൃശ്യത്തിൽ വലിയ വീടുകളും കെട്ടിട്ടങ്ങളും സ്കൂളുകളും ഒഴുകി പോകുന്നതാണ് കണ്ടത്. അവൾ പെട്ടെന്ന് ബോധരഹിതയായി. നിശ്ചലയായി ചെളിയുടെ ആഴങ്ങളിലേക്ക് മറഞ്ഞു. പിറ്റേന്ന് അവളുടെ കൈവിരലുകൾ ചെളിയിൽ പൂണ്ടുകിടക്കുന്നതു കണ്ട അഗ്നിരക്ഷാസേനയാണ് അവളെ രക്ഷിച്ചത്. ഉരുൾ പൊട്ടലിന്റെ ശക്തിയിൽ ജനങ്ങളുടെ മൃതദേഹങ്ങൾ ഒരു ജില്ലയിലെ പുഴയിൽ നിന്ന് മറ്റൊരു ജില്ലയിലെ പുഴയിലേക്കാണ് എത്തി ചേർന്നത്. ഇത്രയും ദയനീയമായ കാഴ്ചക്കാണ് അന്ന് ആ നാട് സാക്ഷ്യം വഹിച്ചത്. ആയിരക്കണക്കിന് ജീവനുകൾ പൊലിഞ്ഞു. ആ ഗ്രാമം നിന്നിരുന്ന സ്ഥലത്ത് ഇപ്പോൾ കുത്തിയൊലിച്ചൊഴുകുന്ന പുഴ മാത്രമാണുള്ളത്. പെട്ടെന്നാണ് അവൾ തന്റെ ഓർമ്മകളിൽ നിന്ന് ഞെട്ടിയുണർന്നത്. തന്റെ കുടുംബത്തിന്റെ അരികിലേക്ക്, ദു:ഖങ്ങളില്ലാത്ത ആ ലോകത്തേക്ക് യാത്രയകണമെന്ന് അവൾ പല പ്രാവശ്യം ചിന്തിച്ചിട്ടുണ്ട്. എന്നാൽ കാലം അവൾക്ക് പുനർജ്ജന്മം സമ്മാനിച്ചു. ദുരന്ത മുഖത്തിന്റെ കാലം മായ്കാത്ത സാക്ഷിയായി അവൾ ഇന്നും ജീവിക്കുന്നു.





# MY PRECIOUS RAIN FILLED LOVE

Divya Lakshmi
2nd DC English

Petal With rain-filled hair and a bright smile
You make me feel like a queen
You hold me tight and whisper sweetly,
My love,My love,you are my rain
You hold my hand,and we rain into the rain.
I fall deeper and deeper each day.
You tell me I'm beautiful,
I can hardly believe,
My heart feels complete
when I'm with you,my rain
You make me feel so alive,
Eventhough you're not real,
I dream of you and wake in tears,
You're all I need,
My Precious petal....
My beloved fictional love...



# സ്നേഹത്തണൽ



മട്ടന്നൂർ പഴശ്ശിരാജ എൻ.എസ്.എസ്. കോളേജ് നാഷണൽ സർവീസ് സ്കീം യൂണിറ്റ് 28,29 ഈ വർഷം കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി ഫൗണ്ടേഷന്റെ സഹകരണത്തോടെ രണ്ട് വീടുകൾ നിർമിച്ചു നൽകി. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ സിദ്ധിഖ് നഗറിലും പെരുവളത്തുപറമ്പിലുമായി 450 ചതുരശ്ര അടിയിൽ നിർമിച്ചിരിക്കുന്ന വീടുകൾക്ക് 4 ലക്ഷം രൂപ ചിറ്റിലപ്പിള്ളി ഫൗണ്ടേഷനും, ബാക്കി തുക യൂണിറ്റുകൾ പല രീതിയിൽ സമാഹരിച്ചുമാണ് പൂർത്തിയാക്കിയത്. നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ വളണ്ടിയർമാരുട പങ്കാളിത്തവും, കൂടാതെ ഫുഡ് ഫെസ്റ്റ് നടത്തിയും സ്ക്രാപ്പ് സാധനങ്ങൾ വിറ്റും, സുമനസ്സുകളിൽ നിന്നും സംഭാവന പിരിച്ചുമാണ് അധിക തുക കണ്ടെത്തിയത്. ഫെബ്രുവരി മാസം തുടങ്ങിയ നിർമാണപ്രവൃത്തി ഓഗസ്റ്റ് മാസത്തോടെ പൂർത്തിയാക്കി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.റോബർട്ട് ജോർജ്, വാർഡ് മെമ്പറായ ശ്രീമതി. എം.പി പ്രസന്ന, ശ്രീമതി.യാസറ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്. ഭിന്നശേഷിക്കാരായ ജംഷീറ, ഇബ്രാഹിംകുട്ടി എന്നിവർക്കും തസ്ബീനസമീർ ദമ്പതികൾക്കും വേണ്ടിയാണ് സ്നേഹവീട് ഒരുക്കിയത്. കോളേജിന്റെ എൻ.എസ്.എസ് യൂണിറ്റിന്റെ പന്ത്രണ്ടാമത്തെ വീടിന്റെ നിർമാണം മുഴക്കുന്ന് പുരോഗമിക്കുന്നു.



# നീമാത്രം എന്നെക്കാണാൻ വന്നില്ലല്ലോ


അനിരുദ്ധ് ബിജു
രണ്ടാം വർഷം ഇംഗ്ലീഷ്


**ഞാ**ൻ എത്തിയപ്പോൾ വീട് നിറയെ ആളുകൾ; വീട്ടിൽ ടാർപ്പായി കെട്ടിയിട്ടുണ്ട്. ഞാൻ വീട്ടിൽ കത്തിച്ചു വെച്ച വിളക്കിന്റെ മുന്നിൽ സ്ഥാനം പിടിച്ചു. കുറെ ആളുകൾ ഉണ്ടായിട്ടും വീട്ടിൽ നിശബ്ദത മാത്രം.ഇന്നലെവരെ കൂടെയുണ്ടായിരുന്ന കൂട്ടുകാരുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നു. എന്താണ് കാര്യം? ചോദിച്ചിട്ട് ആരും മൈൻഡ് ആക്കുന്നില്ല. ആ നിശബ്ദതയെ കീറിമുറിച്ചു കൊണ്ട് ഒരു നിലവിളി കേട്ടു.എന്റെ പൊന്നു മോനെ എന്ന് വിളിച്ചു കൊണ്ട് എന്റെ അമ്മ ഞാൻ കിടന്നിടത്തേക്ക് ഓടി വന്നു. ആ നിലവിളിയിൽ ചുറ്റും കൂടി നിന്നവരുടെ എല്ലാം കണ്ണുകൾ നിറഞ്ഞു. അമ്മയുടെ തണുത്ത ചുണ്ടിൽ നിന്ന് മരവിച്ചുപോയ എന്റെ നെറ്റിയിൽ ഒരു ചുംബനം കിട്ടിയപ്പോൾ മറ്റാരും കാണാതെ ഞാനും കരഞ്ഞു. എന്റെ പ്രിയപ്പെട്ടവർ ഉൾപ്പെടെ ബന്ധുക്കൾ കൂട്ടുകാർ ശത്രുക്കൾ അങ്ങനെ എല്ലാവരും ചുറ്റിനും ഉണ്ടായിട്ടും എന്റെ കണ്ണുകൾ തിരഞ്ഞത് നിന്നെയാണ്.നീ അറിയാഞ്ഞിട്ടാണോ എന്ന് ഞാൻ കുറെ ആലോചിച്ചു. അന്ന് നീ പറഞ്ഞില്ലേ എന്റെ ഏത് അവസ്ഥയിലും കൂടെ ഉണ്ടാകും എന്ന്. പക്ഷേ ഞാൻ ഭൂമിയോട് അലിഞ്ഞു ചേരുന്ന നിമിഷം നിന്റെ സാന്നിധ്യം ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചിരുന്നു. ഒരു കണക്കിന് നീ വരാത്തത് നന്നായി.കാരണം നീ കരയുമ്പോൾ ചേർത്ത് പിടിക്കാൻ എനിക്ക് കഴിഞ്ഞെന്ന് വരില്ല.



# ആണൊരുത്തൻ


അതുല്യ രാജേഷ്
മൂന്നാം വർഷം ഹിന്ദി


എത്രയാമ്മേ ഞാൻ ഇഷ്ടപെട്ട പെൺകുട്ടിക്ക് നിങ്ങള് ഇട്ട വില...?

അമ്മയുടെ മുഖത്തു നോക്കി വിഷ്ണു അത് ചോദിക്കുമ്പോൾ പകച്ചു പോയിരുന്നു എല്ലാവരും... അതുവരെ അവന്റെ മുഖത്തേക്ക് നോക്കാതെ നിന്നിരുന്നവൾ ഞെട്ടലോടെ അവന്റെ മുഖത്തേക്ക് നോക്കി... അല്ല മോനെ അതൊരു നാട്ടുനടപ്പല്ലേ.. അവര് ചോദിച്ചാലും ഇല്ലേലും ഞങ്ങൾ കൊടുക്കാൻ ഉള്ളത് അവൾക്കു കൊടുക്കും.... പെണ്ണിന്റെ അച്ഛൻ ന്യായീകരിക്കാൻ ശ്രമിച്ചു..... അച്ഛാ നിർത്തൂ.. ഞാൻ ഇവളെ കാണുന്നത് ഒരു ദിവസം വണ്ടി ബ്രേക്ക്ഡൗൺ ആയി കിടന്നപ്പോൾ കടയിലേക്ക് എങ്ങാണ്ട് സാധനം വാങ്ങാൻ പോയപ്പോൾ ആണ്. എന്തോ അന്ന് മനസ്സിൽ കേറിക്കൂടിയതാണ് ഇവൾ... എന്റെ ഇഷ്ടം അവളോട് പോലും പറയാതെ ഞാൻ വീട്ടിൽ ചെന്ന് അമ്മയോടും അച്ഛനോടും പറയുകയും അവളെക്കുറിച്ചു അന്വേഷിക്കാനും പെണ്ണ് കാണാൻ ഒരു ദിവസം വരട്ടെ എന്ന് ചോദിക്കുവാനും പറയുകയായിരുന്നു. അല്ലാതെ ഇവിടെ വന്നു ഇവൾക്ക് വിലയിടാൻ ഞാൻ ആരോടും പറഞ്ഞിട്ടില്ല. അവളുടെ അച്ഛനോട് അവൻ പറഞ്ഞു... അല്ല മോനെ ഇതൊരു നാട്ടുനടപ്പല്ലേ.. അച്ഛനും അമ്മയും ചോദി ക്കുന്നത് കൊണ്ട് എന്താണ് ഒരു തെറ്റ്.... നിങ്ങൾ അവളുടെ അച്ഛൻ തന്നെ ആണോ..? വിഷ്ണു നീ എന്തൊക്കെയ



ഈ പറയുന്നേ..? അവന്റെ അച്ഛൻ ഇടയ്ക്ക് കയറി .... അവൻ അയാൾക്കു മുഖം കൊടുത്തില്ല....

പെൺവീട്ടുകാർ എന്തുപറയണം എന്ന് അറിയാതെ പകച്ചിരുന്നു...

അവൻ തുടർന്നു.. എനിക്ക് വേണമെങ്കിൽ ആദ്യമേ ഇവളോട് എന്റെ ഇഷ്ടം പറയാമായിരുന്നു.... എന്തെങ്കിലും കാരണത്താൽ വീട്ടുകാർ എതിർത്താൽ അവളുടെ മനസ്സ് വേദനിപ്പിക്കേണ്ടി വരുമല്ലോ എന്നോർത്താണ് അങ്ങനെചെയ്യാതെ ഇവരെ പറഞ്ഞു വിട്ടത്...

അല്ല മോനെ ഇതിപ്പോ സ്ത്രീധനം ചോദിക്കുന്ന ആദ്യത്തെ ആൾക്കാർ ഒന്നും അല്ലല്ലോ മോന്റെ അച്ഛനും അമ്മയും... മാത്രമല്ല ഇവൾക്ക് ഇപ്പൊ കൊടുത്താലും ഇവളുടെ ചേട്ടൻ കെട്ടാൻ നേരം തിരിച്ചുകിട്ടൂലോ...

അവളുടെ അമ്മയുടെ വാക്ക് കേട്ടു വിഷ്ണു ഒന്നു ചിരിച്ചു.. ഇതെന്താണ് അമ്മേ പെണ്ണ് കച്ചവടമോ..? ജാതകവും മുഹൂർത്തവും പൊരുത്തവും ഒക്കെ നോക്കുന്ന നിങ്ങൾക്ക് ഒരു അഞ്ചുമിനിറ്റ് അവളുടെ ഇഷ്ടം ചോദിക്കാൻ പറ്റില്ലേ...? അതോ ഒരു പ്രായം കഴിഞ്ഞ് കെട്ടിച്ചു വിടാൻ പറ്റൂല എന്നോർത്ത് ആണോ..? അല്ല മോനെ എല്ലാരും ഇങ്ങനെയൊക്കെ അല്ലെ..? എല്ലാവരെ പോലെ നമ്മളും ആകണം എന്നുണ്ടോ അച്ഛാ..? കൊടുക്കാൻ നിങ്ങൾ തയ്യാറാകുന്നത് കൊണ്ടല്ലേ വില പേശാൻ അവരും തയ്യാറാകുന്നത്..? എന്റെ മകളെ ഞാൻ കച്ചവടം ചെയ്യൂല്ലെന്നു നിങ്ങൾ തീരുമാനിച്ചാൽ എത്ര നാള് പെണ്ണില്ലാതെ ഇവിടുത്തെ ആണുങ്ങൾ ജീവിക്കും... ഇപ്പൊത്തന്നെ ഈ വീടിന്റെ അവസ്ഥ എത്ര ശോചനീയമാണ്.. പത്തിലും പ്ലസ് ടുവിലും നല്ല മാർക്കുണ്ടായിട്ടും നേഴ്സ് ആകണം എന്ന് ആഗ്രഹം ഉണ്ടായിട്ടും അതിനൊക്കെ ചിലവ് ആണെന്നും പറഞ്ഞു അവളെ ഇഷ്ടമില്ലാത്ത ഡിഗ്രി പഠിക്കാൻ പറഞ്ഞുവിട്ടു.. പേരിനൊരു വിദ്യാഭ്യാസം ...അത് തീർത്ത് എത്രയും പെട്ടന്ന് കെട്ടിച്ചു വിട്ട് ഭാരം ഒഴിവാക്കണം.... അവളുടെ വിദ്യാഭ്യാസം പോലും ചിലവഴിക്കാത്ത ക്യാഷ് അവളുടെ കല്യാണത്തിന് സ്വർണം മേടിക്കാൻ ആയി കൂട്ടിവെച്ചു.. ആ പൈസകൊണ്ട് ഇവൾക്ക് വിദ്യാഭ്യാസം കൊടുത്തിരുന്നുവെങ്കിൽ ഇന്ന് സ്വന്തമായി അധ്വാനിക്കാനും സമ്പാദിക്കാനും സ്വന്തം കാലിൽ നിൽക്കാനും അവൾക്കു ആകുമായിരുന്നില്ലേ..? അതോ ഇനി പെണ്മക്കൾ സമ്പാദിച്ചാൽ സ്വന്തം വീട്ടിലേക്കു കിട്ടൂല കണ്ടവന്റെ വീട്ടിലേക്കു പോകും എന്ന് വിചാരിച്ചാണോ..? ഞാനിവളെ കെട്ടി കുറച്ചു കഴിഞ്ഞു മരിച്ചു പോയാൽ പിന്നെ ഇവളെങ്ങനെ ജീവിക്കും എന്ന് ആലോചിച്ചിട്ടുണ്ടോ.? നിങ്ങൾ പണം കൊണ്ട് സ്വന്തം മകൾക്ക് വിലയിടുമ്പോൾ പലരും വരുന്നത് മകളെ കണ്ടിട്ടല്ല പണം കണ്ടിട്ടാണ്... അതുകൊണ്ടാണ് പാമ്പ് കൊത്തിയും, വിഷം

കഴിച്ചുമൊക്കെ ഇവരുടെ ജീവിതം ഒരു രാത്രികൊണ്ട് തീരുന്നത് അതിലും എത്രയോ ജീവിതങ്ങൾ കെട്ടിയോന്റെ കാൽച്ചുവട്ടിൽ കിടന്നു എരിഞ്ഞു തീരുന്നത് പുറംലോകം അറിയാതെ.. സ്വന്തമായി അടിവസ്ത്രം പോലും വാങ്ങാൻ പ്രാപ്തി ഇല്ലാത്തവരാക്കി നിങ്ങൾ ഇവരെ വിൽക്കുമ്പോൾ വാങ്ങുന്നവർ അവരെ അടിമകളായി കണ്ടില്ലെങ്കിൽ അത്ഭുതമേയുള്ളൂ...എന്തായാലും നിങ്ങൾ ഒന്നു ഓർത്തു വെച്ചോ...ഒരിക്കൽ വെള്ളപുതച്ചു ഈ തറയിൽ കിടത്തുമ്പോൾ അവസാനമായി കരയാൻ പെണ്ണായി പിറന്ന ഇവളെ കാണുള്ളൂ...അവൻ എഴുന്നേറ്റു അവളുടെ മുന്നിൽ ചെന്നു...എടി പെണ്ണേ എന്റെ മുഖത്തേക്ക് നോക്ക്...അവൾ കണ്ണുയർത്തി അവന്റെ മുഖത്തേക്ക് നോക്കി... എന്നെ ഇഷ്ടമായോന്ന് എനിക്കറിയില്ല... നീ സമയം എടുത്തു ആലോചിച്ചു പറ. ഇഷ്ടമാണെങ്കിൽ ഞാൻ വരും ആരൊക്കെ സമ്മതിച്ചാലും ഇല്ലേലും ഞാൻ കൊണ്ടുപോകും... അവളുടെ മുഖത്തുചിരി വന്നു... അവന്റെ അച്ഛനും അമ്മയും ഭയത്തോടെ അവളുടെ വീട്ടുകാരെ നോക്കി.. അവളുടെ വീട്ടുകാർ ഞെട്ടലിൽനിന്നും മാറിയിട്ടില്ലായിരുന്നു... എനിക്കിഷ്ടമാണ്... അവൾ മറുപടി പറഞ്ഞു.... അവൻ അവളുടെ കയ്യും പിടിച്ചു അവളുടെ അച്ഛനോട് പറഞ്ഞു... ഇവിടെ അടുത്തുള്ള അമ്പലത്തിൽ വേണ്ടപ്പെട്ട സ്വന്തക്കാരുടെ സാന്നിധ്യത്തിൽ, ഈശ്വര സന്നിധിയിൽ ഏതു സമയവും. ശുഭമുഹൂർത്തം ആണെന്ന വിശ്വാസത്തിൽ... ഇവളെ ഞാൻ എന്റെ ജീവിതത്തിലേക്ക് കൂട്ടും. നിങ്ങളുടെ മുഖം വാടുന്നത് ഞാൻ കണ്ടു... സ്ത്രീധനം തന്നില്ല എന്നോർത്ത് ഒരു ദുരഭിമാനവും വേണ്ട. ഇവളെന്ന സ്ത്രീ തന്നെയാണ് ധനം... ഉറച്ച നിലപാടോടെ അവൻ ആ പടിയിറങ്ങി... വണ്ടിയിൽ കേറുന്നതും നോക്കി അവൾ നിന്നു. വണ്ടി മുന്നോട്ടു നീങ്ങിയപ്പോൾ വിൻഡോയിലൂടെ അവൻ അവളെ നോക്കുന്നത് അവൾ കണ്ടു. അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു.. ആദ്യമായിട്ടായിരുന്നു അവൾ അങ്ങനെ ഒരാളെ കാണുന്നത്... കണ്ണുനീര് നിറഞ്ഞ ഒരു ചെറിയ ചിരിയോടെ അവൾ അവനെ നോക്കികൊണ്ടിരുന്നു...






# വാക

ആദിത്യ കെ.
രണ്ടാം വർഷം ഹിസ്റ്ററി

ഉള്ളിലെപ്പോഴും സൗഹൃദം കാത്തുസൂക്ഷിച്ച് അവൾ,
ഉറവ വറ്റാത്ത സ്നേഹത്തിന്റെ പ്രതീകമായി അവനും.
വിപ്ലവത്തിന്റെ ചുവപ്പിനെ പ്രണയിച്ച്
അവർ രണ്ടുപേർ.
കലാലയ സൗഹൃദത്തെ വിള്ളലേൽപ്പിക്കാതെ
കാലം കടന്നുപോയപ്പോഴും
അവരറിയാതെ പോയത് അവരിലെ പ്രണയം.
വഴിയോരങ്ങളിൽ കനവ് കണ്ടു നടന്നപ്പോഴും
സ്വപ്ന ചിറകു വീശി പറന്നപ്പോഴും
പച്ചഞരമ്പുകളിൽ പ്രത്യാശനിറച്ച്
അവരൊന്നിച്ചുണ്ടായി...
തഴച്ചു വളരാൻ പാകത്തിന് ഓർമ്മകൾക്ക്
വിത്തിട്ടു കൊണ്ട് കാലം നീങ്ങിയപ്പോഴും
അവരറിയാതെ പോയ അവരിലെ പ്രണയം
വാകമരം പൂത്ത പുലരിയിലെപ്പൊഴോ
പറയാൻ ബാക്കിവെച്ച പ്രണയത്തെ
അവൾ അറിഞ്ഞു.
പ്രിയപ്പെട്ടവന് പ്രണയം സമ്മാനിച്ചവൾ
മടങ്ങുമ്പോൾ അവന്റെ കല്ലറയ്ക്ക്
തണലായി നിന്ന വാക മരത്തിലെ
ചുവന്ന പൂവായി അവൻ പുഞ്ചിരിച്ചു.
പറയാൻ ബാക്കി വച്ച പ്രണയത്തിന്റെ കിരണങ്ങൾ
പൂക്കൾക്കിടയിലൂടെ പ്രകാശിച്ചു കൊണ്ടേയിരുന്നു.



# ഒരു വസന്തകാലത്തിന്റെ സ്മരണയ്ക്ക്

നേഹ വത്സരാജ്
മൂന്നാം വർഷം ഇംഗ്ലീഷ്

ജീവിതം മടുത്ത സന്ദർഭങ്ങളിലൊക്കെയും ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ഘടകം ഉണ്ടാകും.അത് ചിലപ്പോൾ പ്രകൃതി ആവാം, മനുഷ്യരാവാം, മിണ്ടാപ്രാണികളാകാം. അവൾക്ക് അവൻ ആയിരുന്നു അത്. വസന്തകാലത്തിന്റെവാതിലുകൾ അവൾക്കു മുൻപിൽ കൊട്ടിയടക്കപ്പെട്ടപ്പോൾ അവൻ ഒരു വസന്തം ആയി മാറി. നിരാശയിൽ നിന്നും അപരിചിതത്വത്തിൽ നിന്നും അവളെ പ്രതീക്ഷയിലേക്കുയർത്തിയത് അവനും, അവൻ മുഷ്ടി ചുരുട്ടി തൊണ്ടപൊട്ടുമാറുച്ചതിൽ വിളിച്ച മുദ്രാവാക്യങ്ങളും ആയിരുന്നു. സൗഹൃദമോ പ്രണയമോ ആകാം. അതിനെ എന്ത് വിളിക്കുമെന്ന് അവൾക്കിന്നും അറിയില്ല. എന്നി രുന്നാലും ചുരുങ്ങിയ കാലത്തിനുള്ളിൽ അവൾക്കായി അവൻ ഓർമ്മകളുടെ ഒരു പൂക്കാലം തന്നെ സമ്മാനിച്ചിട്ടുണ്ട്.

ഒരു മനുഷ്യന് എങ്ങനെയാണ് ഇത്ര നിസ്വാർത്ഥമായി മറ്റുള്ളവർക്കായി ജീവിക്കാൻ സാധിക്കുക? അവൻ ഉയർത്തിപിടിക്കുന്ന മാനവമോചനത്തിന്റെആശയങ്ങൾ നെഞ്ചോട് ചേർത്ത് യാതൊരു ലാഭനഷ്ടക്കണക്കുകളും നോക്കാതെ മുന്നോട്ടേക്ക് സഞ്ചരിക്കാൻ ആകുന്നതെങ്ങനെ? അവൻ അവളെ നിരന്തരം അത്ഭുതപെടുത്തുകയാണ്. ജന്മങ്ങൾ എത്ര കഴിഞ്ഞാലും ആ വസന്തമങ്ങനെ അവളിൽ വേരൂന്നികൊണ്ടേയിരിക്കും.

# NATIONAL SERVICE SCHEME ANNUAL REPORT 2024-2025

## UNITS 28 & 29

This year has been a remarkable year for the NSS units of this college as they have accomplished considerable achievements and received accolades at the University level. The Units under the Kannur University-Kochousepp Chittilppily Foundation Housing scheme completed three Snehaveedu projects (2 at Irikkur Block Panchayath, and 1 at Muzhakkunnu Grama Panchayath) and handed over to the beneficiaries. The Units were given a Special Appreciation Award by the University for this achievement. Volunteer Secretary AthuldasK of III B.AEconomics received the award for the Best NSS volunteer of Kannur University. Athuldas also participated in the National Integration Camp at Bangalore University. The Units also received the JCI Award for the third Best NSS Units under Kannur University in 2024. The Units received the third Prize in the AIDS Awareness Flashmob Competition organised by the District AIDS Control Society. Two of our volunteers won the second place at the University level Face Painting Competition conducted as part of observing the World Wildlife Week. The volunteers of the Units actively took part in theWayanad Relief Work and provided supplies for the relief camps. The Units conducted several activities and awareness drives inside and outside the campus relating to "Swatchatha Hi Seva" project, "Malinya Muktha Nava Keralam" project, "Lahari Muktha Yuva Keralam" project, apart from Blood donation camp and Palliative care initiatives. The volunteers have also rendered their service to the "Tanmudra" UDID registration process for the differently-abled community.

# NCC REPORT

## 3 Coy 31 Kerala BN Kannur(2024-25)

PRNSS College Mattanur(3 Coy 31 Kerala BN NCC) Kannur has been actively engaged in various activities throughout the academic year 2024-25. Some of the notable events and initiatives include:-

**Training and Certification**

-Conducted regular training sessions for cadets,focusing on drill, arms training, and map reading.

- Organized rehersal traning courses,including the B-Certificate and C-Certificate exams.

**Community Service**

- Participated in a blood donation camp,collecting over 50 units of blood.

-Conducted a cleanliness drive in a local park, College campus,tree planting and promoting environmental conservation.

-Conducting Yoga Sessions for Cadets, Visiting Child home, Pre-indipendance rally and flag day celibrations.

**Competitions and Events**

-Participated in the Republic Day Parade, showcasing the battalion's drill and discipline.

**Other Initiatives**

- Conducted a disaster management workshop, Laid a helping hand to the suffering people of Wayanad due to landslide equipping cadets with essential skills.

- Organized a cultural event, showcasing the rich heritage and traditions of Kerala.

- Conducted One day trekking Camp at Aralam Wildlife Santuries.

These activities demonstrate the 31 Kerala Battalion NCC's commitment to developing the skills,character, and community spirit of its cadets.

# വാർഷിക റിപ്പോർട്ട് 2024-25

ഭാരത കേസരി ആരാദ്യനായ മന്നത്തു പദ്മനാഭന്റെ ദീർഘ വീക്ഷണത്തിന്റെ ഭാഗമായി കേരള വർമ പഴശ്ശി രാജാവിന്റെ നാമദേയത്തിൽ 1964 ൽ മട്ടന്നൂരിൽ സ്ഥാപിച്ച പഴശ്ശിരാജ എൻ.എസ്.എസ് കോളേജിന്റെ ഉന്നമനത്തിനായി പ്രാരംഭകാലഘട്ടം മുതൽ അഹോരാത്രം പ്രവർത്തിച്ചവരേയും, പിന്തുണ നല്കിയവരേയും, ഇപ്പോഴും അഹോരാത്രം പ്രവർത്തിക്കുന്നവരെയും നന്ദിയോടെ സ്മരിച്ചുകൊണ്ട് 2024-2025 അദ്ധ്യയന വർഷത്തെ കോളേജിന്റെ പ്രവർത്തന റിപ്പോർട്ട് ചുരുങ്ങിയ വാക്കുകളിൽ ഇവിടെ അവതരിപ്പിക്കുകയാണ്.

കഴിഞ്ഞ 60 വർഷത്തോളമായി വടക്കെ മലബാറിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് തല ഉയർത്തി നിൽക്കുന്ന ഈ കലാലയം ഉന്നതിയിലേക്ക് കുതിക്കുന്നതിന്റെ ഭാഗമായി നിരവധി നാഴിക കല്ലുകൾ താണ്ടുകളുണ്ടായി. നിലവിൽ 10 ബിരുദ കോഴ്സുകളും, രണ്ട് ബിരുദാനന്തര ബിരുദ കോഴ്സുകളും, ഒരു ഗവേഷണ കേന്ദ്രവും പ്രവർത്തിച്ചുവരുന്നു. 1178 വിദ്യാർത്ഥികളും, 61 അധ്യാപകരും, 17 അനധ്യാപകരും അടങ്ങുന്നതാണ് നമ്മുടെ ക്യാമ്പസ്. അക്കാദമിക വർഷത്തിന്റെ തുടക്കത്തിൽ ഡോ. എസ്.ഗോപാലകൃഷ്ണപ്പിള്ള ആയിരുന്നു പ്രിൻസിപ്പാളായി ഉണ്ടായിരുന്നത്. 5.8.2024 ന് അദ്ദേഹം കൊട്ടിയം എൻ.എസ്.എസ്. കോളേജിലേക്ക് സ്ഥലം മാറി പോയപ്പോൾ 6.8.2024 മുതൽ ഡോ. ആർ.കെ. ബിജു. പ്രിൻസിപ്പാൾ ഇൻ ചാർജ് ആയി ചുമതല ഏറ്റെടുത്തു.

ഈ അക്കാദമിക വർഷം അടിസ്ഥാന സൗകര്യ വികസനത്തിന് നമ്മുടെ മാനേജ്മെൻറ് 34,83,000/ രൂപ ചിലവഴിക്കുക ഉണ്ടായി. കൂടാതെ സഞ്ചിത നിക്ഷേപ തുകയിൽ നിന്നും 5,13,595 തുക ചിലവഴിച്ച് കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചു വരുന്നു. കെമസ്ട്രി, സുവോളജി വകുപ്പുകൾക്ക് ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുവാൻ 95,000/ രൂപയും ചിലവഴിച്ചു.

2023-24 വർഷത്തെ സർവകലാശാല വിജയം ആശംസിക്കത്തക്കതല്ല. ബിരുദ വിഷയങ്ങളിൽ ആർട്സ് വിഷയത്തിൽ 67.02%വും, സയൻസ് വിഷയങ്ങളിൽ 56.29%വും, കൊമേഴ്സിൽ 77.61%വും, പി.ജി. വിഷയങ്ങളിൽ 83.33 വുമാണ് വിജയം.

1.7.2024. മുതൽ നാലു വർഷ ബിരുദ പ്രോഗ്രാമുകൾക്കുള്ള ക്ലാസുകൾ സർവകലാശാല നിർദ്ദേശാനുസരണം ആരംഭിക്കുക ഉണ്ടായി. പുതിയ രീതിയുള്ള പ്രോഗ്രം ആയതു കൊണ്ടുതന്നെ പല ബുദ്ധിമുട്ടുകളും അനുഭവപ്പെട്ടു എങ്കിലും, എല്ലാവരുടെയും കൂട്ടായ ശ്രമത്തിന്റെ ഭാഗമായി കോളേജിനകത്തുവച്ചു തന്നെ സർവകലാശാല നിഷ്കർക്കുന്ന രീതിയിൽ മൂല്യനിർണയമടക്കം നടത്തി ഒന്നാം സെമസ്റ്റർ പൂർത്തികരിക്കുവാനും, അടുത്ത സെമസ്റ്ററിന്റെ അവസാന ഘട്ടത്തിലേക്ക് എത്തുവാനും സാധിച്ചു. ഇതിനു പിന്നിൽ പ്രവർത്തിച്ച മുഴുവൻ പേരേയും അഭിനന്ദിക്കുന്നു.

ഈ വർഷം ഒരധ്യാപിക പി.എച്ച്.ഡി നേടുകയും, 2 അധ്യാപകർ റിഫ്രഷർ കോഴ്സുകൾ ചെയ്യുകയും, 5 പേർ short ടേം കോഴ്സുകൾ ചെയ്യുകയും ചെയ്തു. അനധ്യാപകരിൽ ഓഫീസ് സൂപ്രണ്ട് അടക്കം 4 പേര് NSS കോളേജ് സെൻട്രൽ കമ്മറ്റിയും, KSHECയും സം

യുക്തമായി ആഗസ്ത് 30,31 തീയതികളിൽ സംഘടിപ്പിച്ച ദ്വിദിന വർക്ക്ഷോപ്പിൽ പങ്കെടുത്തു. കൂടാതെ 3.7.2024ന് FYUGP യുമായി ബന്ധപ്പെട്ട് സർവകലാശാല സംഘടിപ്പിച്ച ശില്പശാലയിലും 4 അനധ്യാപകർ പങ്കെടുത്തിരുന്നു.

കോളേജിലെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും, അക്കാദമിക പരിപാടികൾ സംഘടിപ്പിക്കുന്നതിലും, മികച്ച പിന്തുണയാണ് ശ്രീ. സുരേഷ് കുമാർ എ.കെ. വൈസ് പ്രസിഡണ്ടായും, ഡോ.പ്രസന്ന എം.കെ. സെക്രട്ടറിയായും ഉള്ള പി.ടി.എ നല്കികൊണ്ടിരുന്നത്. തുടർന്ന് 6.3.2025 ന് ചേർന്ന വാർഷിക ജനറൽ ബോഡിയോഗത്തിൽ ശ്രീ. ദിനേഷ് കുമാർ ഒ. കെ. വൈസ് പ്രസിഡണ്ടായും, ഡോ. രാഗി പുത്തൻ വീട്ടിൽ സെക്രട്ടറിയായും പുതിയ PTA ഭരണസമിതി നിലവിൽ വന്നു. കൂടാതെ മുഴുവൻ വകുപ്പുകളും ക്ലാസ് അടിസ്ഥാനത്തിൽ PTS മീറ്റിങ്ങും സംഘടിപ്പിച്ചിരുന്നു.

ഡോ. സുധീഷ് വി.ഡിയുടെ നേതൃത്വത്തിൽ IQAC യുടെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നു. ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച 3 ദിവസത്തെ ഓറിയന്റേഷൻ പ്രോഗ്രാം IQAC സംഘടിപ്പിച്ച പരിപാടികളിൽ ഒന്നു മാത്രമാണ്.

23 വിദ്യാർത്ഥികൾ നാഷണൽ സ്കോളർഷിപ്പിന് അർഹരായിട്ടുണ്ട്. കൂടാതെ രണ്ട് പേർക്ക് ഇൻസ്പെയർ സ്കോളർഷിപ്പും ലഭിച്ചു വരുന്നു.

ഈ കാലയളവിൽ വ്യക്തിഗത നേട്ടം കൈവരിച്ചവർ..

1. ഡോ. സുമിത നായർ. എൻ, നൃത്ത വിഭാഗത്തിൽ കേരള സാഹിത്യ അക്കാദമി അവാർഡ്, Behind the curtain Theatre group ഏർപ്പെടുത്തിയ ലാസ്യ മോഹിനി അവാർഡ്
2. ഡോ. ഷിനിമോൾ കെ.വി, കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെ അവാർഡ് ഓഫ് സീനിയർ ഫെലോഷിപ്പ്.
3. ഡോ. ലേഖ പി. 2024 ലെ രാംധാരി സിങ്ങ് ദിനകർ സാഹിത്യ സേവ സമ്മാൻ.
4. ഡോ. സുമിത് പി.വി. Best Alumni Cadet of the year അവാർഡ്.
5. ഡോ. ജസിക്ക സുധീർ കണ്ണൂർ സർവകലാശാല ഏർപ്പെടുത്തിയ സ്പെഷൽ NSS അപ്രീസിയേഷൻ അവാർഡ്
6. വിദ്യാർത്ഥികളായ ആര്യനന്ദ കെ. II DC കെമസ്ട്രി NCC യുടെ ഭാഗമായി ജനുവരി 26 ന് ന്യൂഡൽഹിയിൽ വച്ചു നടന്ന റിപ്പബ്ലിക്ക് ഡേ പരേഡിൽ പങ്കെടുത്തു.
7. അതുൽ ദാസ് കെ. III BA Economics സർവകലാശാല ഏർപ്പെടുത്തിയ Best NSS വാളണ്ടിയർ അവാർഡ്
8. അനഘ പി. III BA English സോഫ്റ്റ് ബോളിൽ ദേശീയ തലത്തിൽ ഗോൾഡ് മെഡൽ
9. ഏറ്റവും സന്തോഷമുളവാക്കുന്നത് ഒന്നാം വർഷ ചരിത്ര വിദ്യാർത്ഥിയായ വിജിൽ ടി.വി. 2025ലെ India Book of Records ൽ ഇടം നേടിയതിലാണ്.

കൂടാതെ ഹരിത കേരള മിഷൻ കോളേജിനെ അ ഗ്രേഡോടു കൂടി ഹരിത ക്യാമ്പസ് ആയി സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

കലാ കായിക മേഖലകളിലും നമ്മുടെ വിദ്യാർത്ഥികൾ മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. സർവകലാശാല കലോത്സവത്തിൽ കോളേജിന് 8ാംസ്ഥാനം നേടുവാൻ സാധിച്ചു. വിശദ വിവരങ്ങൾ കോളേജ് യൂണിയൻ പ്രവർത്തന റിപ്പോർട്ടിൽ പരാമർശിക്കും. കോളേജിനെ പ്രതിനിധീകരിച്ച് കലോത്സവത്തിൽ പങ്കെടുത്തവർക്കും, വിജയം കൈവരിച്ചവർക്കും, പിന്നിൽ പ്രവർത്തിച്ചവർക്കും പ്രത്യേകിച്ച് വിദ്യാർത്ഥികളായ യദുകൃഷ്ണൻ, ശിവനന്ദ ടി.കെ, രമ്യ എ എന്നിവർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

കായിക മേഖലയിൽ ഈ വർഷം 8 ചാമ്പ്യൻഷിപ്പുകൾ ലഭിക്കുക ഉണ്ടായി. സർവകലാശാല തലത്തിൽ

ആൺ കുട്ടികളുടെ സ്റ്റോഫറ്റ് ബോളിൽ ചാമ്പ്യനാവുകയും, പെൺകുട്ടികളുടെതിൽ 2ാം സ്ഥാനം നേടുകയും ഉണ്ടായി. വോളിബോളിൽ ജില്ലാ സീനിയർ, യൂത്ത് ചാമ്പ്യൻഷിപ്പുകളും, സർവകലാശാല തലത്തിൽ റണ്ണറപ്പു മായിരുന്നു. ഇൻറർ കോളേജിയറ്റ് സ്വിമ്മിങ്, കളരിപ്പയറ്റ് ആൺ വിഭാഗത്തിലും, പെൺ വിഭാഗത്തിലും ഉള്ള മത്സരങ്ങളിലും 3ാം സ്ഥാനവും നേടി. വോളിബോളിലെയും, സോഫ്റ്റ് ബോളിന്റെയും ടീം അംഗങ്ങളിൽ 90 ൽ അധികം പേരും സർവകലാശാല ടീമിൽ ഇടം നേടുക ഉണ്ടായി. അതുപോലെ തന്നെ സൗപർണിക രമേശ്, I Zoology സർവകലാശാല weight lifting, power lifting ചാമ്പ്യൻ ഷിപ്പുകൾ കരസ്ഥമാക്കി. ഹൃദിക്, I BA ഹിന്ദി Best Physique ചാമ്പ്യനുമായി. വിജയികൾക്ക് അഭിനന്ദനങ്ങൾ നേരുന്നു. കൂടാതെ 21.2.2025 ന് ആന്വൽ അത്തലറ്റിക്ക് മീറ്റും സംഘടിപ്പിച്ചു.

കെമസ്ട്രി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. റീനയുടെ നേതൃത്വത്തിൽ കരിയർ ഗൈഡൻസിന്റെ ഭാഗമായി internship പ്രോഗ്രാമുകൾ, വിവിധ വിഷയങ്ങളിൽ തൊഴിലധിഷ്ഠിത ക്ലാസുകൾ എന്നിവ സംഘടിപ്പിച്ചു. ഈ വർഷം മൂന്നാം വർഷ ബി.കൊം വിദ്യാർത്ഥികളായ അനുശ്രീ.വി, ജ്യോതിക പി.എസ്. എന്നിവർക്ക് പ്ലേസ്മെൻറ് ലഭിച്ചു.

NSS മികച്ച പ്രവർത്തനമാണ് ഈ വർഷം കാഴ്ചവച്ചത്. ഇരിക്കൂർ പഞ്ചായത്തിൽ 2 വീടും, മുഴക്കുന്ന് പഞ്ചായത്തിൽ ഒരു വീടും കൂടി മൂന്ന് സ്നേഹവീടുകൾ പണികഴിപ്പിച്ചു നല്കി. അടിയന്തര പ്രാധാന്യമുള്ള വിവിധ വിഷയങ്ങളിൽ ഫ്ളാഷ് മോബ് സംഘടിപ്പിക്കുക ഉണ്ടായി. കോളേജ് ഹരിത ക്യാമ്പസ് ആക്കി മാറ്റുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

എൻ.സി.സി യൂണിറ്റ് മികച്ച പ്രവർത്തനമാണ് ഈ വർഷം കാഴ്ചവെച്ചത്. എല്ലാ അദ്ധ്യയന വർഷവും നമ്മുടെ ഒരു വിദ്യാർത്ഥി എങ്കിലും RD ക്യാമ്പിൽ പങ്കെടുക്കാറുണ്ടായിരുന്നു. ഈ വർഷം ആര്യനന്ദയിലൂടെ അതു സാധിച്ചു. അചഛ, ഡോ. അനിൽ പി.വി മൂന്ന് മാസത്തെ NCC ട്രയിനിംഗ് പൂർത്തിയാക്കി ലെഫ്റ്റനന്റ് റാങ്ക് നേടി. തനതു വർഷം 12 പേർക്ക് A ഗ്രേഡോടെ സി സർട്ടിഫിക്കറ്റും, 15 പേർ A ഗ്രേഡോടെ B സർട്ടിഫിക്കറ്റും നേടി. കൂടാതെ 41 പേർ CATC ക്യാമ്പിലും, 3 പേർ ആർമി അറ്റാച്ച്മെന്റ് ക്യാമ്പിലും, ദേവിക നായർ എം. ആൾ ഇന്ത്യാ ട്രക്കിങ്ങ് ക്യാമ്പിലും പങ്കെടുത്തു.

മലയാളവിഭാഗം ഈ അദ്ധ്യയന വർഷം കേരളപിറവി ദിനവും, വായനാദിനവും ആഘോഷിച്ചു. കൂടാതെ രാമായണ മാസാചരണത്തിന്റെ ഭാഗമായി പ്രശ്നോത്തിരി മത്സരവും സംഘടിപ്പിച്ചു.

ഇംഗ്ലീഷ് വകുപ്പ് രണ്ട് ദിവസം നീണ്ടുനില്ക്കുന്ന എം.ടി.വാസുദേവൻ നായർ അനുസ്മരണ പരിപാടിയും, reading week, Basheer day എന്നിവയും സംഘടിപ്പിച്ചു. ആർട്സ്ക്ലബ്ബിന്റെ നേതൃത്വത്തിൽ പി.ജയചന്ദ്രൻ അനുസ്മരണവും സംഘടിപ്പിച്ചു.

ഹിന്ദി വിഭാഗം ചിത്രബസന്ത് എന്ന പേരിൽ സമീപ പ്രദേശങ്ങളിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി എക്സിബിഷൻ സംഘടിപ്പിച്ചു. കൂടാതെ പ്രേംചന്ദ് ജയന്തി, world translation day എന്നിവയും സംഘടിപ്പിച്ചു.

ചരിത്ര വിഭാഗം മട്ടന്നൂർ മുനിസിപ്പാലിറ്റിയുമായി ചേർന്ന് പഴശ്ശി അനുസ്മരണ പരിപാടി സംഘടിപ്പിച്ചു. Inter collegiate quiz competition, കേരളപിറവി ദിനാഘോഷം, ചരിത്ര എക്സിബിഷൻ, വടക്കെ മലബാറിലെ ഭക്ഷണങ്ങൾ ഉൾപ്പെടുത്തി Food Fest, അധ്യാപക ദിനാഘോഷം എന്നിവയും സംഘടിപ്പിച്ചു.

എക്കണോമിക്സ് വിഭാഗം തൊക്കിലങ്ങാടിയിലുള്ള വയോജന കേന്ദ്രം സന്ദർശിക്കുക ഉണ്ടായി. കൂടാതെ Research Methodology, Union Budget, Anti Ragging എന്നിവയെ കുറിച്ചുള്ള ക്ലാസുകളും സംഘടിപ്പിച്ചു.

കൊമേഴ്സ് വിഭാഗം ആറോളം വിഷയങ്ങളിൽ

ക്ലാസുകൾ സംഘടിപ്പിച്ചു. കൂടാതെ Industrial വിസിറ്റും നടത്തി.

ഫിസിക്സ് വിഭാഗം Enjoy Science Through Experiment എന്ന വിഷയത്തിൽ ഫിസിക്സ് എക്സിപിരിമെന്റുകളുടെ demonstration നടത്തി. ജനുവരി 24,25 തീയതികളിലായി വാനനിരീക്ഷണം നടത്തുക ഉണ്ടായി. നാഷണൽ space day സംഘടിപ്പിച്ചു. കൂടാതെ വിദ്യാർത്ഥികളായ അബിജിത്ത് പി.എസ്, സഞ്ജു എം., ധ്യാൻചന്ദ്രൻ പി., അമേയ എസ്.എസ്., അദ്വൈത്. കെ, ഐശ്വര്യ എ.പി. എന്നിവർ സർവകലാശാല തലത്തിൽ ഗവ: ബ്രണ്ണൻ കോളേജിലും, ഇരിട്ടി എം.ജി കോളേജിലും വച്ചു നടന്ന വിവിധ മത്സരങ്ങളിൽ മെഡൽ നേടി. ഈ വർഷം വകുപ്പിൽ നിന്നും അന്താരാഷ്ട്ര ജേർണലുകളിൽ 3 ഉം, സിമ്പോസിയങ്ങളിൽ 6 ഉം പേപ്പറുകൾ പ്രസിദ്ധീകരിച്ചു. അധ്യാപകന്റെ മാർഗനിർദ്ദേശത്തിൽ ഒരു ഗവേഷണ പ്രബന്ധം സർവകലാശാലയിൽ സമർപ്പിച്ചു.

കെമസ്ട്രി വകുപ്പ് sustainable development through Nanotechnolgy, Forensic Science തുടങ്ങിയ വിഷയങ്ങളിൽ സെമിനാറും, Fire and Rescue ഓപ്പറേഷനെ കുറിച്ച് demonstration ക്ലാസും സംഘടിപ്പിച്ചു.

മാത്തമാറ്റിക്സ് വിഭാഗം ഇരിട്ടി MG കോളേജുമായി സഹകരിച്ചുകൊണ്ട് MoU വിന്റെ ഭാഗമായി 30.1.25ന് ങ്ങഏ കോളേജിലും, 13.2.25ന് മട്ടന്നൂർ കോളേജിലും റീജയണൽ സെമിനാർ സംഘടിപ്പിച്ചു. കൂടാതെ research methodology യിൽ ഒരു സെമിനാറും വകുപ്പുതലങ്ങളിൽ വിവിധ മത്സരങ്ങളും നടത്തി. വകുപ്പിൽ നിന്നും അന്താരാഷ്ട്ര ജേർണലിൽ ഒരു പേപ്പർ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. I MSc വിദ്യാർത്ഥിയായ മേഘ വി.ആർ., നായർ സർവീസ് സൊസൈറ്റി ഏർപ്പെടുത്തിയ പെരുമ്പള്ളി നാരായണമാരാർ എൻഡോവ്മെൻറിനും അർഹ ആയി.

സുവോളജി വിഭാഗം nature ക്ലബ്ബുമായി സഹകരിച്ചു കൊണ്ട് സെമിനാറും, കവ്വായി ഐലന്റ് സന്ദർശിക്കുകയും ചെയ്തു.

ബോട്ടണി വകുപ്പ് വിവിധ വിഷയങ്ങളിൽ 4 സെമിനാറുകളും, 2 ശില്ലശാലകളും സംഘടിപ്പിച്ചു. കൂടാതെ ആറളം വൈൽഡ് ലൈഫ് സാന്യുട്ടറി, പൂക്കോട്ടും കാവ് എന്നിവിടങ്ങളിലേക്ക് ഫീൽഡ് വിസിറ്റും നടത്തി.

ഈ അക്കാദമിക വർഷം ഹെഡ് എക്കൗണ്ടൻറ് ശ്രീ. കെ.കെ. നാരായണൻ, ഓഫീസ് സൂപ്രണ്ട് ശ്രീ. ജയപ്രസാദ് വി.സി., സുവോളജി വിഭാഗം മേധാവി ഡോ. മഹേഷ് കുമാർ മഠത്തിൽ, ഇംഗ്ലീഷ് വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ.സി. പത്മനാഭൻ എന്നിവർ സർവ്വീസിൽ നിന്നും വിരമിക്കുകയാണ്. പരിചയസമ്പന്നത കൂടുന്നതോടെ ശേഖരിച്ചുവച്ച അറിവുകൾ സ്വന്തം അനുഭവം കൂടി ഉൾക്കൊള്ളിച്ചു കൊണ്ട് പ്രയോഗിക്കുവാൻ സാധിക്കും എന്നതിനുള്ള തെളിവാണ് 59ാം വയസിൽ ഇന്ത്യൻ വംശജകൂടിയായ സുനിതാ വില്യംസും, 62ാം വയസിൽ വീണ്ടും ബുച്ച് വിൽമോറും ബഹിരാകാശ യാത്ര നടത്തി തിരിച്ചെത്തിയിരിക്കുന്നത്. അതുപോലെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന നിങ്ങളുടെ കഴിവുകൾ ഇനിയും ഈ സമൂഹത്തിന് വേണ്ടി പ്രയോജനപ്പെടുത്തുവാൻ സാധിക്കട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു. അതുപോലെ തന്നെ പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന മൂന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കും, രണ്ടാം വർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും ജീവിത വിജയമുണ്ടാകട്ടെ എന്നും ആത്മാർത്ഥമായി ആശംസിക്കുന്നു.

ഈ അദ്ധ്യയന വർഷം കോളേജിന്റെ നടത്തിപ്പിൽ ഉണ്ടായിട്ടുള്ള ഉയർച്ചയ്ക്കും, താഴ്ചയ്ക്കും ഒപ്പം പരിഭവമില്ലാതെ കൂട്ടു നിന്ന എല്ലാ സഹപ്രവർത്തകർക്കും, വിദ്യാർത്ഥികൾക്കും നന്ദി....

# യൂണിയൻ റിപ്പോർട്ട് 2024-25

മധുരിക്കുന്ന ഓർമ്മകളും പ്രതിസന്ധികളും സമ്മാനിച്ച് ഒരു അധ്യായന വർഷം കൂടി പിന്നിടുന്നു. മട്ടന്നൂരിന്റെ ഹൃദയമാകുന്ന പഴശ്ശിരാജ എൻ എസ്എസ് കോളേജിന് ഇത് നേട്ടങ്ങളുടെ കലാലയ വർഷമാകുന്നു. അനീതിക്കെതിരെ ശബ്ദം ഉയർത്തുന്ന, വിദ്യാർത്ഥി പക്ഷത്ത് അടിയുറച്ച് നിലകൊള്ളുന്ന പ്രവർത്തനങ്ങളാണ് കോളേജ് യൂണിയൻ ഈ കാലയളവിൽ നടത്തിവരുന്നത്. നമ്മുടെ കലാലയത്തിലെ കലാകായിക സാംസ്കാരിക മുന്നേറ്റങ്ങൾക്കായി യൂണിയൻ നിരുപാധികം പ്രവർത്തിച്ചിട്ടുണ്ട്. കോളേജ് യൂണിയൻ എന്ന നിലയിൽ ഞങ്ങളിൽ അർപ്പിക്കപ്പെട്ട ചുമതലകൾ മികച്ച രീതിയിൽ നടപ്പിലാക്കാൻ ഞങ്ങളാൽ കഴിയും വിധം പ്രവർത്തിച്ചുവെന്ന ആത്മവിശ്വാസത്തോടെയും അഭിമാനത്തോടുകൂടിയും ഈ യൂണിയൻ പ്രവർത്തന റിപ്പോർട്ട് നിങ്ങൾക്കു മുന്നിൽ അവതരിപ്പിക്കുന്നു. ഈ കാലയളവിൽ ഞങ്ങളോട് സഹകരിച്ച എല്ലാ സുമനസ്സുകളോടുമുള്ള നന്ദിയും കടപ്പാടും ഹൃദയത്തിൻറെ ഭാഷയിൽ രേഖപ്പെടുത്തുന്നു.

### കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ്

ഈ വർഷത്തെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് സെപ്റ്റംബർ 11ന് നടന്നു. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി വളരെ വാശിയേറിയ മത്സരം കാഴ്ചവച്ച ഒരു തെരഞ്ഞെടുപ്പ് കാലമായിരുന്നു ഇത്. മുഴുവൻ 64 സീറ്റ് ആണെങ്കിലും 63 സീറ്റുകളിലേക്ക് മാത്രമേ മത്സരം ഉണ്ടായിട്ടുള്ളൂ. മത്സരം പാർലമെൻറ് അടിസ്ഥാനത്തിലായിരുന്നു. കേവല ഭൂരിപക്ഷം നേടിക്കൊണ്ട് ഞങ്ങളുടെ യൂണിയൻ അധികാരത്തിൽ വന്നു. താഴെപ്പറയുന്നവരെ യൂണിയൻ ഭാരവാഹികളായി തിരഞ്ഞെടുക്കുകയും ചെയ്തു.

ചെയർമാൻ: **വൈദേഹി.ബി**
വൈസ് ചെയർമാൻ:
**ഫാത്തിമത്തുൽ ഹിസാന**
**മുംതാസ് വി പി**
ജനറൽ സെക്രട്ടറി:
**സാനിയ. പി**
ജോയിൻ സെക്രട്ടറി:
**ജയനിമോൾ**
UUC : **അനന്യ എ**
: **നയനേന്ദു കെ.**
ഫൈൻ ആർട്സ് സെക്രട്ടറി:
**അക്ഷര മനോജ്**
സ്റ്റുഡന്റ് എഡിറ്റർ:
**ശ്രാവണ എസ്**
ജനറൽ ക്യാപ്റ്റൻ:
**അദ്വൈത് കെ**

**ക്ലാസ് പ്രതിനിധികൾ**
ഒന്നാം വർഷം:
**ആദിത്യ കനകരാജ്**
രണ്ടാം വർഷം:
**നിള എൻ ബി**
മൂന്നാം വർഷം: **വൃന്ദ**
പിജി : **അർജുൻ**

**അസോസിയേഷൻ സെക്രട്ടറിമാർ**
സുവോളജി : **ദേവനന്ദ പി**
കൊമേഴ്സ് :
**അർച്ചന ഹരിദാസൻ**
മാത്തമാറ്റിക്സ് :
**സഹല എംപി**
ഹിസ്റ്ററി : **നജീബ ജലീൽ**
ഹിന്ദി : **അനുഷ എംസി**
ഇക്കണോമിക്സ് :
**റിഫാ ഫാത്തിമ സി**
കെമിസ്ട്രി : **ഫാത്തിമ സി**
ഇംഗ്ലീഷ് : **നേഹ വത്സരാജ്**
ഫിസിക്സ് : **അനൈഖ**
പ്ലാന്റ് സയൻസ്: **ദിഷ്ന പി**

### സത്യപ്രതിജ്ഞ

2024-25 വർഷത്തെ യൂണിയൻ ഭാരവാഹികൾ സെപ്റ്റംബർ 27, 2024 നു സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഇൻചാർജ് ഡോ. ആർ കെ ബിജു സത്യവാചകം ചൊല്ലിക്കൊടുത്തു. വിദ്യാർഥികൾക്കിടയിലേക്ക് ഇറങ്ങിച്ചെന്നു കൊണ്ട് അവരുടെ അവകാശങ്ങളെ

സംരക്ഷിക്കുവാനും വിദ്യാർത്ഥികൾക്കുവേണ്ടി പ്രവർത്തിക്കുവാനും അവരുടെ സർഗാത്മകമായ കഴിവുകളെ പരിപോഷിപ്പിക്കുവാനും ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുമെന്ന ലക്ഷ്യത്തോടുകൂടി ഭാരവാഹികൾ അധികാരം ഏറ്റെടുത്തു.

### പ്രഥമ ജനറൽ ബോഡിയോഗം

യൂണിയൻ ചെയർപേഴ്സന്റെ അധ്യക്ഷതയിൽ ഒക്ടോബർ ഒന്നിന് ചേർന്ന ജനറൽബോഡി യോഗത്തിൽ യൂണിയൻ അഡ്വൈസർ ആയി ഡോ. ദീപ കെ , സ്റ്റാഫ് എഡിറ്റർ ആയി ഡോ.സജനീഷ് വി.പി, ഫൈൻ ആർട്സ് അഡ്വൈസർ ആയി ഡോ.സുമിത നായർ എന്നിവരെ തിരഞ്ഞെടുത്തു. എക്സിക്യൂട്ടീവ് മെമ്പർമാരായി ദേവനന്ദ പി, നിള എൻ ബി, നേഹ വത്സരാജ് എന്നിവരെയും തിരഞ്ഞെടുത്തു

### ഓറിയന്റേഷൻ പ്രോഗ്രാം

യൂണിയൻ ഭാരവാഹികൾക്ക് യൂണിയന്റെ ചുമതലകളെപ്പറ്റിയും അതിന്റെ നടത്തിപ്പിനെ കുറിച്ച് മനസ്സിലാക്കുന്നതിനും യൂണിയൻ ചെയർമാന്റെ അധ്യക്ഷതയിൽ ഒക്ടോബർ 10 ന് ഓറിയന്റേഷൻ പ്രോഗ്രാം നടത്തി. ഉദ്ഘാടനം പ്രിൻസിപ്പൽ ഇൻ ചാർജ് ഡോ. ആർ കെ ബിജു നിർവഹിച്ചു. ഇംഗ്ലീഷ് വിഭാഗം അസോ. പ്രൊഫസർ ഡോ. സി പത്മനാഭൻ ക്ലാസ് കൈകാര്യം ചെയ്തു.

### കോളേജ് യൂണിയൻ ഉദ്ഘാടനം

വളരെ മികച്ച രീതിയിൽ ആവേശോജ്വലമായി തന്നെ കോളേജ് യൂണിയൻ ഉദ്ഘാടനം നടത്താൻ സാധിച്ചു. ഒക്ടോബർ 30, 2024 ന് കേരള സ്റ്റേറ്റ് യൂത്ത് കമ്മീഷൻ ചെയർമാൻ ശ്രീ എം ഷാജർ യൂണിയൻ ഉദ്ഘാടനവും പ്രശസ്ത പിന്നണിഗായകൻ ശ്രീ അജയ് ഗോപാൽ ഫൈൻ ആർട്സ് ഉദ്ഘാടനവും നിർവഹിച്ചു. യൂണിയൻ ചെയർപേഴ്സന്റെ അധ്യക്ഷതയിൽ ചേർന്ന പരിപാടിയിൽ കോളേജ് പ്രിൻസിപ്പൽ ആമുഖ പ്രഭാഷണം നടത്തി. തുടർന്ന് ഇംഗ്ലീഷ് വിഭാഗം അസോ. പ്രൊഫസർ ഡോക്ടർ സി പത്മനാഭൻ, IQAC കോഡിനേറ്റർ ഡോ.സുധീഷ് വി ഡി എന്നിവർ ആശംസ അർപ്പിച്ച് സംസാരിച്ചു. ഒപ്പം ഫുട്ബോൾ തുടങ്ങിയ കായിക ഇനങ്ങളുടെ ജേഴ്സി പ്രകാശനവും നടത്തി. ജനറൽ സെക്രട്ടറി സാനിയ സ്വാഗതവും ഫൈൻ ആർട്സ് സെക്രട്ടറി അക്ഷര മനോജ് നന്ദിയും പറഞ്ഞു. ഉച്ചയ്ക്കുശേഷം മ്യൂസിക്കൽ പാർട്ടി നടത്തിക്കൊണ്ട് പരിപാടി അവസാനിപ്പിച്ചു.

### കോളേജ് യൂണിയൻ കലോത്സവം

വിദ്യാർത്ഥികളുടെ സർഗാത്മക കഴിവുകളെ പ്രോത്സാഹിപ്പിക്കുക എന്ന കർത്തവ്യ ബോധത്തോടെ നടത്തിയ കോളേജ് യൂണിയൻ കലോത്സവം യൂണിവേഴ്സിറ്റി കലോത്സവത്തിലെ മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് മികച്ചതായി തീർക്കാൻ സാധിച്ചു. ഗ്രൂപ്പുകളെ പുതുക്കിപ്പണിഞ്ഞ് പുതുതായ ടീമുകൾ ഡിസംബർ 16, 17, 18 തീയതികളിൽ ഓഫ് സ്റ്റേജ് മത്സരങ്ങളും ജനുവരി 16, 17 തീയതികളിൽ ഓൺസ്റ്റേജ് മത്സരങ്ങളും നടത്തി. ഓൺസ്റ്റേജ് മത്സരങ്ങളുടെ ഉദ്ഘാടനം മട്ടന്നൂർ നഗരസഭ വൈസ് ചെയർപേഴ്സൺ ഒ.പ്രീത നിർവഹിച്ചു. ചെയർമാൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രിൻസിപ്പൽ ഇൻ ചാർജ് ഡോ. ആർ കെ ബിജു ആമുഖഭാഷണം നടത്തി. ഇംഗ്ലീഷ് വിഭാഗം മേധാവി ഡോ. രാഖി രാഘവൻ, കെമിസ്ട്രി അസോ. പ്രൊഫസർ ഡോ. പ്രസന്ന എന്നിവർ ആശംസ അർപ്പിച്ച് സംസാരിച്ചു. ജനറൽ സെക്രട്ടറി സാനിയ സ്വാഗതവും ഫൈൻ ആർട്സ് സെക്രട്ടറി അക്ഷര മനോജ് നന്ദിയും പറഞ്ഞു.

### ക്രിസ്തുമസ് ആഘോഷം

ക്രിസ്തുമസ് ആഘോഷം മികച്ച രീതിയിൽ ഇത്തവണ 2024 ഡിസംബർ 20ന് നടത്താൻ സാധിച്ചു.ഡിപ്പാർട്ട്മെൻറ് തലത്തിൽ പുൽക്കൂട് നിർമ്മാണവും ട്രഷർഹണ്ടും പഞ്ചഗുസ്തി മത്സരവും നടത്തി. ഉച്ചയ്ക്കുശേഷം Let's dance എന്ന പരിപാടിയും സംഘടിപ്പിച്ചു.

### എൻഎസ്എസ് ക്യാമ്പ് സന്ദർശനം

ഇരിക്കൂർ ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് നടന്ന സപ്തദിന സഹവാസ ക്യാമ്പ് 25/12/2024ന് കോളേജ് യൂണിയൻ സന്ദർശിക്കുകയും മധുര വിതരണം നടത്തുകയും ചെയ്തു.

### ഫുട്ബോൾ ടൂർണ്ണമെൻറ്

2025 ഫെബ്രുവരി 11 ന് ആവേശോജ്വലമായി ഫുട്ബോൾ ടൂർണ്ണമെൻറ് മികച്ച പങ്കാളിത്തം ഉണ്ടായിരുന്നു. പ്രിൻസിപ്പൽ ഇൻ ചാർജ് ഡോ. ആർ കെ ബിജു ഉദ്ഘാടനം നിർവഹിച്ചു. 10 ഡിപ്പാർട്ട്മെന്റിൽ നിന്നും അഞ്ച് ടീമുകൾ ആയി ലീഗ് അടിസ്ഥാനത്തിൽ ആയിരുന്നു മത്സരം.

### വാലന്റൈൻസ് ഡേ

ഫെബ്രുവരി 14 വാലന്റൈൻസ് ഡേയുടെ ഭാഗമായി ലെറ്റർ ബോക്സ് സംഘടിപ്പിച്ചു. ഫിലിം ഫെസ്റ്റും ഫുഡ് ഫെസ്റ്റും ഉച്ചയ്ക്കുശേഷം വിദ്യാർഥികളുടെ മുട്ടിപ്പാട്ടും സംഘടിപ്പിച്ചു.

### Annual Athletic Meet

ഫെബ്രുവരി 21ന് യൂണിയനും ഡിപ്പാർട്ട്മെൻറ് ഓഫ് ഫിസിക്കൽ എജുക്കേഷനും ചേർന്ന് അത്‌ലറ്റിക് മീറ്റ് സംഘടിപ്പിച്ചു. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വളരെ വലിയ പങ്കാളിത്തത്തോടെ പരിപാടി വിജയിച്ചു. പ്രിൻസിപ്പൽ ഇൻചാർജ് ഡോ. കെ ബിജു ഉദ്ഘാടനം നിർവഹിച്ചു.

### യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവം

ഈ വർഷത്തെ യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവം ഫെബ്രുവരി 24 മുതൽ 28 വരെ ശ്രീനാരായണ കോളേജ് കണ്ണൂരിൽ വച്ച് നടന്നു യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള നൂറിലധികം കോളേജുകൾ പങ്കെടുത്ത കലാമാമാങ്കത്തിൽ നമ്മുടെ കോളേജ് ആദ്യ പത്തിൽ ഇടം നേടി. പരിമിതികൾക്കുള്ളിലും കലാകാരൻ മാർക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം ഏറ്റവും നന്നായി തന്നെ വിനിയോഗിക്കാൻ സാധിച്ചു. കലോത്സവം ഏറ്റവും വിജയകരമായി തീർക്കാൻ എല്ലാവിധ സഹായസഹകരണങ്ങളും നൽകിയ അഡ്വൈസർ ഡോ. ദീപ കെ, ഫൈൻ ആർട്സ് അഡ്വൈസർ ഡോ. സുമിതാ നായർ, മറ്റ് അധ്യാപകർ, ഇതിനുപിന്നിൽ കഠിനപ്രയത്നം നടത്തിയ വിദ്യാർത്ഥി സുഹൃത്തുക്കൾ എന്നിവർക്ക് കോളേജ് യൂണിയന്റെ നന്ദി രേഖപ്പെടുത്തുന്നു.


### ലഹരി വിരുദ്ധ റാലി

മാർച്ച് 12ന് കോളേജ് യൂണിയനും എൻഎസ്എസും സംയുക്തമായി ലഹരിവിരുദ്ധ റാലിയും ഫ്ളാഷ് മോബും സംഘടിപ്പിച്ചു.

### ഹോളി

മാർച്ച് 17ന് വൈകുന്നേരം ഹോളി ആഘോഷം സംഘടിപ്പിച്ചു.

അംഗങ്ങളുടെ കൂട്ടായ പ്രവർത്തനമാണ് ഒരു യൂണിയനെ മുന്നോട്ട് നയിക്കുന്നത്. ഈ കോളേജ് ഡേ യോട് കൂടി 2024 25 വർഷത്തെ കോളേജ് യൂണിയൻ പ്രവർത്തനങ്ങൾ അതിന്റെ അവസാന ഘട്ടത്തിൽ എത്തിയിരിക്കുകയാണ്




JANATHA
JANATHA
Icy Moon
ICE CREAM
Frutzzo
The finest quality of cream
Frutzzo
MINI CHOCO BAR
Frutzzo
PINEAPPLE BAR
Icy Moon
Icy Moon
CHOCOBAR
JANATHA
JANATHA
JANATHA
Icy Moon
Frutzzo
Icy Moon
CHIKKU ICECREAM
ICECREAM
MANGO ICECREAM

Best wishes

The ultimate solution
for all your travel needs




# ONLINE
# HOLIDAYS

SYED NAGAR, NR. JUMA MASJID, **TALIPARAMBA - 670141**

MOB: 9605207209,8590994990

*The ultimate solution for all your travel needs*

**Specialized professionals of students tour packages**

STUDENT PACKAGES | HONEYMOON PACKAGES
INTERNATIONAL | DOMESTIC PACKAGES
PILGRIMAGE PACKAGES


POPULAR
FURNITURE
Since 1999
ഫർണ്ണിച്ചർ വ്യാപാര രംഗത്ത്
26 വർഷത്തെ പാരമ്പര്യവുമായി
അതിശയിപ്പിക്കുന്ന വിലക്കുറവോടെ
പോപ്പുലർ ഫർണ്ണിച്ചർ
നാലാം മൈൽ, കതിരൂർ
PH: 9656 889 247
താഴെ കായലോട് മമ്പറം
PH: 9400 865 748
കൂരൻമുക്ക്, ഉളിയിൽ
PH: 9400 865 748, 9447 889 247
അഞ്ചരക്കണ്ടി
PH: 9747 121 192


GREEN
Planet
Hotel and Resort
We are Organizing :
MARRIAGE FUNCTION RECEPTION
BIRTHDAY PARTY
FAMILY GET TOGETHER
MEETING HALL
2 k.m. FROM KANNUR INTERNATIONAL AIRPORT
RESTAURANT
LUXURIOUS STAY
CONFERENCE HALL
VELLIYAMPARAMBA Mattannur, Kannur-Dist, Kerala
+91 9947 770011 | +91 984757 6900

ഒരു വർഷകാലം... കാർമേഘങ്ങളാൽ അനാവരണം ചെയ്യപ്പെട്ട ആകാശത്തിനു കീഴിൽ പുത്തൻ അറിവ് തേടി നാം ഈ കലാലയത്തിന്റെ പടികൾ കടന്നു. ഇരുട്ട് മൂടിയ ക്ലാസ്സ് മുറികളും, ഒരു കൂട്ടം അപരിചിതരും ഒന്നിച്ചു ചേർന്ന് പുതിയ ഒരു അധ്യായം ആരംഭിച്ചു. സമയത്തിന്റെ മുദ്ര പതിപ്പിച്ച് അവ ചലിച്ചു കൊണ്ടേയിരുന്നു. സൗഹൃദങ്ങൾ, പരീക്ഷകൾ, കലഹങ്ങൾ, പ്രണയങ്ങൾ അങ്ങനങ്ങനെ... അവസാനം വിടപറയലിന്റെ വിങ്ങലിൽ ആ അധ്യായതിന് തിരശീല വീഴും. ജീവിതമാകുന്ന ചക്രവ്യൂഹത്തിൽ അകപ്പെട്ട് മുന്നോട്ട് നീങ്ങുന്നതിനിടയിൽ ഒരിക്കലെങ്കിലും നാം കലാലയ ജീവിതത്തിലേക്ക് ഒരു തിരിച്ചു പോക്ക് ആഗ്രഹിക്കാതിരിക്കില്ല. ഇന്ന് നമ്മൾ മടക്കി വയ്ക്കുന്ന ഈ പേജുകൾ ഒരിക്കൽ നമ്മൾ അനുഭവിച്ചു മറന്ന ഓർമ്മകളെ വീണ്ടും വിളിച്ചുണർത്തും. വർഷകാല കുളിരിൽ തുടങ്ങി വേർപാടിന്റെ കണ്ണുനീരിലൂടെ ഹൃദയത്തെ സ്പർശിച്ച് അവ കടന്നുപോകും... നടന്നു പോയ വഴികൾ നോക്കി നിന്നവരോട് പറയുവാനുള്ളത് ഇത്രമാത്രം......

നന്ദി.....

കൂട്ടുകൂടിയവർക്കും.....

മാറി നടന്നവർക്കും.





നിങ്ങളുടെ സൗന്ദര്യത്തിന്
മാറ്റ് കൂട്ടാൻ
ബോട്ടിക്കും ബ്യൂട്ടി പാർലറും
ഒരു കുടക്കീഴിൽ
മട്ടന്നൂർ ലിങ്ക്സ് മാളിൽ
STITCHWELL
BOUTIQUE & BEAUTY PARLOUR
2nd Floor, Links Mall, Mattannur
8078 502 836 | 9447371836
യുനിഫോമുകൾക്ക് മാത്രമായി
വിശാലമായ ഒരു ഷോറൂം...
സ്കൂൾ, കോളജ് യൂനിഫോം, NCC, SCOUT, POLICE
MEDICAL, AIRPORT STAFF, DRESS CODE etc.,
യൂനിഫോമുകൾ
എന്തുമാകട്ടെ
ഇനി മറ്റൊരിടം
തേടേണ്ടതില്ല...
STITCHWELL
UNIFORMS | READYMADES & GARMENTS
2nd Floor, Links Mall, Mattannur
8078 502 836 | 9447371836
ബ്യൂട്ടിപാർലർ & സ്റ്റിച്ചിങ്
പ്രവർത്തന സമയം
രാവിലെ 10 മണി മുതൽ 7.30 വരെ
ഞായറാഴ്ച 10 മണി 6.30 വരെ

Be different....

